16. To reduce the total allotment of Rs. 3,00 for travelling allowance by Re. 1

Motion No. 17.

MR. K. P. KOCHUKORA THARAKAN : സർ, എക്സൈസ് കമ്മീഷണരുടെ സഞ്ചാരപ്പടിക്കായി വച്ചിട്ടുള്ള ൩൫൦൦ രൂപായിൽ ഒരു രൂപാ കുറയ്ക്കണമെന്നുള്ള ഒരു ഉപക്ഷേപം ഞാൻ ഹാജരാക്കുന്നു. ഇതിന്റെ ഉദ്ദേശം ഇപ്പോഴത്തെ എക്സൈസ് കമ്മീഷണർ നല്ല മനുഷ്യനും, സത്യവാനും, സൽസ്വഭാവിയും ആണെങ്കിലും എക്സൈസ് ഡിപ്പാർട്ടുമെന്റിലെ അഴിമതികളെ നിവൃത്തുന്നതിന് അദ്ദേഹത്തിന്റെ ഈ ഗുണങ്ങൾ പ്രയോജകീഭവിക്കുന്നില്ല. അദ്ദേഹത്തിന്റെ ശാന്തസ്വഭാവം കൊണ്ടു അദ്ദേഹം യാത്രചെയ്യുന്ന സന്ദർഭങ്ങളിൽ കീഴ് ഉദ്യോഗസ്ഥന്മാരുടെ അഴിമതികളെ കണ്ടുപിടിച്ച് ശിക്ഷിക്കുന്നതു് പലപ്പോഴും തൃപ്തികരമായി ഭവിക്കുന്നില്ല. അദ്ദേഹത്തിന്റെ ഒരു യാത്രയിൽ കാലടിക്കു സമീപംവച്ച് കാർ ചെളിയിൽ പുതയാൻ ഇടയായി. കലവും കയററി കൊണ്ടുവന്ന ഏതാനും കാളവണ്ടിക്കാർ കാറിനെ കയററിവിട്ടു. അദ്ദേഹം അവരോട് അവരുടെ കച്ചവടത്തിന്റെ ആദായത്തെപ്പററിയും മററും ചോദിച്ചു. മറുപടിയായി അവർ എക്സൈസുകാരുടെ കൈക്കൂലി കൊണ്ടുള്ള ഉപദ്രവത്തെപ്പററി പറയുകയും അതുകൊണ്ടു് അവരുടെ കച്ചവടത്തിൽ ലാഭമില്ലെന്ന് അദ്ദേഹത്തെ ധരിപ്പിക്കുകയും ചെയ്തു. അതായതു ചവുക്കകളിൽ എട്ടു് അണ വീതം കൊടുക്കേണ്ടിവരുന്നു. മേലാൽ ആർക്കും കൈക്കൂലികൊടുക്കേണ്ടാ എന്നു് അദ്ദേഹം അവരോടു പറഞ്ഞു. അവർ യാത്രയായി. കാലടി എക്സയിസ്സ് ചവുക്ക കഴിഞ്ഞു കാൽഫർലാംഗ് അകലത്തിൽ അവർ വണ്ടികൾ അഴിച്ചുവെച്ച് എക്സയിസ് സ്റ്റേഷനിലുണ്ടായിരുന്ന ഒരാൾ ഇറങ്ങിവന്നു് വണ്ടിക്കാരനെ പിടിച്ചുകൊണ്ടുപോയി തല്ലി. കൂടാതെ കൊച്ചിയിൽചെന്നു ഒന്നര ഉപ്പു വാങ്ങികൊണ്ടുവന്നു് അവരുടെ വണ്ടിയിൽ ഇട്ടു് കേസ്സ്

[Mr. K. P. Kochukora Tharakan]

ചാർജ്ജു ചെയ്യാൻ ശ്രമിച്ചു. അങ്കമാലി ഇൻസ്പെക്ടരുടെ അടുക്കൽ പറഞ്ഞയച്ച് അങ്കമാലി ഇൻസ്പെക്ടർക്ക് ഈ കഥ അറിയാമായിരുന്നു. കേസ് ചാർജ്ജു ചെയ്യാൻ അദ്ദേഹം സമ്മതിച്ചില്ല. ഈ വിവരം അറിഞ്ഞ് എക്സൈസുകാരെ കളിയാക്കിയതിനും ഏതാനുംപേരെ അവർ തല്ലുകയാണ് ചെയ്തത്. കൈക്കൂലിവാങ്ങിക്കുകയും അനീതികൾ പ്രവർത്തിക്കുകയും ചെയ്യുന്നവരെ അധിക്ഷേപിക്കുകയോ മറ്റോ ചെയ്താൽ അവരെ ഉപദ്രവിക്കുകയാണ് പതിവ്. കൂടാതെ അവിടെ അവർക്ക് റിസർവും ഉണ്ട്. എക്സൈസ് റിസർവുകാരുടെ ജോലി സിവിൽകേസ്, പോലീസ്കേസ്, ഫാറസ്റ്റ് കേസ്സ് കൊടുക്കൽവാങ്ങൽ ഏർപ്പാടുകൾ ഇവകളെപ്പറ്റി അന്വേഷിക്കുകയാണ്. മൂവാറ്റുപുഴ താലൂക്കിൽ പോത്താനിക്കാട്ട് ഉള്ള ഏതാനുംപേർ ഈയിടെ "ഇടിവണ്ടിക്കാർ" തല്ലുകയുണ്ടായി. നല്ല നിലയും വിലയുമുള്ളവരെ തല്ലുന്നതിൽ അവർക്ക് യാതൊരു മടിയും കാണുന്നില്ല. ഇപ്രകാരമുള്ളവരെ ഗവർമ്മെൻറിൽ നിന്നും വച്ചിരിക്കുന്നത് കുറ്റക്കാരെ തല്ലുന്നതാണെങ്കിൽ ഉദ്യോഗസ്ഥന്മാർ അനീതി കാണിച്ചാൽ അവർക്കുമുള്ള ശിക്ഷ തല്ലായിരുന്നാൽ നന്നായിരിക്കും. ഈ സംഗതികളിൽ എക്സൈസ് കമ്മീഷണരുടെ ശ്രദ്ധ പ്രത്യേകം പതിയണം. കൈക്കൂലി, കൊള്ള, അക്രമം ഇവ ചെയ്യുന്ന ഉദ്യോഗസ്ഥന്മാരെ മാതൃകാപരമായി ശിക്ഷിക്കാതിരുന്നാൽ ഉത്തര തിരുവിതാംകൂറിലെ ജനങ്ങൾക്ക് സമാധാനമായി ജീവിക്കാൻ സാദ്ധ്യമല്ല. എൻെറ നിയോജകമണ്ഡലം കൊച്ചി അതിർത്തിവരെയുണ്ട്. കൊച്ചിയിൽ നിന്നും പുകയില, ഉപ്പ്, ചാരായം മുതലായവ ഇപ്പോഴും കടത്തിക്കൊണ്ടുവരുന്നു. പണംകൊടുത്താൽ അവരോട് ചോദിക്കാൻ ആരുമില്ല. ഗവർമ്മെൻറിൽ നിന്നും വിശ്വസ്തന്മാരായ സി. ഐ. ഡി. ക്കാരെക്കൊണ്ട് അന്വേഷിപ്പിച്ചാൽ ഇവരുടെ അക്രമങ്ങൾ കാണാൻ കഴിയും. പോലീസും, എക്സൈസും അക്രമത്തിൻെറ ഇരട്ടപെറ്റ സന്താനങ്ങളാണ്. അവരെക്കൊണ്ട് അന്വേഷിപ്പിച്ചാൽ പോരാ. ഗവർമ്മെൻറിൽനിന്ന് വിശ്വസ്തന്മാരായ രണ്ട് അനുദ്യോഗസ്ഥ സി. ഐ. ഡി. യെകൊണ്ടു അന്വേഷിപ്പിച്ചാൽ അഴിമതികൾ വ്യക്തമായി കാണാൻ കഴിയും. എക്സൈസ് കമ്മീഷണരോ പോലീസു കമ്മീഷണരോ, അന്വേഷിച്ചു റിപ്പോർട്ടുചെയ്തതുകൊണ്ടു കാര്യമില്ല. സാധാരണയായി ഒരുദ്യോഗസ്ഥൻ മറ്റൊരുദ്യോഗസ്ഥനെ സഹായിക്കുകയാണ് പതിവ്. സഹപ്രവർത്തകന്മാരെ അനുകൂലിക്കുന്ന സ്വഭാവം സാധാരണയായി കണ്ടുവരുന്ന ഒന്നാണ്. ഗവർമ്മെൻറിന് ബോദ്ധ്യമുള്ള ആരെയെങ്കിലും അയച്ചു അന്വേഷിച്ച് കുറ്റക്കാരെന്നു തെളിഞ്ഞാൽ അവരെ മാതൃകാപരമായി ശിക്ഷിക്കണം.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*) : വേറെ ഏതെങ്കിലും താലൂക്കിൽ റിസർവുപോലീസുകാരെ വച്ചിട്ടുണ്ടോ ?

MR. K. P. KOCHUKORA THARAKAN : എക്സൈസ് റിസർവുകാരെപ്പററിയാണ് ഞാൻ പറഞ്ഞതു്.

MR. T. C. KESAVA PILLAI : എക്സൈസ് റിസർവ് അവിടെ വയ്ക്കേണ്ട ആവശ്യമെന്താണ്.

MR. K. P. KOCHUKORA THARAKAN : ബൗണ്ടറിയായതുകൊണ്ടാണ്. ഗവർണ്മെൻറു് നിയമം ലംഘിക്കുന്നവരെ ശിക്ഷിക്കണം. എന്നാൽ സാധുക്കളെ ഉപദ്രവിക്കുന്ന രീതി തുടർന്നുകൊണ്ടുപോകാൻ സാദ്ധ്യമല്ല. ഇതിൽ എക്സൈസ് കമ്മീഷണരുടെ ശ്രദ്ധ വേണ്ടവിധത്തിൽ പതിയണമെന്നും ഗവർണ്മെൻറു് അതിലേക്ക് വേണ്ട നിർദ്ദേശങ്ങൾ കൊടുക്കണമെന്നും സി. ഐ. ഡി. മുഖാന്തിരം അന്വേഷണം നടത്തി സാധുക്കളുടെ പൗരാവകാശത്തെ സംരക്ഷിക്കണമെന്നും ഉൽബോധിപ്പിച്ചുകൊള്ളുന്നു.

MR. T. C. KESAVA PILLAI: ആരുവാമൊഴി ചെങ്കോട്ട മുതലായ ബൗണ്ടറികളിൽ എക്സൈസ് റിസർവുകാരുണ്ടോ ?

MR. K. P. KOCHUKORA THARAKAN: ആരുവാമൊഴിയിലും മററും റിസർവിൻെറ ആവശ്യമില്ല. അവിടെ എക്സൈസ് ചവുക്കയുണ്ടു. ചവുക്കയുടെ രണ്ടു വശവും മതിൽകെട്ടുപോലെ ഈസ്റ്റേൻഗാട്ട് ആണ്. ജംബുലിങ്കം മുതലായ കള്ളന്മാർ അവിടെയും ഉണ്ടായിരുന്നു. എൻെറ മാന്യ സ്നേഹിതൻ വടക്കൻ തിരുവിതാംകൂർ സന്ദർശിച്ചിട്ടുണ്ടെങ്കിൽ ഇതു പറയുകയില്ലായിരുന്നു. അവിടെ ഒരു വള്ളത്തിൽ അക്കര ഇക്കര കടന്നാൽ മതിയാകും. റിസർവുകാർ ഉള്ളപ്പോൾ കള്ളപ്പുകയില കൊണ്ടുവരുന്നില്ലെന്നു ഞാൻ പറയുന്നില്ല. ഈ റിസർവുകാക്ക് ചക്രം കൊടുത്തു് കള്ളപ്പുകയില കടത്തിക്കൊണ്ടുവരുന്നുണ്ടു.

MR. N. NARAYANA KURUP : ഈ റിസർവു പോലീസുകാർ എക്സൈസുകാരോട്ട് ചേർന്ന് അനാവശ്യമായി സാധുജനങ്ങളെ ഉപദ്രവിക്കുന്നു എന്നുള്ള വിവരം കാണിച്ചു് ഇൻസ്പെക്ടർ ജനറലിനോട്ട് പരാതിപ്പെട്ടിട്ടുണ്ടോ ?

MR. K. P. KOCHUKORA THARAKAN : പോലീസുകാർ അല്ല, എക്സൈസ് റിസർവുകാരാണ്. എക്സൈസ് റിസർവ്കാരുടെ അഴിമതികളെപ്പററി ഇൻസ്പെക്ടർ ജനറലിനോട്ട് പരാതിപ്പെട്ടതുകൊണ്ടു് വിശേഷമില്ല.

MR. A. K. KUMARAN VAIDYAN: സർ, മി. കൊച്ചുകോരത്തരകൻ അവതരിപ്പിച്ചിട്ടുള്ള ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങുന്നു. വടക്കൻ തിരുവിതാംകൂറിൽ സാധാരണ ഞങ്ങളുടെ നാട്ടുഭാഷയിൽ പറയുകയാണെങ്കിൽ ഇടിവണ്ടി എന്നൊരു സത്വം ആവിർഭവിച്ചതോടുകൂടി ആ ഇടിവണ്ടിക്കാർ യാതൊരു കൃസലും കൂടാതെ വളരെ അന്യായങ്ങൾ പ്രവർത്തിക്കുന്നുണ്ട്: ഈ ഇടിവണ്ടി എന്നു പറയുന്നതു് എക്സൈസ് റിസർവുകാരെയാണു. പറവൂർ താലൂക്കിൽ ഇവരുടെ ഉപദ്രവം വളരെ കുറവാണ്. കിഴക്കൻ പ്രദേശങ്ങളിൽ ആളുകൾ കൂടുതൽ താമസമില്ല, എന്നാൽ പറവൂർ താലൂക്കിൽ ആളുകൾ തിങ്ങിപ്പാർക്കുന്നുണ്ട്. അതിനാൽ അവിടെ ബഹളമുണ്ടാക്കിയാൽ നാട്ടിലുള്ള ആളുകളും അല്പം ബഹളമുണ്ടാക്കാൻ മതിയാകും. കുന്നത്തുനാടു താലൂക്കിൽ പെട്ട നീതിശപുരം എന്ന സ്ഥലത്തു് ഒരു വീട്ടിൽ ഒരു പശുവിനെ വിലക്കുവാങ്ങിയതു സംബന്ധിച്ചുണ്ടായ ഒരു കേസിൽ പശുവാങ്ങിയവൻെറ വീട്ടിൽ അങ്കമാലി റയിഞ്ചു് ഇൻസ്പെക്ടർ നാലഞ്ചു് എക്സൈസ്കാരേയും രണ്ടു മൂന്നു കെ. ഡി. കളേയും കൂട്ടിക്കൊണ്ടു് കോഴിക്കൂട്ടിനകത്തു് പുകയില കൊണ്ടുവച്ചു് എടുക്കുകയും വീട്ടുകാരൻ ഇല്ലാതിരുന്നതിനാൽ അയാളുടെ ഭാര്യയെ അറസ്ററു ചെയ്തു് കാലടിവരെ കൊണ്ടുപോയി വിടുകയും ചെയ്തു. ആ കേസു ചാർജ്ജു ചെയ്തതു വേറൊരാളുടെ പേരിലായിരുന്നു. അയാളെ ശിക്ഷിക്കുകയും ചെയ്തു. ഇപ്രകാരമുള്ള അങ്കമാലി ഇൻസ്പെക്ടരുടേയും മററും അഴിമതികളെപ്പററി അവിടെയുള്ള മാന്യന്മാരായ ആഗമാനന്ദസ്വാമികൾ, പറയത്തു കുട്ടൻമേനോൻ, പുതോളിൽ ഇട്ടിയച്ചൻ മുതലായവരോടു ചോദിച്ചാൽ ഗവണ്മെൻറിനും എക്സൈസ് കമ്മീഷണർക്കും അറിയാവുന്നതാണ്. വേറൊരു സംഗതിക്കു് ഒരാളോടു് കൈക്കൂലി ആവശ്യപ്പെട്ടു. ഈ വിവരങ്ങൾ കാലടി ഇൻചാർജ്ജിനോടു ചോദിച്ചാലും അറിയാം. പൂർണ്ണവിവരങ്ങൾ സഭമുമ്പാകെ പ്രസ്താവിക്കുവാൻ നിവൃത്തിയില്ല. ഇതുകൾ അവിടത്തുകാർ പറഞ്ഞ അറിവുവച്ചാണ് ഞാൻ പറയുന്നതു. ഞാൻ നേരിട്ടുകണ്ടതല്ല.

PRESIDENT: Has the Excise Commissioner received any complaint in regard to this matter?

MR. P. G. NARAYANAN UNNITHAN: No, Sir. The matter has not been brought to the notice of the Commissioner.

MR. A. K. KUMARAN VAIDYAN : ഇന്നു കാലത്തു് ഇവിടെ വച്ചു് മേൽ പറഞ്ഞ സംഗതികൾക്കു് അനുഭവക്കാരായ രണ്ടുമൂന്നുപേർ ഈ വിവരങ്ങൾ എക്സൈസ് കമ്മീഷണരെ അറിക്കുന്നതിനായ അദ്ദേഹത്തിന്റെ വീട്ടിൽ പോകണമെന്നു എന്നോടു പറഞ്ഞു. ഞാൻ അവരോടുപറഞ്ഞതു്, അതുവേണ്ടാ ഇവിടെവന്നു് ദിവാൻജി അവർകളുടെ മുമ്പാകെ പ്രസ്താവിയ്ക്കാമെന്നാണു്. ഇതുപോലുള്ള അഴിമതികൾ അവിടെ ധാരാളം നടക്കുന്നുണ്ടു്. ഉത്തരതിരുവിതാംകൂറിലുള്ള സാധുക്കൾക്കു് വിശേഷിച്ചും കുന്നത്തുനാട്ടുകാൎക്കു ഈ ഇൻസ്പെക്ടർ അവിടെ ഇരിക്കുന്നതു് വളരെ ഉപദ്രവമാണു്. കള്ളുഷാപ്പു ഉടമസ്ഥന്മാരും ഇൻസ്പെക്ടരുടെ ഇഷ്ടം അനുസരിച്ചു് പ്രവൎത്തിച്ചില്ലെങ്കിൽ അദ്ദേഹം ഏതു കേസും ഉണ്ടാക്കാനും എന്തും പ്രവൎത്തിക്കാനും സന്നദ്ധനായിട്ടാണിരിക്കുന്നതു് എന്നാണറിയുന്നതു്.

MR. K. P. KOCHUKORA THARAKAN : ഈ ഇൻസ്പെക്ടരല്ലയോ മുൻപു റിസർവ്വുകാരെക്കൊണ്ടു് ഒരു ബഹളം ഉണ്ടാക്കിച്ചതു്?

MR. A. K. KUMARAN VAIDYAN : അതെ. ഇദ്ദേഹം സി. ഐ. ഡി. യിൽ ഇരിക്കുന്ന കാലത്തുപോലും എനിക്കു് അറിയാം. ഇദ്ദേഹം എന്റെ അടുത്ത നാട്ടുകാരനമാണു്. എന്റെ താമസസ്ഥലത്തിന്നടുത്തു അവിടെയുള്ള ഒരുപുകയിലഷാപ്പു പ്രമാണിയെ ഉപദ്രവിക്കാതിരിക്കുന്നതിനു ഇൻസ്പെക്ടൎക്കു ൫൦ രൂപാ കൈക്കൂലികൊടുത്തതായും അറിയാം. അതു് ഒരു ജന്മിയും ൧൦൦൦ രൂപാ യോളം കരം തീരുവയുള്ളവനമായ നെല്ലിപ്പള്ളി നാരായണപിള്ള വഴിയാണു്. ഇതു് ഇദ്ദേഹം സി. ഐ. ഡി. യിൽ ഇരിക്കുന്നകാലത്താണു്. ഇങ്ങനെയുള്ള അഴിമതികൾ തന്നെ എക്സൈസു കമ്മീഷണരേയോ, ഗവൺമെന്റിനേയോ അറിയിച്ചാലും അവൎക്കു വിഷമമില്ല. ഞാൻ ഇവിടെ ഈസംഗതികൾ പ്രസ്താവിക്കുന്നതുകൊണ്ടു് ഇപ്പോൾ എന്റെ വീട്ടിൽ തന്നെ എത്ര എക്സൈസ്കാർ കയറിയിട്ടുണ്ടെന്നു അറിയാൻ പാടില്ല. ഇതിനെ കുറിച്ചു് എന്റെ പേരിൽ ഈ ഇൻസ്പെക്ടർ പലകേസുകളും ഉണ്ടാക്കുവാൻ ശ്രമിക്കും എന്നും അറിയാം. അസിസ്റ്റന്റു് എക്സൈസ് കമ്മീഷണരോടു്, പരാതിപറഞ്ഞാൽ അദ്ദേഹം ഒന്നും അറിഞ്ഞില്ല. കമ്മീഷണൎക്കു എഴുതിയിട്ടുണ്ടു്, ഗവൺമെന്റിലേക്കും എഴുതി അയച്ചിട്ടുണ്ടു് എന്നൊക്കെയാണു് മറുപടി പറയുക.

MR. P. G. NARAYANAN UNNITHAN : ബഹുമാനപ്പെട്ട മെമ്പർ ഈ വിവരങ്ങൾ എന്നെങ്കിലും എന്നെ അറിയിച്ചിട്ടുണ്ടോ എന്നു ഞാൻ ചോദിച്ചുകൊള്ളട്ടെ.

MR. A. K. KUMARAN VAIDYAN: ഇക്കഴിഞ്ഞ മിഥുനമാസം ൧൬-ാംനു- ഞാൻ ഈ വിവരങ്ങൾ അറിയിക്കുന്നതിലേക്കായി ബഹുമാനപ്പെട്ട മെമ്പറെ കാണുവാൻ ചെന്നു. അപ്പോൾ അങ്കമാലി ഇൻസ്പെക്ടരുടെ ചാർച്ചക്കാരനായ ഒരാൾ അവിടെ ഇരിക്കുന്നതായി കണ്ടു. അതിനാൽ വിവരങ്ങൾ അറിയിക്കാതെ ഞാൻ മടങ്ങുകയാണ് ചെയ്തതു്. അതു കൊണ്ടു ബഹുമാനപ്പെട്ട കമ്മീഷണർ ആ ഇൻസ്പെക്ടരെ മാതൃകാ യോഗ്യമായ വിധത്തിൽ ശിക്ഷിക്കേണ്ടതാണ്. ഒന്നും ചെയ്തില്ലെങ്കിൽ അദ്ദേഹത്തെ അവിടെ നിന്നും മാററിക്കിട്ടിയാൽ മാത്രം മതി. ഇന്നത്തെ സത്യസന്ധനും ഊർജ്ജസ്വലനുമായ കമ്മീഷണർ അവർകൾ ഇക്കാര്യത്തിൽ ശ്രദ്ധിക്കാത്തതിൽ വളരെ മനസ്താപിക്കുന്നു. ഒരു ഉദാഹരണം ഞാൻ പറയാം. ഞാൻ ചില കാര്യങ്ങളെ സംബന്ധിച്ച് ലാൻറു റവന്യൂകമ്മീഷണർ ആയിരുന്ന രാമചന്ദ്രറാവു അവർകളുടെ മുമ്പാകെ രണ്ടു മൂന്നു ഹർജികൾ കൊടുത്തു. അതിനും യാതൊരു മറുപടിയും കിട്ടിയിട്ടില്ല. അസംബ്ലിയിൽ ചോദ്യംവന്നപ്പോൾ ഹർജികിട്ടിയില്ലെന്നു മറുപടി കിട്ടി. കൂടാതെ എക്സൈസ് സിൽബന്ധികൾ യുദ്ധഫണ്ടിലേക്കു പണംകൊടുത്തില്ലെങ്കിൽ നിന്നെ അങ്ങിനെ ചെയ്യും ഇങ്ങനെ ചെയ്യും എന്നു പറഞ്ഞു ജനങ്ങളെ ഉപദ്രവിക്കുന്നു. ഇതിനും എന്തെങ്കിലും പരിഹാരം വരുത്തിതരുവാൻ അപേക്ഷിക്കുന്നു. ഈ ഇൻസ്പെക്ടരുടെ ചില ചാർച്ചക്കാരായ വലിയ ഉദ്യോഗസ്ഥന്മാർ അധികാരസ്ഥാനങ്ങളെ പ്രാപിക്കുവാൻ ഇടയുള്ളതുമാകുന്നു എന്നും പ്രസ്താവിച്ചുകൊള്ളുന്നു.

PRESIDENT: Very strict instructions have been issued that officers should not engage themselves in canvassing for the sale of these tickets. Government have not encouraged these lotteries and they do not propose to encourage them.

MR. A. K. KUMARAN VAIDYAN: എക്സൈസ് ഡിപ്പാർട്ടുമെൻറിൽ നിന്നും ലാട്ടറി ടിക്കററു് അയച്ചുകൊടുത്തിട്ടുണ്ടു്. അതു വിൽക്കുന്നതിലേക്ക് വേണ്ടിയാണ് ജനങ്ങളെ ഉപദ്രവിക്കുന്നതു്. എനിക്കു വേറെ ഒന്നുകൂടി ദിവാൻജി അവർകളെ ധരിപ്പിക്കേണ്ടതായി വന്നിരിക്കുന്നു. ഒരു അധികാരപ്പെട്ട ഉദ്യോഗസ്ഥൻ—പേരു് ഞാനിപ്പോൾ പറയുന്നില്ല—ഞാനും രണ്ടു മൂന്നു പാതിരിമാരും കൂടി ഇരിക്കുന്ന അവസരത്തിൽ നിങ്ങൾ യുദ്ധഫണ്ടിനു് ൧൫൦ രൂപാകൊടുത്തില്ലെങ്കിൽ ഞാൻ നിങ്ങളുടെ പേരിൽ പുറംപോക്കു കേസ്സെടുക്കും എന്നു പറഞ്ഞു. ഇങ്ങനെയുള്ള അനീതികൾ മേലാൽ നടക്കാതിരിക്കത്തക്കവിധത്തിൽ ബഹുമാനപ്പെട്ട ഗവൺമെൻറു എക്സൈസ് കമ്മീഷണരും ശ്രദ്ധിക്കുകയും അങ്കമാലി

ഇൻസ്പെക്ടരുടെ അതിദയനീയമായ പെരുമാററങ്ങളെ കുറിച്ച വിചിന്തനം ചെയ്തു് അദ്ദേഹത്തെ അവിടെ നിന്നും മാററുകയെങ്കിലും ചെയ്യണമെന്നും ഞാൻ ഉൽബോധിപ്പിച്ചുകൊള്ളുന്നു.

MR. K. R. NARAYANAN : മി: കൊച്ചുകോരാത്തരകൻെറ ഉപക്ഷേപ്പത്തിൽ അടങ്ങിയിട്ടുള്ള തത്വത്തെ പിൻതാങ്ങുന്നു.

PRESIDEMT : I know the hon. member can speak louder than that.

MR. K. R. NARAYANAN : ഇപ്പോഴത്തെ എക്സൈസ് കമ്മീഷണർ ചാർജ് എടുത്തതിനു ശേഷം ഉത്തരതിരുവിതാംകൂറിൽ നടന്ന പല അഴിമതികളും അദ്ദേഹത്തിൻെറ ദൃഷ്ടിയിൽ കൊണ്ടുവരുവാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്. ഞാൻ വളരെ സന്തോഷത്തോടും കൃതാർത്ഥതയോടുംകൂടി പറയുന്നു. ഇതിനു മുൻപു് എക്സൈസ് കമ്മീഷണർ സാധിച്ചിട്ടില്ലാത്തമാതിരിയിൽ അദ്ദേഹം അഴിമതികളെ നിറുത്തികൊണ്ടുവരുന്നു എന്നു് മി. കൊച്ചുകോരാത്തരകൻ പറഞ്ഞതു് മി. ഉണ്ണിത്താൻ കീഴ്സിൽബന്തികളുടെ നേരെ ശാന്തനാണെന്നാണ്. എൻെറ അനുഭവം അതല്ല. ശാന്തനാണെന്നു് പറയുന്നതു് ശരിയല്ലെന്നു മാത്രമല്ലാ, കുററക്കാരായ കീഴ്സിൽബന്തികൾക്കു അദ്ദേഹം സംഹാരരുദ്രനെപ്പോലെ ഭയമുണ്ടാക്കുന്നു. ചില നിസ്സാരമായ കുററങ്ങൾ അദ്ദേഹത്തിൻെറ ദൃഷ്ടിയിൽ പെടുത്തുവാൻ ഞാൻ നോക്കി. അപ്പോഴെല്ലാം തീപ്പൊരി ചിതറുന്ന അദ്ദേഹത്തിൻെറ കണ്ണുകൾ കുററക്കാരുടെ മേൽ പതിക്കുന്നതു് എനിക്കു ദൃശ്യമായിട്ടുണ്ട്. ഞാനും ഇടിവണ്ടികളുടെ ഇടിയേററ ഒരു താലൂക്കുകാരനാണ്. എന്നാൽ ഇപ്പോൾ ഇടിവണ്ടികളുടെ ശബ്ദം വൈക്കത്തു വളരെ കുറഞ്ഞിട്ടുണ്ട്. ഇവിടെ എനിക്കു കേൾക്കാൻ ഇടയായി, കീഴ്സിൽബന്തികൾ അദ്ദേഹത്തെ ഭയപ്പെടാറില്ലെന്നു്. എൻെറ അനുഭവം വച്ചുകൊണ്ടു് ഞാൻ പറയുന്നു മി. ഉണ്ണിത്താൻ ചെല്ലണമാ, അദ്ദേഹത്തിൻെറ ഫോട്ടൊ ചെല്ലുന്നു എന്നുകേട്ടാൽ മതി അസിസ്റ്റൻറു് എക്സൈസ് കമ്മീഷണർ, ഇൻസ്പെക്ടർമാർ, പെററിയാഫീസർമാർ മുതലായവർ ആലിലപോലെ വിറയ്ക്കുമെന്നു്. എന്നാൽ അദ്ദേഹത്തിൻെറ ഭരണംകൊണ്ടു കീഴ്സിൽബന്തികളുടെ അഴിമതികൾ പരിപൂർണ്ണമായി നിർമാർജ്ജനം ചെയ്തിട്ടുണ്ടെന്നു ഞാൻ പറയുന്നില്ല. അഴിമതികൾ ഇപ്പോഴും നടക്കുന്നുണ്ടെന്നു ഞാനും സമ്മതിക്കുന്നു. വളരെ കുറവുണ്ടെന്നു സമ്മതിക്കാതെ യാതൊരു തരവുമില്ലാ. ഇതെല്ലാം അദ്ദേഹത്തിൻെറ ശ്രദ്ധയിൽകൊണ്ടുവന്നിട്ടു അദ്ദേഹം

[Mr. K. R. Narayanan.]

മിണ്ടാതിരിക്കുന്നുണ്ടോ, ഉദാസീനനായിരിക്കുന്നുണ്ടോ എന്നാണു ഞാൻ ചോദിക്കുന്നതു്. അല്ലാതെ അദ്ദേഹത്തെ കുററം പറവാൻ നമുക്കു തരമില്ല. കുററങ്ങളെ ചൂണ്ടിക്കാണിച്ചു് കുററങ്ങളുടെ ഗൗരവം മനസ്സിലാക്കി അദ്ദേഹത്തിൽനിന്നും പരിഹാരം നേടുവാൻ ആണു് നാം ശ്രമിക്കേണ്ടതു്. മി. കൊച്ചുകോരാത്തരകൻെറ ഉപക്ഷേപത്തിൻെറ തത്വത്തോടു യോജിക്കുകയും മി. ഉണ്ണിത്താൻ ഒരു മാതൃകാ എക്സൈസ് കമ്മീഷണർ എന്ന നിലയിൽ ഉയരുവാൻ ഇടയാകട്ടെ എന്നു് ആശംസിക്കയും ചെയ്യുന്നു. എവിടെയെങ്കിലും എന്തെങ്കിലും കുഴപ്പുമുണ്ടായാൽ ആ ഉദ്യോഗസ്ഥൻ ഏതു നിലയിൽ ഉള്ളവനാണെന്നു നോക്കാതെ ആരുടെ ചാർച്ചക്കാരനാണെന്നു നോക്കാതെ, അവൻെറ ഭാവി എന്തെന്നു നോക്കാതെ, മി. ഉണ്ണിത്താൻെറ ദണ്ഡഹസ്തങ്ങൾ അവരുടെ നേരെ പതിക്കണമെന്നു അപേക്ഷിക്കുകയും ചെയ്തുകൊള്ളുന്നു.

MR. K. NARAYANAPERUMAL NADAR : May I know whether the member is aware that Government in their review of the Administration Report of the Department for the year 1115 have stated that the detection of cases is very poor.

MR. K. R. NARAYANAN : Unfortunately I do not know.

MR. J. E. A. PEREIRA (*Commerce and Industry, South*) : Sir, I rise to oppose the motion. If Mr. Tharakan and Mr. Kumaran Vaidyan had confined their remarks with reference to the incidents pointed out by them, I would not have to say anything against it. But to say that there is a general lack of control and supervision over the subordinates is far from being true. As one who has to come in contact with the Department for almost 365 days of the year, I can testify to the first impression that was created in the minds of the subordinates on the appointment of Mr. Unnithan is one who does not brook least corruption. Mr. Unnithan is very kind hearted and may seem to be weak, but his sense of duty and sense of probity is such that he can take his firm stand against any number of people together. He is one who will not allow any sort of corruption in the Department. With these words, I oppose the motion.

MR. THARIATHU KUNJITHOMMEN : സർ, ഞാൻ ഈ ഉപക്ഷേപത്തെ ബലമായി പിൻതാങ്ങുന്നു. കമ്മീഷണർ അവർകൾ ജനങ്ങളുടെ ക്ഷേമവും ഗവൺമെൻറിൻെറ ആദായവും മുൻനിർത്തി ന്യായമായി ഭരിക്കണമെന്നുദ്ദേശമുള്ളാളാണെന്നുള്ളതിനു യാതൊരു സംശയവുമില്ല. യോഗ്യന്മാരായ ഡിപ്പാർട്ടുമെൻറദ്ധ്യക്ഷന്മാരിലൊരാളാണിദ്ദേഹമെന്നതിനു തർക്കമില്ല. ഇങ്ങനെയാണെങ്കിലും ഇദ്ദേഹത്തിനു ഡിപ്പാർട്ടുമെൻറു കാര്യങ്ങളിൽ പരിചയം കുറവാണു്. ഡിപ്പാർട്ടുമെൻറിൽ ഇപ്പോഴും വളരെ അഴിമതികൾ നടക്കുന്നു എന്നും മാന്യന്മാർക്കുപദ്രവും ഗവൺമെൻറിനു നഷ്ടവും സംഭവിക്കുന്നു എന്നും ഉള്ള വാസ്തവത്തെ ഇവിടെ ഞ'

ന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. ഓരോ സ്ഥലത്തും നടക്കുന്ന അഴിമതികൾ നിൎത്തൽ ചെയ്യുന്ന കാൎയ്യത്തിൽ അദ്ദേഹത്തിന്റെ കീഴിലുള്ള അസിസ്റ്റന്റു കമ്മീഷണറന്മാൎക്കാണു ഇടപെടുവാൻ അധികസൌകൎയ്യമുള്ളതു്. അവരിൽ മിക്കവരും അഴിമതിക്കാരാണ്. അവരുടെ കീഴിലുള്ളവരും അധികവും അവരെ അനുകരിക്കുന്നതിൽ അതിശങ്കിക്കാനില്ല. കീഴിലുള്ള ഒരാളുടെ ദോഷം മുകളിലുള്ള ഒരാൾക്കു കണ്ടുപിടിക്കാൻ വിഷമമില്ലെങ്കിലും അങ്ങിനെ കണ്ടുപിടിച്ചു നിൎമ്മൂലനം ചെയ്യുക അത്ര സാധാരണമല്ല. കൈക്കൂലി, അഴിമതി ഇതെല്ലാം തഴച്ചു വളൎന്നുകാണുന്നതധികവും ജാതിത്തണലിലാണ്. ഒരു ജാതിക്കാർ തന്നെ പല പടികളിലും വളരെ അധികമുള്ള ഡിപ്പാൎട്ടുമെന്റുകളിലാണ് കൈക്കൂലിയും അഴിമതിയും വളരെ കൂടുതലായിരിക്കുന്നതു്. അതിന് ഈ വകുപ്പുതന്നെ ഒരു പ്രത്യക്ഷ ഉദാഹരണമാണ്.

MR. KANNANTHODATHU JANARDANAN NAIR : ഏതുവൎഗ്ഗമേധാവിത്വമാണ് ഈ ഡിപ്പാൎട്ടുമെന്റിൽ ഉള്ളതു്.

MR. THARIATHU KUNJITHOMMEN : ഏതു വൎഗ്ഗമായാലും ഈ ദോഷം ഉണ്ടാകും. തിരുവിതാംകൂറുകാരായ സകല ജനങ്ങളും അവർ ഏതേതു സമുദായക്കാരായാലും തിരുവിതാംകൂറുകാരെന്ന ഏകവൎഗ്ഗക്കാരും തമ്മിൽ ആകൃതിയിലെന്നപോലെ സ്വഭാവത്തിലും, സാദൃശ്യമുള്ളവരുമാണ്. ഇവടത്തെ വലിയ ക്രിസ്ത്യൻ വിഭാഗങ്ങളായ ലത്തീൻ കത്തോലിക്കർ യൂറോപ്പിലെ ലത്തീൻ ജാതിക്കാരോ, സിറിയൻ കത്തോലിക്കർ സിറിയാക്കാരോ അല്ല. മതഭാഷയെ അടിസ്ഥാനപ്പെടുത്തി ഇങ്ങനെ പറയുന്നതേയുള്ളു. പ്രത്യക്ഷപ്രമാണം തന്നെ ഇതിന് തെളിവാണ്. സ്വസമുദായക്കാരോടു കൂടുതൽ പ്രതിപത്തി എല്ലാവൎക്കും ഏറക്കുറെകാണും. ഉദ്യോഗസ്ഥന്മാരും ഈ വിഷയത്തിൽ അധികം വ്യത്യസ്ഥരല്ല. ഷോൎട്ടു വേക്കൻസികളിലെ നിയമനപ്പട്ടികതന്നെ ഇതിനു തെളിവാണ്. ഞാൻ ഉൾപ്പെടുന്ന സമുദായക്കാർ തന്നെ ഇങ്ങനെ ഒരു വകുപ്പിൽ അധികമിരുന്നാലും ഈ ദോഷമുണ്ടാകും. ഒരു സമുദായക്കാരെത്തന്നെ ഒരു വകുപ്പിലും അധികം നിയമിക്കുന്ന സംപ്രദായം നില്ലതല്ല. ഈ സംപ്രദായം തുടൎന്നുപോകുന്നപക്ഷം അഴിമതികൾ കുറയുകയില്ല. താണശമ്പളക്കാരുടെ ശമ്പളക്കുറവും കൈക്കൂലിക്കു കാരണമാണ്. ൧൦-൦ ൧൧-൦ രൂപാ ശമ്പളമുള്ള ഒരു പ്യൂൺ എങ്ങനെ കൈക്കൂലിവാങ്ങാതെ കഴിച്ചുകൂട്ടും. ഈ സ്വല്പശമ്പളക്കാൎക്ക് അധികാരം വളരെയുണ്ട്. എം. എൽ. സി. മാരുടേയും, എം. എൽ. ഏ. മാരുടേയും കാറുകളെ തട

[Mr. Thariathu Kunjithommen]
ഞ്ഞു നിറുത്തി ബുദ്ധിമുട്ടിക്കാനും അവക്ക് കഴിയും. തീരുവസ്ഥല ങ്ങളിലും മററും വളരെനേരം നിറുത്തിപരിശോധിച്ചു ബുദ്ധിമുട്ടിക്കാം. ഒന്നും കൂടാതെ വേഗം വിടാനും ഇവക്ക് കഴിയും.

PRESIDENT : I doubt whether the honourable member will be amenable to that.

MR. THARIATHU KUNJITHOMMEN : ഈ വിധത്തിൽ സൗകര്യവും അസൗകര്യവും വരുത്തുവാനുള്ള അധികാരം ൨൦-ം ൨൫-ം രൂപാ ശമ്പളമുള്ള ഇവരിലാണ് ഇരിക്കുന്നത്. ൫൦൦൦-മോ൧൦൦൦൦-മോ രൂപാ വിലയുള്ള സാധനങ്ങളെ തീരുവ തീർപ്പിക്കാതെ രണ്ടു രൂപാ കൈക്കൂലി വാങ്ങി കടത്തി അയക്കുവാനും ഇവക്ക് കഴിയും: ഇവരുടെ എല്ലാപ്രവൃത്തികളിലും എപ്പോഴും സൂക്ഷിച്ചുകൊണ്ടിരുന്ന് ഇവരെനിയന്ത്രിക്കുവാൻ കമ്മീഷണർക്ക് തന്നെ സാദ്ധ്യമല്ല. അദ്ദേഹം ഒരു സാത്വിക സ്വഭാവിയാണ്. തന്നെപ്പോലെയാണ് മററുള്ളവരും എന്നാണ് അദ്ദേഹം വിചാരിക്കുന്നത്. ഈ വകുപ്പിൽ ഇരിക്കുന്ന അസിസ്റ്റൻറ് കമ്മീഷണറന്മാർ അക്രമങ്ങളേയും അനീതികളേയും പ്രോൽസാഹിപ്പിക്കാതെ കണ്ടുപിടിച്ച് ഒതുക്കാൻ ജാഗ്രതയുള്ളവരായിരിക്കണം. എന്നാൽ കീഴുള്ളവരും നേരെയാകും. ഇപ്പോഴും അക്രമങ്ങളും അനീതികളും വളരെ കലശലായി നടക്കുകയും ഗവണ്മെൻറിന് നഷ്ടവും മര്യാദക്കാക്ക് ബുദ്ധിമുട്ടും ഉണ്ടാകുന്നു. ഇതെല്ലാം നിറുത്തണമെന്ന് അദ്ദേഹത്തിനു വളരെ താല്പര്യമുണ്ട്.

MR. K. R. NARAYANAN : അദ്ദേഹം ചാർജ്ജെടുത്തതിനു ശേഷം ഒന്നു രണ്ടു ഇൻസ്പെക്ടറന്മാരേയും, പെററിയാഫീസറന്മാരേയും മററും ശിക്ഷിച്ചതായിട്ടു മെമ്പർക്ക് അറിയാമോ?

MR. THARIATHU KUNJITHOMMEN : എനിക്കറിഞ്ഞുകൂടാ. അങ്ങനെ ഉണ്ടായിരിക്കാം. അസിസ്റ്റൻറു കമ്മീഷണർ മുതലായ കീഴുദ്യോഗസ്ഥന്മാരാണ് ഈ മാതിരി അഴിമതികളം നിറുത്തുവാൻ യത്നിക്കേണ്ടതെന്ന് പറഞ്ഞുവല്ലോ. അവരിൽ പലരും സ്വന്തവരുമാനമാണ് നോക്കുന്നത്. ഇവരുടെ ആനുകൂല്യമില്ലാതെ മുതലെടുപ്പ് വർദ്ധിപ്പിക്കുവാൻ സാധിക്കുകയില്ല. എന്നും ഇവരെ പിണക്കിയാൽ ഡിപ്പാർട്ടുമെൻറു വരുമാനം കുറഞ്ഞുപോകുമെന്നു വന്നാൽ അവരെക്കൂടെ യോജിപ്പിച്ചും അവരുടെ ഇഷ്ടത്തെക്കൂടി ലാക്കാക്കിയും ഡിപ്പാർട്ടുമെൻറു ഭരണം നടത്തുവാൻ നിർബന്ധിതനായിതീരും. കാലംകൊണ്ട് ഈ വകുപ്പിലെ കാര്യങ്ങൾ കൂടുതൽ മനസ്സിലാകുന്നതിനു മുമ്പ് വളരെ നിയന്ത്രിക്കുവാൻ തുടങ്ങുകയാണെങ്കിൽ അദ്ദേഹത്തെ അവർ അബദ്ധക്കാരനാക്കിയേക്കുമെന്ന് സം

ശയിക്കുന്നപോലെ തോന്നുന്നു. ഫ ഫ അസിസ്റ്റൻറു കമ്മിഷണറന്മാർ ഉള്ളതിൽ ന്യായസ്ഥരെത്രപേരുണ്ടെന്നു അറിയാഞ്ഞിട്ടായിരിക്കുമൊ അവരിൽ അന്യായക്കാരെ ശിക്ഷിക്കാത്തതു്.

MR. P. KUNJUKRISHNAN : എക്സൈസ് കമ്മീഷണരുടെ അഭിപ്രായം ഇപ്രകാരമാണെന്നു മെമ്പർക്കു എങ്ങനെ അറിയാം.

MR. THARIATHU KUNJITHOMMEN; പരിതഃസ്ഥിതികൾകൊണ്ടു് ഞാൻ ഇങ്ങനെ വിചാരിക്കുവാൻ ന്യായം നിർബന്ധിക്കുന്നു. വിശദവിവരങ്ങൾ ഈ വകുപ്പിലെ കൺട്രാക്ടറന്മാർ മുതലായ ഇതിനോടു അടുത്തു പരിചയിച്ചവർക്കേ അറിയാവൂ. മറേറതു വകുപ്പിലേയും അഴിമതിയേക്കാൾ എക്സൈസ്, ഫാറസ്റ്റ്, മുതലായ സാമ്പത്തികവകുപ്പുകളിലെ അഴിമതികൾകൊണ്ടാണ് ഗവണ്മെൻറിന് അധികം നഷ്ടമുണ്ടാകുന്നതു. ആ നഷ്ടങ്ങളാണ് ചില അസിസ്റ്റൻറു കമ്മീഷണറന്മാരുടേയും മററും ലാഭങ്ങളായി കാണുന്നതു്. സാമ്പത്തികവകുപ്പുകളിലേ കൈക്കൂലി ഗവണ്മെൻറിൻെറ വരവിനെ സാരമായി സ്പർശിക്കുന്നതുകൊണ്ടു് ഗവണ്മെൻറു പ്രത്യേകം അതിനെ ഗൗനിക്കേണ്ടതാണ്. മാന്യപൌരന്മാർക്കു അപമാനവും ബുദ്ധിമുട്ടും വരാതെയും സൂക്ഷിക്കണം. പൌരന്മാരുടെ അഭിമാനത്തെ രക്ഷിക്കുന്ന കൃത്യത്തിൽ ശ്രദ്ധയുള്ളവരായിരിക്കുവാൻ പ്രത്യേകം ഏർപ്പാടുചെയ്യണം പോലീസു അദ്ധ്യക്ഷനായ ഇൻസ്പെക്ടർ ജനറൽ ഈയിടെ പോലീസിലേ കീഴ്ഉദ്യോഗസ്ഥന്മാർക്കു പൌരന്മാരോട് വളരെ മര്യാദയായി പെരുമാറണമെന്നും കൃത്യനിഷ്ടയുള്ളവരായിരിക്കണമെന്നും കാണിച്ചു ഒരോർഡർ കൊടുത്തതായി പത്രങ്ങളിൽ കണ്ടു. എക്സൈസ്, ഫാറസ്ററു, ഈ വകുപ്പുകളുടെ അദ്ധ്യക്ഷന്മാരും ഈ വിധം ഒരോർഡർ കൊടുക്കേണ്ടതാണു. എന്തെന്നാൽ ഈ വകുപ്പുകളിൽ പലരും ജനങ്ങളോടു തീരെ മര്യാദയില്ലാതെ പെരുമാറിക്കൊണ്ടിരിക്കുന്നു എന്നതു പ്രസിദ്ധമാണു. എന്നാൽ അദ്ധ്യക്ഷന്മാർ വളരെ മര്യാദയുള്ളവരുമാണ്.

MR. PULIYOOR T. P. VELAYUDHAN PILLAI: ഗവണ്മെൻറിൽ നിന്നും എല്ലാഡിപ്പാർട്ടുമെൻറുകളേയും സംബന്ധിക്കുന്ന നിലയിൽ ഇങ്ങനെ ഒരോഡർ ഇഷ്യൂ ചെയ്താൽ മെമ്പർ തൃപ്തിപ്പെടുമോ?

MR. THARIATHU KUNJITHOMMEN ; പോലീസ്, എക്സൈസ് ഫാറസ്റ്റ്, ലാൻഡ് റവന്യൂ മുതലായ ചില വകുപ്പുകാരാണ് പൊതുജനങ്ങളോടു സാധാരണ അധികാരം പ്രയോഗിച്ച് ഇടപെടുന്നതു്. അവരുടെ മര്യാ

[Mr. Thariathu Kunjithommen]

ക്കേടാണ് സാമാന്യജനങ്ങൾക്ക അധികം അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നതു്. എല്ലാ വകുപ്പുകാൎക്കും ആഡർ കൊടുക്കുന്നതു് അധികം നല്ലതാണ്.

PRESIDENT. The House will now adjourn and meet again at 2 P. M.

(The Assembly adjourned for lunch at 1 P. M. and re- assembled at 2 P. M.)

Mr. Thariathu Kunjithommen. was not present when the House reassembled).

PRESIDENT : The honourable member who was on his legs when the meeting adjourned must have been in his seat when the Assembly re-assembled.

MR. KANNANTHODATH JANARDANAN NAIR : Sir, it has never been my precedent to speak in support of any officer of the State irrespective of whether he deserves it or not. But in this case I have to make a departure from that precedent for reasons more than one. The corruption prevailing in this department had been a matter for serious and sivere complaint in this house for a decade past. The charge of corruption has been directed even on the commissioners who were in charge of the department before. For the corruption prevailing in the Excise Department the present incumbent is not responsible. It is said here, Sir, that the present incumbent is too lenient an officer for the post of an Excise Commissioner. He may be smiling at his subordinates, he may not be rough in his behaviour towards them, and he may not be arrogant towards them. But one thing I can vouchsafe for is thathe is very strong in pen, more strong in action when instances of corruption were brought to his notice. Has he ever treated lightly any charge of corruption proved. On the other hand he is more strong than is necessary. I shall with the permission of the house relate an instance without mentioning names. An honourable member of this house pointed out to the Commissioner that one of the Assistant Excise Commissioners was corrupt. The charge was proved and the result was that he had to retire before the formal termination of his service. So whether it was the Assistant Excise Commissioner or a peon of the Department, the present Commissioner would be equally strong in his action towards the delinquent.

Another point, Sir, which I wish to make clear is this. References were made in this House about the communal aspect of the question of corruption. I am really sorry to find it to proceed to that extent. Sir, I can understand the policy of communal representation accepted in the Public Service. Although I am one who is not a supporter of communal principles, for the sake of policy, I have never uttered anything by way of criticism of the present arrangement of communal representation in the Public Service. Sir, I can, if necessary, concede the arguments extended for territorial representation, I will concede also Mr. Kunjithommen's advocacy of the distribution of land on communal-war basis; but the honourable member's allegation that the Excise Department is corrupt because it is predominated by a community is something unbearable. One is born in a community by way of accident. One particular officer need not be corrupt because he is

born in a certain community. There are corrupt honest and conscientious officers in every community. Any officer belonging to any community can be corrupt if he is so inclined by temperament. It depends upon his individual outlook, upon the responsiveness of his conscience and to his individual needs. In this connection, I may tell Mr. Kunjithomman that the majority of the Excise Inspectors and Contractors in the department are Christians. But, Sir, I do not want to talk ill of any community. Taking a communal bias in the matter of corruption is very very unbearable, is carrying the insinuation too far.

An attempt has been made to show that the crimes are on the increase since the present incumbent took charge. It was based on the reference made in the Administration Report of 1115 that the number of detections of crimes is on the decrease. Sir, the practice before the present incumbent took charge of the Department, was that every Inspector should record a certain number of detections if he is to be promoted. If he fails to do so he will be taken to task. So, 90 per cent. of the detected cases were cooked up ones. After cooking up a case an Inspector himself would remit the fine for the so-called offender.

MR. DOMINIC JOSEPH: May I know from the honourable member whether malpractices among the subordinates do not still persist ?

MR. KANNANTHODATHU JANARDHANAN NAIR . Yes, Sir. But the practice of cooking up cases for matter of promotion is being strictly discouraged. That is exactly the reason why the detected number of cases is on the decrease since he took charge. The present Commissioner's surprise inspections and severe punishments have by this time instilled a terror in the minds of the corrupt officers of the department in such a way that every moment they are all afraid of his eagle sweeping down upon them. May he be able to eradicate the evil bist by bit. With these words I oppose the motion.

MR. P. KUNJUKRISHNAN : I rise to support the motion for the principle underlying it. The object of the motion is to point out the necessity of better control over the subordinate officers. What is meant from this is, Sir, that a sort of better control over the subordinate officers is necessary and nothing more than that. But it is regrettable to find that another colour and tone were given to the motion by some of the members who spoke. It seems, a sort of attack was levelled against the head of the department. As one reads the motion one cannot understand how this colour can be given to it. The honourable mover of the motion himself might have only meant.. ......

PRESIDENT: Order, order. The honourable member Mr. Kunjithommen has just now arrived. I may tell him that it is incumbent upon every honourable member who is on his legs, out of deference to the House, to send word that he is not able to come at the proper hour, or be here in time when the debate recommenced. I am sorry that an experienced legislator like Mr. Kunjithommen has not done so.

MR. THARIATHU KUNJITHOMMEN: എന്റെ പ്രസംഗം അവസാനിച്ചു കഴിഞ്ഞിരുന്നു.

PRESIDENT: Well, Mr. Kunjukrishnan shall proceed.

MR. P. KUNJUKRISHNAN: Sir, my submission is that in the course of the discussion on the motion a different colour was given to it. Sir, I am not one of those who say that the present Commissioner has not got the necessary experience or ability to control his subordinates properly. It was also said in this House that he is kind hearted. Sir, I do not think that there is anything to prevent the head of a department from being kind to the subordinates or to the public. As a matter of fact what we require is an officer who can be kind and at the same time very strict and relentless when the question of duty comes up. And in the execution of one's duty one's kindness of heart should never stand in the way. So far as my knowledge about the present Commissioner goes, he has been very severe and very relentless in meting out justice. Now Sir, it was also suggested that he is partial to certain communities.

MR. KAINIKKARA M. PADMANABHA PILLAI: May I know who suggested that the present Commissioner is partial to a particular community?

MR. P. KUNJUKRISHNAN: Sir, it was suggested that since the members of a particular community predominated in the department, it was not possible to mete out justice in all cases.

MR. KAINIKKARA M. PADMANABHA PILLAI: May I know from the honourable member whether the present Excise Commissioner has any responsibility for the personnel of the department?

MR. P. KUNJUKRISHNAN: I was referring to the statement made by one honourable member that since the department has a large number of officers belonging to a particular community proper justice is not meted out in all cases. What I want to say in this connection is that even some honourable members of this House had to face illtreatment at the hands of the subordinates of this department. This is a matter which has to be seriously looked into. Also it was stated by the learned mover of the motion that illtreatment of ordinary people at the hands of the subordinates of the department is generally occurring in northern Travancore. I would submit, Sir, that a department like the Excise Department has possibilities for corruption and the subordinates of this department are prone to become corrupt more easily than subordinates of other departments. But it does not mean from that that they should be allowed to continue malpractices. I would submit that the present Excise Commissioner has been doing very satisfactory work in this direction and that, so far as I know, the number of punishments of subordinates of this department has been larger during the time of the present administration than in previous times. But I would conclude that everything is not well, that there is very much to be done in the field of corruption being removed and in the field of malpractices and harsh treatment meted out to citizens being removed. I would respectfully submit that in view of the fact that this is one of the major departments where the subordinate officers have to come in daily contact with innumerable persons and where because of that they are prone to malpractice and corruption, the Head of the department and the Government may very seriously consider the question of taking early measures for removing these malpractices completely.

MR. K. G. GOVINDAN : Sir, I oppose the motion before the House The honourable member who spoke last was at pains to make out that if this motion is carried, it would only mean that the House is giving the Excise Commissioner a suggestion that he may control his subordinates in a better manner. But, Sir, according to me, this motion is worded in such a way that it tantamounts to a censure motion upon the present Excise Commissioner. If that were the intention of the honourable mover of the motion, then there is nothing wrong in the wording. But, on the other hand, if the intention of the honourable mover is only to speak about the corruption that is certainly prevailing in the department, then I submit that the wording of the motion is unhappy.

As I said at the outset, Sir, I consider this as a censure motion and consequently I oppose it. It must be admitted, as I said, that there is a lot of corruption in the department. This department is notorious for corruption among subordinate officers and that practice of corruption prevailing in this department must be put a stop to. Any amount of speech denouncing corruption that is prevailing in the department would not be too much. But, the present Excise Commissioner, after he assumed charge of the department has done ever so many things to put a stop to the corruption that is prevailing in the department. Young and youthful as he is, he has in his own characteristic youthful manner tried, and I believe, succeeded in no small extent in putting down the corruption that is prevailing in the department. At page 70 of the Administration Report of the Excise Department is given the statistics of the punishments meted out to the subordinate officers by the present Excise Commissioner. One Inspector was suspended; a Sub-Inspector was dismissed; nearly 20 Petty Officers were suspended and promotion barred for two; and nearly forty peons were suspended. Fines and all kinds of punishment that have been meted out to the subordinates in the department are given in the statistics there. While on the one hand it shows that the present Excise Commissioner has been very energetic and very alert to find out the corruption that is prevailing in the department and to mete out the necessary punishments, on the other hand it shows the amount of corruption that is prevailing in the department.

As I said I interpret the motion before the House as a censure motion and so it is only necessary for me to speak something about the vigilance with which the Excise Commissioner has been discharging his duties and these statistics would be proof sufficient to show that he has been very vigilant. I therefore oppose the motion.

T. C. KESAVA PILLAI: സർ, എക്സൈസ് കമ്മീഷണർ അവർകൾ വളരെ ദയവുള്ള ആളാണെന്നും മററും നല്ല പദങ്ങൾ ഉപയോഗിച്ച് അദ്ദേഹത്തെ പ്രശംസിച്ചതിൽ ഈ സഭയിലെ മാന്യ മെമ്പറന്മാരെ ഞാൻ അഭിനന്ദിക്കുന്നു. അദ്ദേഹം ഒരു മനുഷ്യനെന്നുള്ള നിലയിൽ വളരെ ദയവുള്ളയാളാണെങ്കിലും എക്സൈസ് കമ്മീഷണരെന്നുള്ള നിലയിൽ അത്ര ദയവുള്ളയാളായിട്ട് എനിക്കു തോന്നുന്നില്ല. [illegible] [illegible]

[Mr. T. C Kesava Pillai.]

കമ്മിഷണറന്മാർ വളരെ സമത്ഥന്മാരായിരുന്നുവെന്നുവരികിലും അന്നുണ്ടായിരുന്നതിനെക്കാൾ കൂടുതൽ ശുഷ്കാന്തി ഇന്നത്തെ എക്സൈസ് വകുപ്പിലെ കീഴ്‌ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ കാണുന്നുണ്ടു. ഒരു കാറിന്റെ ശബ്ദം കേട്ടാൽ ഉടനെ അതു് എക്സൈസ് കമ്മിഷണരുടെ കാറിന്റെതാണെന്നു വിചാരിച്ചു ഉപ്പളങ്ങളിലെ ഗാർഡുകാർ തയ്യാറായി നിൽക്കുന്നതു എന്റെ അനുഭവത്തിൽ ഞാൻ കണ്ടിട്ടുണ്ടു. കമ്മിഷണരുടെ ഒരു സർപ്രൈസ് വിസിററു് സമയത്തു് അവിടെയുണ്ടായിരുന്ന ഉപ്പു മാററുന്നതിലും മററും എക്സൈസ് സിൽബന്ധികൾ വളരെ ബുദ്ധിമുട്ടിയിട്ടുണ്ടു്. എക്സൈസ് ഡിപ്പാർട്ടുമെൻറിലുള്ള പല കുഴപ്പങ്ങളെയും കണ്ടുപിടിച്ചു അവയ്ക്കു പരിഹാരമുണ്ടാക്കുന്ന വിഷയത്തിൽ ഇന്നത്തെ കമ്മിഷണർ ജാഗരൂകനായിരിക്കുന്നതിൽ ഞാൻ ഇദ്ദേഹത്തെ അനുമോദിക്കുന്നു.

എക്സൈസ് ഡിപ്പാർട്ടുമെൻറിൽ ചെത്തുപാട്ടം എന്നൊരു പതിവുണ്ടു. അതായതു് ഒരു ഷാപ്പുകാരനു ൫൦ തെങ്ങു ചെത്താൻ കൊടുത്താൽ ഷാപ്പുകാർ കീഴ്‌സിൽബന്ധികളുടെ അനുവാദത്തോടുകൂടി ൧൦൦ തെങ്ങു ചെത്തും. എന്നാൽ ഇപ്പോൾ എക്സൈസ് കമ്മീഷണരുടെ സർപ്രൈസ് വിസിററ്‌നിമിത്തം ഷാപ്പുകാരെ സഹായിക്കുന്നതിനു എക്സൈസ് ശിപായിമാക്കു സാധിക്കുന്നില്ല. ഗവണ്മെൻറിലേക്കു വരവുണ്ടാക്കുന്ന ഒരു ഡിപ്പാർട്ടുമെൻറിലെ മേധാവി, എക്സൈസ് വകുപ്പിൽ നടക്കുന്ന അഴിമതികളെ കണ്ടുപിടിച്ചു ശിക്ഷിക്കുന്നു എന്നുള്ള കാരണംകൊണ്ടു, കൊള്ളരുതാത്തവനാണെന്നു ഇവിടത്തെ ഗവൺമെന്റുദ്യോഗസ്ഥമെംബറന്മാരെല്ലാം പറഞ്ഞാലും അതിനു യാതൊരത്ഥവുമില്ല. കേവലം എന്തോ ചില പ്രത്യേക ഉദ്ദേശംകൊണ്ടു് അതിർത്തിദേശങ്ങളിൽനിന്നു വന്നിട്ടുള്ള ചില മെംബറന്മാർ പറഞ്ഞിട്ടുള്ള വാദങ്ങൾ ശരിയായിട്ടുള്ളതല്ല. അതിർത്തിദേശങ്ങളിൽകൂടി പുകയില കടത്തിക്കൊണ്ടുപോകുന്നതിനു അസംബ്ലി മെമ്പറന്മാരായിരുന്നാൽപോലും എക്സൈസ് ശിപായിമാർ കടത്തിവിടുകയില്ല. അതുകൊണ്ടുമാത്രം ഒരു ഡിപ്പാർട്ടുമെൻറു മേധാവിയെ ദുഷിക്കുന്നതു ശരിയല്ല. ആരുവാമൊഴി ചവുക്കയിൽ അടുത്തകാലത്തു ഇന്നത്തെ കമ്മീഷണർ പോയി പരിശോധിച്ചു് ഒരാളിനെ ഉടനടി ജോലിയിൽനിന്നും പിരിച്ചുവിട്ടതായി എനിക്കറിയാം.

എക്സൈസ് നയത്തെ സംബന്ധിച്ചിടത്തോളം ഒന്നുരണ്ടുപേർ ഇവിടെ സംസാരിക്കുകയുണ്ടായി. കൈക്കൂലി വാങ്ങിച്ചു എന്നുള്ള പരാതിയെപ്പററി പ്രത്യേകം ചൂണ്ടിക്കാണിക്കാതെ പറയുന്നതു ശരിയല്ല.

MR. D. C. JOSEPH (*Nominated*): Sir, it is an irony of fate that our Schools and Colleges have not produced proper men to make

our public service free from corruption. Officialdom is not in any way responsible for this state of affairs. I think there is no necessity for bringing this matter in an Assembly like this. Petty Officers are within the bounds of tipping and prone to malpractices. If such corrupt officers were brought to the notice of the head of the administration, certainly, I think he would have taken proper steps to put it down by meting out proper punishment. From what I have heard from the mover of the cut motion no such thing has been brought to the notice of the Excise Commissioner. What is the necessity for abusing or condemning an officer who is responsible to the whole State? Why should we hold him responsible for the mistakes committed by his subordinates? I know that if any complaint is brought to his notice he will take serious action without caring for any personality or office. The way in which he has dealt with the question of salt-theft, the way in which salt has been weighed and stored now even against the opposition of influential agencies, would show that he is zealously doing his work. If there are any undesirable elements in the department it is up to us to bring to the notice of the Head of the department and he is sure to take prompt action. With these words I strongly oppose the motion.

MR. PADIYARA JOSPH KUNJU : സർ, എന്റെ മാന്യസ്നേഹിതൻ മിസ്റ്റർ തരകൻ കൊണ്ടുവന്നിട്ടുള്ള ഉപക്ഷേപത്തെ ഞാൻ ഹൃദയപൂർവ്വം അനുകൂലിക്കുന്നു. അതിനെ എന്റെ മറ്റൊരു മാന്യസ്നേഹിതനായ മി: കുഞ്ഞിത്തൊമ്മനും അനുകൂലിക്കയുണ്ടായി. പ്രമേയത്തിന്റെ തത്വത്തെ അനുകൂലിക്കാമെന്നല്ലാതെ ആ തത്വത്തെ സാധൂകരിക്കുന്നതിനു വേണ്ടി അവർ കൊണ്ടുവന്നിട്ടുള്ള ന്യായത്തെ അനുകൂലിക്കാൻ എനിക്കു നിവൃത്തിയില്ലെന്ന് വ്യസനസമേതം പ്രസ്താവിക്കേണ്ടിയിരിക്കുന്നു.

പ്രമേയത്തെ അനുകൂലിക്കുന്ന മെസേഴ്സ് കൊച്ചുകോരത്തരകൻ, കുഞ്ഞിത്തൊമ്മൻ എന്നിവർപോലും ഇന്നത്തെ എക്സൈസ് കമ്മിഷണരെപ്പറ്റി യാതൊരു കുറ്റവും പറയുന്നില്ല. അദ്ദേഹം സത്യസന്ധനാണെന്നും, പരമയോഗ്യനാണെന്നും വർഗ്ഗീയചിന്തകൾക്ക് അതീതനാണെന്നും പ്രത്യക്ഷമായിട്ടല്ലെങ്കിലും പരോക്ഷമായിട്ടു അവർ സമ്മതിച്ചിരിക്കുന്നു.

MR. THARIAHU KUNJITHOMMAN: അതു് പ്രത്യക്ഷമായിത്തന്നെ പറഞ്ഞിട്ടുണ്ടു് എന്നു മെമ്പർക്കറിയാമോ?

MR. PADIYARA JOSEPH KUNJU: അറിയാം. എന്റെ മാന്യസ്നേഹിതൻ എതിർ പറഞ്ഞെങ്കിലോ എന്നു ശങ്കിച്ചിട്ടാണ് പരോക്ഷമായി എന്നു ഞാൻ പറഞ്ഞതു്.

സർ, ഇവരെല്ലാം ക്രിസ്ത്യാനികളാണ്. മി: ഡി. സി. ജോസഫും ക്രിസ്ത്യാനിയാണ്. ഞാനും ഒരു ക്രിസ്ത്യാനിയാണ്. മി. കെ. ആർ. നാരായണനും മി: പി. കുഞ്ഞുകൃഷ്ണനും ഈഴവരുമാണ്. വർഗ്ഗീയപ്രാതി

[Mr. Padiyara Joseph Kunju]

നിധ്യത്വത്തിനായി പരസ്യമായി വഴക്കു പറഞ്ഞുകൊണ്ടിരിക്കുന്ന ഇവരെല്ലാംതന്നെ നായർസമുദായത്തിൽപെട്ട ഒരു ഉദ്യോഗസ്ഥനെ ഇത്രയും പ്രശംസിക്കണമെങ്കിൽ ആ ഉദ്യോഗസ്ഥൻ എത്രത്തോളം യോഗ്യനാണെന്നുള്ളത് ഗവണ്മെന്റിനുതന്നെ ഊഹിക്കാവുന്നതാണ്. എന്റെ മാന്യസ്നേഹിതൻ മി. കുഞ്ഞിത്തൊമ്മൻ ഒരു സംഗതി പറയുകയുണ്ടായി. അതായത് ഒരു പ്രത്യേക സമുദായക്കാരെമാത്രം നിയമിച്ചിട്ടുള്ള ഒരുഡിപ്പാർട്ടുമെന്റിൽ കൈക്കൂലി സർവസാധാരണമായി ഉണ്ടാകുന്നു എന്ന്. വർഗ്ഗീയപ്രാതിനിധ്യ തത്വത്തിനുവേണ്ടി യഥാശക്തി എപ്പോഴും വാദിച്ചുകൊണ്ടിരിക്കുന്ന ഒരുവനാണ് ഞാൻ. എന്നാൽ അദ്ദേഹത്തിന്റെ ഈ അഭിപ്രായത്തോടുയോജിക്കാൻ എനിക്കു നിവൃത്തിയില്ല. എല്ലാ സമുദായത്തിലും വഷളന്മാരുണ്ടായിരിക്കും, മര്യാദക്കാരുമുണ്ടായിരിക്കും. ഒരു പ്രത്യേക സമുദായത്തിൽപെട്ടവരെമാത്രം നിയമിച്ചു എന്നുള്ളകാരണംകൊണ്ടു അവിടെ കൈക്കൂലി ഉണ്ടാകും എന്നു വിചാരിക്കാൻ ഇടയില്ല.

MR. THARIATHU KUNJITHOMMAN: ഏതെങ്കിലും ഒരു സമുദായം അധികമുള്ള ഒരു വകുപ്പിൽ കൈക്കൂലിക്ക് കൂടുതൽ സൗകര്യമുണ്ടാകും എന്നല്ലേ ഞാൻ പറഞ്ഞുള്ളു?

MR. PADIYARA JOSEPH KUNJU: ആയിരിക്കാം. കൈക്കൂലിയെപ്പററി ഞാൻ പറയുന്നില്ല. വർഗ്ഗീയപ്രാതിനിധ്യത്തെപ്പററിയാണു ഞാൻ ഇപ്പോൾ പറയുന്നത്.

MR KAINIKKARA M. PADMANABHA PILLAI: കൈക്കൂലിക്കും വർഗ്ഗീയപ്രാതിനിധ്യം വേണമെന്നാണോ മെംബർ പറയുന്നത്?

MR. PADIYARA JOSEPH KUNJU: വർഗ്ഗീയപ്രാതിനിധ്യം ഇല്ലായ്മകൊണ്ട് കൈക്കൂലി ഉണ്ടാകുമെന്ന് എനിക്കു അഭിപ്രായമില്ല.

MR. THARIATHU KUNJITHOMMAN: വിവിധ സമുദായങ്ങൾ ഒരുവകുപ്പിലുണ്ടായിരുന്നാൽ കൈക്കൂലി കുറയാൻ സൗകര്യമായിരിക്കും എന്നല്ലേ ഞാൻ പറഞ്ഞത്.

MR. PADIYARA JOSEPH KUNJU: വിവിധ സമുദായങ്ങളിൽനിന്നും വഷളന്മാരെമാത്രം തെരഞ്ഞെടുത്തുവച്ചാൽ കൈക്കൂലി വർദ്ധിക്കുകതന്നെ ചെയ്യും.

MR. THARIATHU KUMJITHOMMAN: അങ്ങിനെ നിയമിക്കണമെന്നു പറഞ്ഞിട്ടില്ലാ എന്നു മെംബർക്കറിയാമോ?

PRESIDENT: Mr. Thariathu Kunjithomman's ideas were very clearly expressed and I do not think anybody has mistaken them.

MR. PADIYARA JOSEPH KUNJU: സർ, മെംബർ എന്തെങ്കിലും അബദ്ധപ്രസ്താവനകൾ ചെയ്തു എന്നു ഞാൻ പ്രസ്താവിച്ചില്ല. എന്റെ പായിൻറ് ഇതാണ്. ഒരു പ്രത്യേക സമുദായക്കാരെ മാത്രമേ ഒരു ഡിപ്പാർട്ടുമെൻറിൽ കാണാനുള്ളു എന്നു വിചാരിച്ച് ആ ഡിപ്പാർട്ടുമെൻറു മുഴുവൻ കൈക്കൂലിയും കൊള്ളയും നിറഞ്ഞ ഒന്നാണെന്നു പറയരുതെന്നാണ്. എന്നാൽ അതേസമയംതന്നെ വർഗ്ഗീയപ്രാതിനിധ്യം പബ്ലിക്ക്സർവീസിൽ ആവശ്യമാണെന്ന് ഞാൻ പറയുകയും ചെയ്യുന്നു.

സർ, ഇന്നത്തെ എക്സൈസ് കമ്മിഷണരുടെ പേരിൽ കൊണ്ടുവന്നിട്ടുള്ള മറെറാരു ചാർജ് അദ്ദേഹത്തിനു ദയവു കൂടിപ്പോയി എന്നാണ്. ഇന്നത്തെ പബ്ളിക്ക്സർവീസിൽ ഉള്ള മററു പല വലിയ ഉദ്യോഗസ്ഥന്മാരിലും കാണാത്തതായ ഒരു ഗുണമാണ് ഇതു്. അതു് അദ്ദേഹത്തിനു ഒരു ഭൂഷണമാണെന്നു ഞാൻ വിശ്വസിക്കുന്നു. അദ്ദേഹം ഡിപ്പാർട്ടുമെൻറു മേധാവിയായി ചാർജ് എടുത്തതിനുശേഷം ഈ ഡിപ്പാർട്ടുമെൻറിൽ കൈക്കൂലി വളരെ കുറഞ്ഞിട്ടുണ്ട് എന്നുള്ള വസ്തുത അദ്ദേഹത്തിനു ശത്രുക്കൾ ഉണ്ടെങ്കിൽ അവർപോലും സമ്മതിക്കുന്ന ഒരു പരമാർത്ഥമാണ്. ദീർഘകാലമായി ഉണ്ടായിട്ടുള്ള ഒരു ദോഷത്തെ ക്ഷണനേരംകൊണ്ടു നിറുത്തുക എന്നുള്ളതു് മനുഷ്യസാദ്ധ്യമായ ഒന്നാണെന്നു ഞാൻ വിചാരിക്കുന്നില്ല. ഈ ഡിപ്പാർട്ടുമെൻറിൽ ഇപ്പോഴും കൈക്കൂലിയും അഴിമതികളും ഉണ്ടായിരിക്കാം. ഡിപ്പാർട്ടുമെൻറിൽ ഉള്ള കറപ്ഷനെപ്പററി എന്റെ അനുഭവത്തിൽപ്പെട്ടിട്ടുള്ള ഒരു ഉദാഹരണം ഞാൻ ഇവിടെ പറയാം. ഒരു സ്ഥലത്തു അവിടത്തെ അസിസ്റ്റൻറ് കമ്മിഷണർ ടി. ബി. യിൽ താമസിക്കാൻ വന്നു. ഇന്നത്തെ എക്സൈസ് കമ്മിഷണരുടെ കാലത്തല്ലാ ഈ സംഭവം നടന്നിട്ടുള്ളതെങ്കിലും അദ്ദേഹത്തിനു് അതിനെപ്പററി അറിയാം. ആ അസിസ്റ്റൻറ് എക്സൈസ് കമ്മിഷണർ തനിക്കു ഊണു ശട്ടംകെട്ടണമെന്ന് അവിടത്തെ ഇൻസ്പെക്ടരോട് ആവശ്യപ്പെട്ടു. ആ പരമസാധു ഈ ഉദ്യോഗസ്ഥനെ ഭയന്ന് ഊണു ചട്ടം കെട്ടി, തന്റെ വീട്ടിലുണ്ടായിരുന്ന ഡിന്നർ സെററിൽ തന്റെ യജമാനനെ പൂജിക്കണമെന്നുള്ള വിചാരത്തോടുകൂടി ചോറും കറിയും മററും കൊടുത്തയച്ചു. അവിടെ ചെന്നപ്പോൾ ആ ഉദ്യോഗസ്ഥനു് ചോറും കറിയും മാത്രംപോരാ, ആ ഡിന്നർ സെററുകൂടി വേണം. അതിനുശേഷം അസിസ്റ്റൻറു കമ്മിഷണരുടെ കാറിൽ പെട്രോൾ ഇല്ലാത്തതുകൊണ്ടു് കുറെ പെട്രോൾകൂടി വാങ്ങിക്കൊടുക്കണമെന്ന് ആവശ്യപ്പെട്ടു. അതും ആ പരമസാധു ഇൻസ്പെക്ടർ ഉണ്ടാക്കിക്കൊടുത്തു. അതു കഴിഞ്ഞശേഷം ആ ഇൻസ്പെക്ടർ എ

[Mr. Padiyara Joseph Kunju]

ന്നോട് ഈ കാര്യം പറയുകയും ഞാൻ അന്നത്തെ കമ്മിഷണരായിരുന്ന മി: എം. പി. ജോസഫിനെ കണ്ടുപറഞ്ഞ് ആ ഡിന്നർ സെററ് തിരിയെ കൊടുപ്പിക്കുകയും ചെയ്തു. മുൻപേ ഇങ്ങനെ ഉണ്ടായിട്ടുണ്ടെങ്കിലും ഇപ്പോൾ അങ്ങിനെ ഉണ്ടാകുന്നുണ്ടോ എന്ന് എനിക്കറിഞ്ഞുകൂടാ. ഏതായാലും മുൻപിലത്തെക്കാൾ വളരെ കുറവാണ് ഈ ഡിപ്പാർട്ടുമെൻറിൽ കൈക്കൂലിയും അഴിമതിയും എന്നുള്ളത് എനിക്കു നിശ്ചയമുള്ളതായ സംഗതിയാണ്.

MR. M. R. NARAYANA PILLAI: ഇപ്പോൾ എക്സൈസ് ഡിപ്പാർട്ടുമെൻറിൽ വരവു വർദ്ധിച്ചിട്ടില്ലേ?

MR PADIYARA JOSEPH KUNJU: ഉണ്ട്.

MR. P. KUNJUKRISHNAN: ഈ ഇൻസ്പെക്ടർ ഡിന്നർ സെററിന് പണം എങ്ങിനെ ഉണ്ടാക്കി എന്നറിയാമോ?

MR. PADIYARA JOSEPH KUNJU: ഞാൻ അതിനെപ്പററി അന്വേഷിച്ചിട്ടില്ല. വേണമെങ്കിൽ അന്വേഷിച്ചു പറയാം. എൻെറ മാന്യസ്നേഹിതൻ മി: തരകൻെറ ഉപക്ഷേപത്തെ പലരും തെററിദ്ധരിച്ചിരിക്കയാണ്. ഇപ്പോൾ ഡിപ്പാർട്ടുമെൻറിൽ കറപ്ഷൻ വളരെ കുറവാണെന്ന് അദ്ദേഹംതന്നെ സമ്മതിക്കുന്നുണ്ട്. ഇനിയും വല്ലതും ഉണ്ടെങ്കിൽ അതുംകൂടെ നിറുത്തൽ ചെയ്യണം എന്ന് പറയുന്നതിനുവേണ്ടിയാണ് മി: തരകൻ ഈ ഉപക്ഷേപം കൊണ്ടുവന്നിട്ടുള്ളതെന്നാണ് എൻെറ ഹൃദയപൂർവമായ വിശ്വാസം. ആ വിശ്വാസം ശരിയാണെങ്കിൽ ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. മി: തരകൻ ഈ ഉപക്ഷേപത്തെ പിൻവലിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

MR VARKALA K. MADHAVAN (*Chirayinkil* cum *Nedumangad*): Sir, a few years ago the then Excise Commissioner, Mr. Joseph, admitted on the floor of the House that there is corruption in the Excise Department and he has not been able to suppress that corruption completely. The question is whether the Government or the departmental head are able to suppress the corruption. If Government punish them under the Penal Code when their offences are proved then there will be less of corruption. Sir, under Velu Tampi Dalawa, offenders were cruelly punished by cutting off their fingers. But such punishments did not suppress corruption. As long as there are people to offer bribes, I think there will be officers, especially subordinate officers, willing to accept bribe. Therefore let the mover plead for the introduction of compulsory education in the State so that the next generation will be clean and brave enough to stand against corruption. Sir, the Head of the Department is an able and young Travancorean. We Travancoreans have much hope in him. If he proves to be a misfit, it will be a great misfortune for this State. With these words I support the principle of the motion.

MR. P. S. MUHAMED : സർ, മി. കൊച്ചുകോരാതരകൻ ഈ ഉപക്ഷേപം അവതരിപ്പിച്ചു പ്രസംഗിച്ചുകൊണ്ടിരുന്നപ്പോഠം അദ്ദേഹത്തിൻെറ വാദമുഖങ്ങളെന്തെല്ലാമാണെന്നു ശ്രദ്ധയോടുകൂടി ഞാൻ കേഠംക്കാൻ ശ്രമിച്ചു. ആദ്യം ഈ മോഷൻ അജൻറയിൽ കണ്ടപ്പോഠം കമ്മീഷണരുടെ പേരിൽ എന്തോ ഒരു സെൻഷ്വർ പാസ്സാക്കുന്നതിനു വേണ്ടി കൊണ്ടുവന്നിരിക്കുന്നതാണോ എന്നു ഞാൻ ശങ്കിക്കാതിരുന്നില്ല. എന്നാൽ അദ്ദേഹത്തിൻെറ പ്രസംഗം കേട്ടപ്പോഠം നേരെ മറിച്ചുള്ള അഭിപ്രായമാണ് എനിക്കുണ്ടായത്. ഡിപ്പാർട്ടുമെൻറിൽ കറപ്ഷൻ ധാരാളമുണ്ടെന്നും, ഇന്നത്തെ എക്സൈസ് കമ്മീഷണർ അതിനു വളരെ കുറവു വരുത്തിയിട്ടുണ്ടെന്നും, ഇനിയും കറപ്ഷൻ കുറയ്ക്കേണ്ടതായിട്ടുണ്ടെന്നും പറഞ്ഞാണ് അദ്ദേഹത്തിൻെറ പ്രസംഗം അവസാനിപ്പിച്ചത്. ഇതേവരെ പ്രസംഗിച്ചിട്ടുള്ള മെംബറന്മാരെല്ലാം ഇന്നത്തെ കമ്മീഷണരുടെ ത്രാണിയും, പ്രാപ്തിയും, സത്യസന്ധതയും സമ്മതിച്ചുകഴിഞ്ഞു. ഈ മോഷൻ ഒരു സെൻഷ്വർ മോഷനാണെങ്കിലും ഇവിടെ ഫലത്തിൽകണ്ടതു അപ്രീഷിയേററു് ചെയ്യുന്ന ഒരു മോഷനായിട്ടാണ്. ഈ മോഷനിൽ കമ്മീഷണരുടെ ദൃഷ്ടി പതിയേണ്ട പല ദോഷങ്ങളെപ്പററിയും ചൂണ്ടിക്കാണിച്ചു പല മെംബർമാരും പ്രസംഗിച്ചു. അതിലെല്ലാം കമ്മീഷണരുടെ ശ്രദ്ധ പതിയുമെന്നു വിശ്വസിക്കുന്നു.

സമുദായ പ്രാതിനിധ്യത്തെപ്പററിയുള്ള മി. കുഞ്ഞിത്തൊമ്മൻെറ പ്രസ്താവനയിൽ ആരെങ്കിലും തെററിധരിച്ചിട്ടുണ്ടെങ്കിൽ അതു അദ്ദേഹത്തിൻെറ പ്രസംഗം ശ്രദ്ധിച്ചുകേഠംക്കാത്ത ദോഷമാണ്. മി. കുഞ്ഞിത്തൊമ്മൻ സമുദായപ്രാതിനിധ്യവാദം ആരംഭിച്ച കാലംമുതൽക്കുതന്നെ അതു നടപ്പിൽ കൊണ്ടുവരുന്നതിനുവേണ്ടി അദ്ദേഹം പറയുന്ന ഒരു ന്യായം ഒരേ സമുദായം ഒരു ഡിപ്പാർട്ടുമെൻറിൽ ക്രമത്തിലധികം വർദ്ധിച്ചുപോയാൽ അവിടെ അഴിമതി വർദ്ധിക്കാൻ ഇടയുണ്ടെന്നാണ്. അതു് അദ്ദേഹം ഇന്നത്തെ കമ്മീഷണരെ ഉദ്ദേശിച്ചു പറഞ്ഞതല്ല. സമുദായ പ്രാതിനിധ്യവാദം ഒരുവിധത്തിലല്ലെങ്കിൽ മറെറാരുവിധത്തിൽ ഈ ഉപക്ഷേപത്തിലും വരുത്തണമെന്നുള്ള അദ്ദേഹത്തിൻെറ ആഗ്രഹംകൊണ്ടു ഇതു പറഞ്ഞു എന്നല്ലാതെ അതു ഇന്നത്തെ കമ്മീഷണരെ ഉദ്ദേശിച്ചു പറഞ്ഞിട്ടുള്ളതല്ല എന്നുള്ളതു് അദ്ദേഹത്തിൻെറ പ്രസംഗംകൊണ്ടു വ്യക്തമാണ്. ഇന്നത്തെ കമ്മീഷണർ ഒരു സമുദായപക്ഷപാതിയാണെന്നു ഇവിടെ ആരും പറഞ്ഞു കണ്ടില്ല. എന്നാൽ ഡിപ്പാർട്ടുമെൻറിൽ നടക്കുന്നുവെന്നു ബഹുമാനപ്പെട്ട മെംബർമാർ ചൂണ്ടിക്കാണിച്ച ദോഷങ്ങളു

[Mr. P. S. Muhamed.]

ണ്ടെങ്കിൽ അതു പരിഹരിക്കേണ്ടതാണ്. ഈ സന്ദർഭത്തിൽ എനിക്കൊരു സംഗതി ഇവിടെ പറയുവാനുണ്ട്. ഇന്നത്തെ കമ്മീഷണർ ഈ ഡിപ്പാർട്ടുമെൻറു മേലദ്ധ്യക്ഷനായതിനു ശേഷം ഒന്നിലധികം പ്രാവശ്യം എനിക്ക് അദ്ദേഹത്തെ കാണാൻ സന്ദർഭം ഉണ്ടായിട്ടുണ്ട്. അന്നൊക്കെ അദ്ദേഹം എന്നോടു പറഞ്ഞതു് "എനിക്ക് ഈ ഡിപ്പാർട്ടുമെൻറു നന്നാക്കണം; എന്തെങ്കിലും അഴിമതികൾ നടക്കുന്നുണ്ടെങ്കിൽ നിങ്ങൾ അതെന്നെ അറിയിക്കണം; ഡിപ്പാർട്ടുമെൻറു നന്നാക്കാൻ നിങ്ങൾ എന്നെ സഹായിക്കണം" എന്നാണു. അങ്ങിനെയുള്ള മനസ്ഥിതിയോടു കൂടിയ ഒരു ഉദ്യോഗസ്ഥൻ ഡിപ്പാർട്ടുമെൻറദ്ധ്യക്ഷനായിരിക്കുമ്പോൾ ബഹുമാനപ്പെട്ട മെംബർ മി. കുമാരൻ വൈദ്യൻ ചൂണ്ടിക്കാണിച്ച രീതിയിലുള്ള സംഭവങ്ങൾ നടക്കുമെന്നു എനിക്കു വിശ്വാസമില്ല. അഥവാ നടന്നിരുന്നാൽതന്നെയും അതിനെ കമ്മീഷണരുടെ ശ്രദ്ധയിൽ കൊണ്ടു വരാമായിരുന്നു. അതു ചെയ്യാതെ ഇവിടെ വന്നു ആ ഉദ്യോഗസ്ഥൻ അതു ചെയ്തു, ഈ ഉദ്യോഗസ്ഥൻ ഇതു ചെയ്തു എന്നും മററും വ്യക്തിപരമായ കുററാരോപണം ചെയ്യുന്നതു് ശരിയല്ല. കമ്മീഷണരുടെഅടുത്തോ ഗവണ്മെൻറിൻെറ മുൻപാകെയോ ഡിപ്പാർട്ടുമെൻറിലുള്ള ദൂഷ്യങ്ങളെപ്പററി അറിയിച്ചാൽ അവർ കുററവാളികളെ കണ്ടുപിടിച്ചു ശിക്ഷിക്കും.

വളരെക്കാലമായി നടന്നുവരുന്ന ഈ ഡിപ്പാർട്ടുമെൻറിലെ അഴിമതികളെ നിറുത്താൻ ദിവാൻജി ശ്രമിച്ചാൽതന്നെയും സാദ്ധ്യമാവുകയില്ല. ഇവിടത്തെ അഴിമതി നിൽക്കണമെങ്കിൽ പൊതുജനങ്ങളിൽ നിലയും വിലയും ഉള്ളവർകൂടി ശ്രമിച്ചാൽ മാത്രമെ സാധിക്കുകയൊള്ളൂ. അതിലേക്കു അങ്ങിനെയുള്ളവർ തയ്യാറാകുന്നില്ല. നിർഭാഗ്യവശാൽ തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം ഇതൊരു ന്യൂനതയാണ്. നമ്മുടെ ചുമതല ശരിയായി നിർവഹിക്കാതെ ഈ അസംബ്ലിയിൽ വന്നു വ്യക്തിപരമായ കുററാരോപണങ്ങൾ ചെയ്യുന്നതു് ശരിയല്ല.

MR. P. KUNJUKRISHNAN : അഴിമതികളെ ഗവണ്മെൻറിൻെറ മുൻപാകെ ചൂണ്ടിക്കാണിക്കുന്നതിനുള്ള മാർഗ്ഗങ്ങളിൽ ഒന്നല്ലേ അതിവിടെ കൊണ്ടുവരികയെന്നുള്ളതു്?

MR. P. S. MUHAMED : തന്നെ. എന്നാൽ ഡിപ്പാർട്ടുമെൻറു മേധാവിയെ ഡിപ്പാർട്ടുമെൻറിൽ നടക്കുന്ന അഴിമതികളെപ്പററി മററുപ്രകാരത്തിൽ അറിയിക്കാം. ഗവണ്മെൻറിനെയും അറിയിക്കാം. ഇതു രണ്ടു

കൊണ്ടും ഫലമുണ്ടായില്ലെങ്കിൽ പിന്നീടു അഴിമതികളെപ്പററി അതിൻെറ നഗ്നരൂപത്തിൽ ചൂണ്ടിക്കാണിക്കുവാനുള്ള ഒന്നാണ് ഈ സഭ എന്നാണ് ഞാൻ വിചാരിക്കുന്നത്. നാം മുൻപിൽക്കൂട്ടി ഡിപ്പാർട്ടുമെൻറദ്ധ്യക്ഷനെയും ഗവമ്മെൻറിനെയും കാര്യങ്ങൾ ധരിപ്പിച്ചു അതിനു ശരിയായ പരിഹാരം ഉണ്ടാകാതെവരുമ്പോൾ നാം ആ സംഗതി അസംബ്ലിയിൽ കൊണ്ടുവന്നാൽ അന്നു ഗവമ്മെൻറിനു അതിലേക്കു ശരിയായ ഒരു സമാധാനം പറയേണ്ടിവരും. ഗവമ്മെൻറിനു നേരത്തെക്കൂട്ടി അന്വേഷിക്കുവാനുള്ള സൌകര്യം കൊടുക്കാതെ നാം ഇവിടെ വന്നു പരാതി പറയുകയാണെങ്കിൽ "അന്വേഷിക്കാം, നോക്കാം" എന്നൊക്കെയുള്ള മറുപടിയെ നമുക്കു ലഭിക്കുകയൊള്ളു. ഒരു സ്ഥലത്തു യോഗ്യനായ ഒരുദ്യോഗസ്ഥനായിരിക്കാം ഇരിക്കുന്നത്. അയാളുടെ യോഗ്യതയിൽ ചിലക്കു രസമുണ്ടായില്ലെന്നു വരാം. അവരിൽ ചിലർ അസംബ്ലി മെംബർമാരെ തെററിദ്ധരിപ്പിച്ചു എന്നു വരാം. അല്ലെങ്കിൽ കാര്യങ്ങളുടെ യഥാർത്ഥം ഗ്രഹിക്കാതെ അസംബ്ലി മെംബർമാർ ഇവിടെവന്നു പരാതി പറഞ്ഞു എന്നും വരാം. ഏതായാലും ഡിപ്പാർട്ടുമെൻറദ്ധ്യക്ഷനു മുൻപിൽക്കൂട്ടി ഒരവസരം കൊടുത്താൽ അദ്ദേഹം അതിനെപ്പററി അന്വേഷിച്ചു ശരിയായ ഒരു സമാധാനം ഇവിടെ തരും. കഴിഞ്ഞ രണ്ടു മൂന്നു കമ്മീഷണർമാരെ എനിക്കറിയാം. അവരെല്ലാം ത്രാണിയും സാമർത്ഥ്യവുമുള്ളവരായിരുന്നു. അവർ വിചാരിച്ചിട്ടും ഈ ഡിപ്പാർട്ടുമെൻറിലെ അഴിമതികളെ മുഴുവൻ നിറുത്താൻ സാധിച്ചില്ല. ഇന്നത്തെ കമ്മീഷണക്കു മുഴുവൻ അഴിമതിയും നിറുത്താൻ സാധിച്ചിട്ടില്ലെങ്കിലും വളരെയൊക്കെ നിറുത്തിയിട്ടുണ്ടു്. ഇത്രയും പ്രസ്താവിച്ചുകൊണ്ടു് വിരമിച്ചുകൊള്ളുന്നു.

MR. THAMARAPALLIL KOCHUTHOMMAN (*Tiruvalla*) : സർ, എക്സൈസ്സ് ഡിപ്പാർട്ടുമെൻറിൻെറ ഭരണം തൃപ്തികരമല്ലെന്നും പല അഴിമതികളും കൈക്കൂലിയും നടക്കുന്നുണ്ടെന്നും ഇപ്പോഴത്തെ എക്സൈസ്സ കമ്മീഷണർ വളരെ ശാന്തനും അദ്ദേഹത്തിൻെറ ശിക്ഷ വളരെ മൃദുവായിപ്പോകുന്നു എന്നും അതുനിമിത്തമാണു ഈവക അന്യായങ്ങൾ നടക്കുന്നതെന്നും മററും ഇവിടെ പല മാന്യമെംബർമാരും പ്രസ്താവിക്കയുണ്ടായി. ഇപ്പോഴത്തെ കമ്മീഷണർ ചാർജെടുത്തതിൽ പിന്നീടു ഈ ഡിപ്പാർട്ടുമെൻറുമായി ബന്ധപ്പെട്ട പല കൺട്രാക്കറന്മാരോടും കീഴ്ജീവനക്കാരോടും ചോദിക്കയുണ്ടായിട്ടുണ്ടു്. ഇപ്പോഴത്തെ ഏർപ്പാടു ഞങ്ങൾക്കു

[Mr. Thamarapallil Kochuthomman.]

യാതൊരു ഗുണവും ഇല്ലെന്നും മുൻപ് കള്ളു ചെത്തും കട്ടുവാററും മററുംകൊണ്ടു പലഗുണങ്ങളും ഉണ്ടായിട്ടുണ്ടെന്നും അതുകൊണ്ട് ചില്ലറ നഷ്ടങ്ങൾ ഗ്രടനികത്തിക്കൊണ്ടുപോയെന്നും മററും പറയുകയുണ്ടായി. ഇപ്പോഴത്തെ കമ്മീഷണർ വലിയ കട്ടത്ത ആളാണെന്നും ഭംഗിയായി സംസാരിക്കയും മററും കാണുമ്പോൾ ഇദ്ദേഹം ഒരു വലിയ ശാന്തനായി തോന്നും എങ്കിലും അദ്ദേഹത്തിന്റെ ശിക്ഷ വലുതായതുകൊണ്ടും മററും കീഴ്ജീവനക്കാർ കട്ടുവാററുന്നതിനു സമ്മതിക്കുന്നില്ല. കമ്മീഷണർ കാഴ്ചയിൽ ശാന്തനെങ്കിലും കടലാസിൽ വലിയ കാഠിന്യവാനാണ്. ശിക്ഷിച്ചു കീഴ്ജീവനക്കാരെ നന്നാക്കുന്ന നയമാണ്. ശിക്ഷിച്ച് നശിപ്പിക്കുന്നില്ല. ഇന്നലെ വൈക്കം പോലീസു ഇൻസ്പെക്ടറെപ്പററി ചിലതെല്ലാം ബഹുമാനപ്പെട്ട മെംബർമാർ ഏതാനും സംസാരിച്ചുവല്ലോ. അദ്ദേഹം ചെങ്ങന്നൂർ സ്റ്റേഷൻ ചാർജിൽ ഇരുന്നിട്ടുള്ള ആളാണ്. ചെങ്ങന്നൂർ ജോലിനോക്കിയിരുന്ന കാലത്ത് അദ്ദേഹം കൈക്കൂലിയും ശുപാർശയും മററും ഇല്ലാത്ത ആളായിരുന്നു. ജനങ്ങളെ ന്യായരഹിതമായി ഉപദ്രവിക്കുന്നയാളും അല്ലായിരുന്നു. ചെങ്ങന്നൂർ നിന്നു മാവേലിക്കരയ്ക്കു സ്ഥലംമാററിയതിനുശേഷവും അദ്ദേഹം അവിടെ വളരെ മര്യാദയായി പെരുമാറിയിട്ടുണ്ടെന്നു കേട്ടിട്ടുണ്ട്. എക്സൈസ് കമ്മീഷണരെപ്പററി ഇവിടെ സംസാരിച്ച സംഗതികളെ എതിർക്കുന്നു. അദ്ദേഹം നല്ല കാര്യശേഷിയുള്ള ആളാണ്. ഇത്രയും പ്രസ്താവിച്ചുകൊണ്ട് ഞാൻ ഈ ഉപക്ഷേപത്തെ എതിർക്കുന്നു.

PRESIDENT: The debate on this matter has taken a considerable time and I see that there are other honourable members who want to speak. As the time limit of the demand expires at 3·15 P. M. and as in the nature of things I want to give the fullest possible scope for the Excise Commissioner to expound the policy, I shall only call upon one or two members and I would invite their attention to be very brief in their remarks.

MR. KAINIKKARA M. PADMANABHA PILLAI: Sir, I move that the question be now put.

The motion that the question be put was put and carried.

MR. P. G. NARAYANAN UNNITHAN: Sir, mention has been made about the existence of corruption in the department not only in this session but also on previous occasions. I have been here even last year this time and I do not remember to have heard that things were worse than before. I have had the advantage of working in this department for over an year now and I can say that if I have attempted anything most earnestly it is to stop corruption preeminently. In this connection I would invite the attention of the honourable members to

page 70 of the Administration report for 1115 and see for themselves the nature of punishments inflicted in that line. In the year 1116 also I had the painful necessity of recommending to Government punishments for three Inspectors. Another Sub-Inspector also has been recommended to be retired. There are a number of Petty Officers and Peons who have suffered because of their own misconduct.

The honourable mover referred to certain unsatisfactory conditions in the taluk of Parur. He has himself and Mr. Kumaran Vaidyan after him had said that they have not given me any information about this. Is it not too much to expect from me that I should take action before I know anything about it? The honourable member himself has said that he is aware of one occasion at least when I was making enquiries as to how my subordinates were behaving. I make always surprise inspections, whether at Kumili in the north-eastern boundary of Travancore or at Angamaly, the northern most part of Travancore. I had occasion to enquire as to how the Customs subordinates were behaving. There are over 74 Customs Houses in the State. I have gone to all these Customs Houses more than once. I have visited all the Chowkeys and I have enquired of the Chowkey-work from people passing those Chowkeys whether they are coolies from British India or well-to-do people in Parur. There were a few occasions when I was able to find out that the Chowkey Staff were making small collections. Deterrent punishments were meted out to the subordinates concerned and circulars have been issued to all Chowkey subordinates to the effect that all cases of malpractices will be severely noticed. Another charge made out was that the subordinates of the Department are not behaving properly to the public. This is only another part of the same charge. I sent out circulars immediately after I took charge as Excise Commissioner to the effect that customs collection being an irksome one it has to be done with the greatest amount of courtesy and that the chowkey officers should conduct themselves properly towards the public. I have asked the Inspectors to select only such people who are courteous in their behaviour to the public. As regards the effect of these instructions, I have been making enquiries and I am told that things have improved considerably. I understand from many honourable members who have spoken here that things have improved considerably. The question is whether it could not be completely stopped. When I find that things have improved, I am sure, I have, got legitimate reason to be happy. I am glad to hear from many members that my efforts are successful. It is necessarily a question relating to the condition of the general public. It is only if the subordinate officers of the Department, against whom these complaints have been made, feel that there should not be any corruption, then only can things be improved permanently. We can, by punishments, certainly, minimise corruption and I have been doing that. For the rest, we have to look up to the general understanding and the general moral level of the people. If they do not want to improve themselves, it is not punishment that is going to improve them ultimately. Such improvement must

[Mr. P. G. Narayanan Unnithan.]

necessarily come from within. What could be done by punishment is being done and the maximum good result possible will be achieved thereby.

It is very rarely that I get information about corruption. Some times it may be from anonymous or pseudonymous petitions. These petitions are of such a nature that it is not possible to make any regular enquiries. In one or two instances some contractors sent me petitions. When I went and made enquiries they gave different versions. That being so, it is not possible to get proper information. I think that must be the case with such enquiry in other offices also. When anonymous or false information is received it is not possible to make any enquiries, In this connection I would request, as I have requested more than once that the honourable members should inform me of any instance of misconduct that may be brought to their notice. It is only by giving me information that they will enable me to conduct investigations and improve the morale of the Department. In this connection Mr. Kumaran Vaidyan was giving instance of some case, which it was stated was concocted by some officer. I have no information of that case and the honourable member himself has said that he has not given me any information about that case before.

MR. A. K. KUMARAN VAIDYAN: തന്നെ എന്നല്ല പറഞ്ഞതു്. താം നായി ആഫീസിൽ വന്നപ്പോൾ ഇൻസ്പെക്ടരുടെ സിൽബന്ധി ആഫീസിൽ നാൽക്കുന്നതു കണ്ടിട്ടു് തിരിയെ പോന്നു എന്നാണു് പറഞ്ഞതു്.

MR. P. G. NARAYANAN UNNITHAN: That is what I said. I have not got the information. There was nothing preventing the honourable member from coming to me the next morning, if on the previous evening there was somebody else with me. There was no representation from any one who was alleged to have been badly handled by the concerned Inspector. As regards this particular Inspector there was no complaint about him brought to my notice. On the other hand I had occasion to find that he is an exceptionally efficient officer.

MR K. P. KOCHUKORA THARAKAN: ഏക്സൈസു റിസർവ്വ് ഇൻസ്പെക്ടരെപ്പറ്റി പരാതിയൊന്നും കിട്ടിയിട്ടില്ലെന്നാണോ മെംബർ പറയുന്നതു്?

MR. P. G. NARAYANAN UNNITHAN: I was not speaking of the Reserve Inspector. I was mentioning about this particular Inspector that I have not received any complaint about him.

MR. PULIYOOR T. P. VELAYUDHAN PILLAI: Was not this particular Inspector responsible for the detection of some grave smuggling?

MR. P. G. NARAYANAN UNNITHAN: Yes, Sir, while he was in the C. I. D. he was responsible for many detections. This year he was able to detect a case of attempted smuggling, of a pair of elephant tusks for which Government have awarded him a generous reward of Rs. 100. I may also inform the House that it is in the range under this Inspector's charge that the kist collection has been completed first this year.

MR. K. NARAYANAPERUMAL NADAR : May I know (a) whether any complaint was made about the Sub-Inspector at Anchugramam in the second half of 1116, (b) whether he was punished and (c) the nature of the offence ?

MR. P. G. NARAYANAN UNNITHAN : Sir, if the honourable member will give me the name of this Sub-Inspector, I may be able to answer him.

MR. K. NARAYANAPERUMAL NADAR : May I know whether it is a fact that Dr. Hilkaiah complained about this particular Sub-Inspector?

MR. P. G. NARAYANAN UNNITHAN : The honourable member has not given me the name of the Sub-Inspector,

MR. K. NARAYANAPERUMAL NADAR : He was Sub-Inspector only for the second half of 1116.

MR. P. G. NARAYANAN UNNITHAN : About this particular Inspector, if Mr. Kumaran Vaidyan will give me sufficient information, certainly I will enquire into it.

It was mentioned here that the Reserve people are molesting the public or at least some section of the public and that there is an *"Idivandy"* or torture lorry. It is true that I have received one or two complaints about this. But that was from Vaikom or Vellore and not from Parur. I have not received any complaint that the Reserve people are molesting anybody in Parur. They are not usually moving about in Parur at all. They move between Vaikom and Perumbavoor. It is very rarely that they come to Parur at all. There was one complaint at Vellore and I have made careful investigation into it. Apart from transferring a few subordinates, it was not found necessary to do anything more.

MR. K. P. KOCHUKORA THARAKAN : ഇടിവണ്ടി ആയാലും ടാർപ്പിഡോ ആയാലും ഇതെല്ലാം പറവൂരുണ്ടായി എന്നു ഞാൻ പറഞ്ഞില്ല. 'കോത്താനിക്കാട്ട എന്ന സ്ഥലത്തിനടുത്തുവച്ചാണ് ആ ഉപദ്രവങ്ങൾ ഉണ്ടായതു്.

PRESIDENT : The time for putting the Demand to vote is very near. There are only two minutes more and I wish to make a few remarks.

I have said very often that Government would be only too anxious not to let corrupt officers go scot-free in case definite and accurate information is given. Ever since that statement was made in this House by me, I have not yet received one single communication of the kind advocated. Nevertheless, where Government had occasion to doubt the honesty of an officer even apart from legal proof of corruption, Government have followed the policy of telling those officers that it is left to them to accept an open enquiry or immediately to put in their petition for retirement. Two or three officers have taken advantage of that offer and have applied for retirement, for instance, one even yesterday. But it appears to me, as the Excise Commissioner stated, that the fullest co-operation is necessary between the public and the honourable members of this House and the Heads of Departments

[President.]

in this matter. If for instance, details with regard to the case mentioned here had been furnished to the Head of the Department, he could have made some investigation and then come to a decision. I have received a number of petitions charging officers with corruption. I have sent them down to the Heads of the Departments concerned to make enquiries, and they say that it is either anonymous or pseudonymous. Nobody would come forward to give evidence. A little more thoroughness and accuracy is needed in making allegations. A little more willingness to bear the trouble necessary to substantiate their allegations is needed on the part of those who bring forward such charges of corruption. I invite the co-operation of the public in this matter.

MR. K. P. KOCHUKORA THARAKAN: Sir, I beg to withdraw the motion.

The motion, by leave, was withdrawn.

The demand was put and carried and the grant was made.

Motions Nos. 18 to 55.

The following motions lapsed for want of time:—

MR. P. NARAYANA PILLAI:

18. To reduce the allotment of Rs. 3,500 for travelling allowance by Re. 1.

MR. A. K. KUMARAN VAIDYAN:

19. To reduce the allotment of Rs. 3,500 for travelling allowance by Re. 1.

MR. P. KUNJUKRISHNAN:

20. To reduce the allotment of Rs. 3,500 for travelling allowances by Re. 1.

MR. K. KUNJU PANICKAR:

21. To reduce the allotment of Rs 3,500 for travelling allowance by Rs 10.

MR. K. KUNJU PANICKAR:

22. To reduce the allotment of Rs. 3,500 for travelling allowance by Rs. 10.

MR. P. NARAYANA PILLAI:

23. To reduce the allotment of Rs. 62,141 for Superintendence by Re. 1.

MR. S. NARAYANA PILLAI:

24. To reduce the allotment of Rs. 62,141 for Superintendence by Re. 1.

MR. K. KUNJU PANICKAR:

25. To reduce the allotment of Rs. 6,393 for salary to Commissioner by Rs. 10.

MR. K. KUNJU PANICKAR:

26. To reduce the allotment of Rs. 6,393 for salary to Commissioner by Rs. 10.

MR. A. K. KUMARAN VAIDYAN:

27. To reduce the allotment of Rs. 28,467 for salaries by Re. 1

MR. K. NARAYANAPERUMAL NADAR:

28. To reduce the allotment of Rs. 25,737 for salaries of Assistant Excise Commissioners by Re. 1.

MR. G. VELU PILLAI:

29. To reduce the allotment of Rs 25,737 for salaries of Assistant Excis. Commissioners by Re. 1.

MR. K. NARAYANAPERUMAL NADAR:

30. To reduce the allotment of Rs. 73,080 for Division offices by Re. 1.

MR. N. NARAYANA KURUP:

31. To reduce the allotment of Rs. 73,080 for Division Offices by Rs. 10.

MR. K. P. KOCHUKORA THARAKAN:

32. To reduce the allotment of Rs. 45,791 for salaries to Range Inspectors by Re. 1.

MR. K. P. KOCHUKORA THARAKAN:

33. To reduce the allotment of Rs. 45,791 for salaries to Range Inspectors by Re. 1.

MR. K. P. KOCHUKORA THARAKAN:
34. To reduce the allotment of Rs. 4,88,231 for Exeise by Re. 1.
MR. A. K. KUMARAN VAIDYAN:
35. To reduce the allotment of Rs. 4,88,231 for Excise by Re. 1.
MR. K. R. NARAYANAN:
36. To reduce the allotment of Rs. 4,88,231 for Excise by Re. 1.
MR. K. R. NARAYANAN:
37. To reduce the allotment of Rs. 4,88,231 for Excise by Re. 1.
MR. K. R. NARAYANAN:
38. To reduce the allotment of Rs. 4,88,231 for Excise by Re. 1.
MR. P. KUNJUKRISHNAN:
39. To reduce the allotment of Rs. 4,88,231 for Excise by Re. 1.
MR. P. S. MAHOMED:
40. To reduce the allotment of Rs. 4,88,231 for Excise by Re. 1.
MR. P. VIVEKANANDAM:
41. To reduce the allotment of Rs. 4,88,231 for Excise by Re. 1.
MR. P. KUNJUKRISHNAN:
42. To reduce the allotment of Rs. 4,88,231 for Exoise by Re. 1.
MR. MURUKKUMPUZHA V. KUNJUKRISHNAN:
43. To reduce the allotment of Rs. 4,88,231 for Excise by Re. 1.
MR. MURUKKUMPUZHA V. KUNJUKRISHNAN:
44. To reduce the allotment of Rs. 4,88,231 for Excise by Re. 1.
MR. K. NARAYANAPERUMAL NADAR:
45. To reduce allotment of Rs. 48,282 for Salt Factories (Manufacture) by Re. 1.
MR. K. NARAYANAPERUMAL NADAR;
46. To reduce the allotment of Rs. 48,382 for Salt Factories (Manufacture) by Re. 1.
MR. P. V. MATHAI CHEMPARATHY:
47. To reduce the allotment of Rs. 48,382 for Salt Factories (Manufacture) by Re. 1.
MR. N. NARAYANA KURUP:
48. To reduce the allotment of of Rs. 48,382 for Salt Factories (Manufacture) by Rs. 10.
MR. PULIYOOR T. P. VELAYUDHAN PILLAI:
49. To reduce the allotment of Rs. 65,014 for Salt Business (Sale) by Re. 1.
MR. P. V. MATHAI CHEMPARATHY:
50 To reduce the allotment of Rs. 65, 014 for Salt Business (Sale)
MR. S. CHATTANATHA KARAYALAR:
51. To reduce the allotment of Rs. 48,382 for Salt Factories (Manufacture) by Re. 1.
MR. K. R. NARAYANAN:
52. To reduce the allotment of Rs. 1,13,396 for Salt by Re. 1.
MR. KOTTALIL P. ABRAHAM:
53. To reduce the allotment of Rs. 1,13,396 for Salt by Re. 1.
MR. P. KUNJUKIRSHNAN:
54. To reduce the allotment of Rs. 1,13,396 for Salt by Re. 1.
MR. P. S. MUHAMED:
545. To reduce the allotment of Rs. 1,13,396 for Salt by Re. 1.

DEMAND II--LAND REVENUE AND TAXES ON INCOME.

Motion No. 1.

MR. K. P. KOCHUKORA THARAKAN :

To reduce the allotment of Rs. 22,170 for salaries by Re. 1.

PRESIDENT : Why the honourable member has not given the subject matter for the motion?

MR. K. P. KOCHUKORA THARAKAN : സമുദായപ്രാതിനിധ്യവും പ്രാദേശികപ്രാതിനിധ്യവും അനുവദിച്ചുതരണമെന്നു പറയുന്നതിന്, സർ, ശമ്പളത്തിനുള്ള ൨൨൧൭൦ രൂപയിൽനിന്നും ഒരു രൂപ കുറക്കണമെന്നുള്ള ഉപക്ഷേപം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു. ശ്രീമൂലം പ്രജാസഭ, അതുകഴിഞ്ഞുണ്ടായ നിയമസഭ, ഇപ്പോഴത്തെ അസംബ്ളി, കൌൺസിൽ എന്നീ സഭകളുടെ എല്ലാം ആരംഭകാലംമുതൽ സമുദായപ്രാതിനിധ്യത്തിനുവേണ്ടി വാദിച്ചുകൊണ്ടിരുന്നിട്ടും ഇതുവരെ അതിനു പരിഹാരമുണ്ടായിട്ടില്ല. അതിലേക്കു ഒരു പബ്ളിക് സർവീസ് എൻക്വയറികമ്മററിയെ നിയമിച്ചു. ആ കമ്മററിയുടെ റിപ്പോർട്ടുവരുത്തി പല ആലോചനകളും നടത്തി. ഒടുവിൽ ഒരു പബ്ളിക് സർവീസ് കമ്മീഷണരെ നിയമിക്കയും ചെയ്തു. മൂന്നുകൊല്ലത്തെ പ്രവർത്തനത്തിലേക്കാണ ആദ്യമായി ഈ നിയമനം നടത്തിയതു്. മൂന്നുകൊല്ലത്തെ പ്രവർത്തനത്തിനുശേഷം ഈ കമ്മീഷണരുടെ പ്രവർത്തനഫലം എന്തായി എന്നു അറിയുന്നതിനു ജാതി, ഗ്രെയിഡ്, മുതലായവ തിരിച്ചുള്ള പട്ടിക ചോദിച്ചിട്ട് ഇതുവരെ യാതൊരു മറുപടിയും കിട്ടിയിട്ടില്ല. ഇതിൽനിന്നും ന്യായമായി ആലോചിക്കാവുന്നതു് പല്ലി കരിമ്പനയിൽ കയറിയ അനുഭവത്തിൽനിന്നു ഇതിനു പറയത്തക്ക ഭേദമില്ലെന്നാണ്. ഇന്നു രാവിലെ മാവേലിക്കര അസിസ്ററൻറു എക്സൈസ് കമ്മീഷണർ ഷാർട്ടു വേക്കൻസികളിൽ നടത്തിയ നിയമനത്തിൻെറ ഒരു ലിസ്ററു ലഭിക്കുകയുണ്ടായി. അതെത്ര ഭയങ്കരമായിരിക്കുന്നു. അതുപോലെ നിയമനാധികാരികളായ ഓരോ ഉദ്യോഗസ്ഥന്മാരും അവരുടെ സ്വന്തക്കാരേയും സ്വദേശികളേയും നിയമിക്കുമെന്നുള്ളതു സാധാരണ കണ്ടുവരാറുള്ള ഒരു പതിവാണ്. ഇതു് ഓരോ ഉദ്യോഗസ്ഥനും നടത്തിയിട്ടുള്ള നിയമനങ്ങൾ പരിശോധിച്ചാൽ മനസ്സിലാകുന്നതാണ്. നായർ ഉദ്യോഗസ്ഥൻ നായന്മാരെത്തന്നെ നിയമിക്കുന്നു എന്നു പറയുന്നതു ശരിയല്ല. അയാളുടെ സ്വന്തക്കാരെ നിയമിച്ചുകഴിഞ്ഞാൽ സ്വദേശത്തുള്ള മററു സമുദായക്കാരേയും നിയമിക്കും. ഇപ്രകാരം നിയമനാധികാരമുള്ള ഉദ്യോഗസ്ഥന്മാർ മദ്ധ്യതിരുവിതാംകൂറിലും തെക്കൻതിരുവിതാംകൂറിലുമായിപ്പോ

യതുകൊണ്ടു വടക്കൻതിരുവിതാംകൂറിലുള്ള ഒരുത്തക്കും ഉദ്യോഗം കിട്ടുകയില്ലെന്നായി. അതുകൊണ്ടു മററുചില ന്യൂനതകളുണ്ട്. ജനങ്ങൾക്ക അവരവരുടെ സ്വദേശികളായ ഉദ്യോഗസ്ഥന്മാരുണ്ടെങ്കിൽ അവരുടെ പരിചയം നിമിത്തം ചില ചില കാര്യങ്ങൾ എളുപ്പത്തിൽ സാധിച്ചുകിട്ടുവാൻ കഴിയും. ഇത്തരത്തിൽ ഉള്ള പരിതസ്ഥിതികളില്ലാത്തതുകൊണ്ടു മററു ദിക്കുകളിലുള്ളതുപോലെ ആശുപത്രികളൊ റോഡുകളൊ മററു ജീവിതാവശ്യങ്ങൾക്കുള്ള സ്ഥാപനങ്ങളോ വടക്കൻതിരുവിതാംകൂറിലില്ല. തിരുവിതാംകൂർ തിരുവിതാംകൂറുകാക്കു എന്ന വാദത്തിൽ അന്തർലീനമായിരിക്കുന്ന തത്വംതന്നെയാണ് ഇതിലും ഉള്ളതു്. ഇതുകൊണ്ടു സമുദായ പ്രാതിനിദ്ധ്യതത്വത്തിനു ഭംഗം വരികയില്ല. യോഗ്യത തുല്യമായിരിക്കുമ്പോൾ പ്രാതിനിദ്ധ്യകുറവുള്ള പ്രദേശങ്ങൾക്ക് മുൻഗണന കൊടുക്കണം എന്നുമാത്രം.

MR. M. R. NARAYANA PILLAI : ഇപ്പോഴുള്ള ഉദ്യോഗസ്ഥന്മാർക്ക വടക്കൻതിരുവിതാംകൂറിൽ എവിടെയെങ്കിലും ചാർച്ച പാടില്ലാതെയുണ്ടൊ?

MR. K. P. KOCHUKORA THARAKAN : വടക്കൻ തിരുവിതാംകൂറിലിരിക്കുന്നവക്ക് വിദ്യാഭ്യാസക്കുറവുണ്ടായിരിക്കുന്നതുകൊണ്ടോ എന്തോ ഇപ്പോഴുള്ള ഉദ്യോഗസ്ഥന്മാക്കു വടക്കൻതിരുവിതാംകൂറിലെ ചാർച്ചക്കാരായിരിക്കുവാൻ മനസ്സ് വരുന്നില്ല. വിദ്യാഭ്യാസവിഷയത്തിലാണെങ്കിലും ഞങ്ങൾക്ക മററുള്ളവരുടെ മുന്നണിയിൽ നിൽക്കത്തക്ക ഒരു നിലപോലുമില്ല. ഗവമ്മെൻറിൽനിന്നും ആദ്യകാലങ്ങളിൽ ഹൈസ്കൂളും കാളേജും സ്ഥാപിച്ചു. അതും വടക്കൻതിരുവിതാംകൂറിലല്ല, വടക്കൻതിരുവിതാംകൂർകാരെ പൊതുവെ എല്ലാ വിഷയത്തിലും അവഗണിച്ചിരിക്കുകയാണ്. അതുകൊണ്ടു സമുദായ പ്രാതിനിദ്ധ്യംപോലെതന്നെ പ്രാദേശിക പ്രാതിനിദ്ധ്യത്തേയും പബ്ളിക്സർവീസ റിക്രൂട്ടുമെൻറിൽ മാനദണ്ഡമാക്കിവക്കേണ്ടതാണ്. വയററിന്റെ പ്രശ്നമാണ് ആദ്യത്തെ പ്രശ്നം. അതു കഴിഞ്ഞാൽ എന്റെ സമുദായം, പിന്നെ എന്റെ നാട്ട്. ഇതു് ഏതു പൗരനും ഉണ്ടാകാവുന്ന ഒരു ബോധമാണ്. മഹാത്മാ ഗാന്ധി എന്തിനായി വാദിക്കുന്നു? ഇൻഡ്യാക്കാക്കുവേണ്ടി. തിരുവിതാംകൂറിൽ എല്ലാവരും വിദേശികൾക്ക ഉദ്യോഗം കൊടുക്കുന്നതിൽ എതിരായി വാദിക്കുന്നു. അതിനെ ആക്ഷേപിക്കുന്നു. എന്തുകൊണ്ട്? ഈ രാജ്യത്തെ ഉദ്യോഗം ഈ നാട്ടുകാക്കു കിട്ടണം. എല്ലാ പ്രദേശത്തുകാർക്കും അതു കിട്ടണമെന്നാണ് ഞാൻ പറയുന്നതു. ഉദ്യോഗ

[Mr. K. P. Kochukora Tharakan.]

ങ്ങൾ എല്ലാ സമുദായക്കാർക്കും ഒരുപോലെ കൊടുക്കണമെന്നു പറഞ്ഞാൽ ചിലർ ഇപ്പോഴും അതിനെ ആക്ഷേപിക്കുന്നതായി കാണുന്നു. അതിൽ അത്ഭുതമില്ല. സ്വയരക്ഷ ആർക്കും അത്യാവശ്യമാണു. കൂടുതൽ ഉദ്യോഗങ്ങൾ കരസ്ഥമാക്കാമെന്നുള്ളവരും കരസ്ഥമാക്കിവച്ചുകൊണ്ടിരിക്കുന്നവരും അതിനെ എതിർക്കുമെന്നുള്ളതു് സ്വാഭാവികമാണ്. ഇന്നു സമുദായങ്ങൾ സമുദായങ്ങളോടു് വൈരാഗ്യം കാണിക്കുന്നതിന്റെയും ഒരു പ്രദേശത്തുള്ളവർ മററു പ്രദേശത്തുള്ളവരോടു് സമഭാവന കാണിക്കാത്തതിന്റെയും പല കാരണങ്ങളിലൊന്നു ഈ പബ്ളിക് സർവീസാണ്. പബ്ളിക്ക് സർവീസുപോലെ ആദായമുള്ള ജോലി വേറെ ഒന്നുമില്ല. പബ്ളിക് സർവീസ് റഷ്യയിലെപ്പോലെ ശമ്പളത്തിനല്ലാതെ ആക്കിവച്ചാൽ തരക്കേടില്ലായിരുന്നു. ഇന്നത്തെ നിലയ്ക്കു വമ്പിച്ച ശമ്പളവും അലവൻസും കൊടുത്തുകൊണ്ടിരിക്കുന്നിടത്തോളം കാലം വിദ്യാഭ്യാസമുള്ള ഏതൊരു മാന്യനും പബ്ളിക് സർവീസിൽ ആഗ്രഹം വരുന്നതു ന്യായവും സ്വാഭാവികവുമാണ്. ഇപ്പോൾ ഗവൺമെന്റിൽ നിന്നും ആവുന്നിടത്തോളം ഇതിനെ നിയന്ത്രിക്കുന്നുണ്ടെന്നും ഈ കാര്യത്തിൽ ഗവൺമെന്റിനും ചില വിഷമങ്ങളെല്ലാം ഉണ്ടെന്നും ഞാൻ സമ്മതിക്കുന്നു. എന്നാൽ മനസ്സുണ്ടെങ്കിൽ അതിനു മാർഗ്ഗവുമുണ്ടാകും. അതിനാൽ സമുദായ പ്രാതിനിധ്യതത്വം അംഗീകരിച്ചതുപോലെതന്നെ പ്രാദേശികപ്രാതിനിധ്യതത്വവും അംഗീകരിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

MR. M. R. NARAPANA PILLAI: പ്രാദേശികപ്രാതിനിധ്യം എന്നുള്ളതിൽ അടങ്ങിയിരിക്കുന്ന തത്വം എന്താണെന്നു പറയാമോ?

MR. K. P. KOCHUKORA THARAKAN: സാമുദായികപ്രാതിനിധ്യതത്വത്തിൽ അടങ്ങിയിരിക്കുന്ന അതേതത്വംതന്നെയാണ് പ്രാദേശികപ്രാതിനിധ്യത്തിലും അടങ്ങിയിരിക്കുന്നതു്. ചുരുക്കത്തിൽ പറഞ്ഞാൽ ചില പ്രദേശങ്ങൾ പബ്ളിക്ക സർവീസിലെ സഹോദരികളാണ്. അതു പാടില്ലെന്നു മാത്രം.

MR. M. R. NARAYANA PILLAI: ഇവിടെ പ്രാദേശിക പ്രാതിനിധ്യത്തിന്റെ അത്യാവശ്യമുണ്ടോ?

MR. K. P. KOCHUKORA THARAKAN: ഏററവും അത്യാവശ്യമാണ്. വടക്കൻതിരുവിതാംകൂർകാർക്ക് പബ്ളിക് സർവീസിൽ വളരെ പ്രാതിനിധ്യക്കുറവുണ്ടു്. നിയമനാധികാരമുള്ള ഉദ്യോഗസ്ഥന്മാർ അധികവും മററുള്ള പ്രദേശത്തുള്ളവരാണ്. പ്രാദേശികപ്രാതിനിധ്യം കൊടു

ക്കാതിരിക്കുന്നിടത്തോളം കാലം തിരുവല്ലാമുതൽ തെക്കു നെയ്യാററിൻ കരവരെയുള്ള ആളുകൾക്കു മാത്രമേ ഉദ്യോഗം കിട്ടുകയൊള്ളു. ഇതിനപ്പുറത്തും ഇപ്പുറത്തുമുള്ളവക്ക് അപൂർവം ചില ഉദ്യോഗങ്ങൾ മാത്രം. ഷാർട്ട വേക്കൻസികളിൽ ഇപ്പോൾ നിയമിക്കുന്നവരെപ്പററിയുള്ള ഉദാഹരണങ്ങൾ ഞാൻ പറഞ്ഞുകഴിഞ്ഞു. നിയമനാധികാരമുള്ള ഉദ്യോഗസ്ഥന്മാർ പബ്ളിക് സർവീസ് കമ്മീഷണർ നിയമിക്കുന്ന ആളുകളെ വെളിയിൽ തള്ളുന്നു. ഡിപ്പാർട്ടുമെൻറൽ അദ്ധ്യക്ഷന്മാർ ഇഷ്ടമുള്ള ആളുകളെ ആറുകൊല്ലം കഴിഞ്ഞാലും പറഞ്ഞയക്കാതെ തള്ളക്കോഴി കുഞ്ഞുങ്ങളെ ചിറകിനിടയിൽ സൂക്ഷിക്കുന്നതുപോലെ സൂക്ഷിച്ചുവച്ചുകൊണ്ടിരിക്കുന്നു. ഗവണ്മെൻറിൽനിന്നും ഇപ്രകാരം നിയമനം നടത്തിയവരുടേയും പറഞ്ഞയച്ചവരുടെയും ഇപ്പോഴും ജോലിയിലിരിക്കുന്നവരുടെയും ഒരു ലിസ്ററ് വരുത്തി പരിശോധിച്ചാൽ മനസ്സിലാക്കാൻ കഴിയും. ഏതായാലും ഇതിൻെറ എല്ലാവശങ്ങളേയും പററി ചിന്തിച്ചു സമുദായികപ്രാതിനിദ്ധ്യത്തിനു ഒരു പരിഹാരമുണ്ടാക്കിയതുപോലെ ഇതിനും, പ്രാദേശികപ്രാതിനിദ്ധ്യത്തിനും, ആക്കും ഒരു തരക്കേടും വരാത്ത വിധത്തിൽ എന്തെങ്കിലും ഒരു പരിഹാരം വരുത്തേണ്ടതു അത്യാവശ്യമാണ്.

സർ, ഈ നിയമസഭയിൽ തിരുവിതാംകൂറിലെ എല്ലാ താലൂക്കുകളിൽനിന്നും ഗവണ്മെൻറിൽനിന്നുതന്നെ ആളുകളെ തിരഞ്ഞെടുത്തു വരുത്തിയിരിക്കുന്നതിൽനിന്നും പ്രാദേശിക പ്രാതിനിധ്യവാദത്തിൻെറ ആവശ്യവും പ്രാധാന്യവും ഗവണ്മെൻറിനു ബോദ്ധ്യമായിട്ടുണ്ടെന്നു വ്യക്തമാണല്ലോ. അതിനാൽ കർമ്മകുശലനായ അവിടുന്നു ഇപ്പോഴത്തെ ഈവക അസമത്വങ്ങളെ അശേഷം ഇല്ലാതാക്കണമെന്നു ഞാൻ ഒരിക്കൽകൂടി അപേക്ഷിക്കുന്നു.

MR. THARIATHU KUNJITHOMMEN: സർ, ഈ ഉപക്ഷേപത്തെ ഞാൻ ബലമായി പിൻതാങ്ങുന്നു. ഉദ്യോഗനിയമനവിഷയം ൧൮ വർഷമായി ഗവണ്മെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവന്നുകൊണ്ടിരിക്കുന്ന ഒരു പ്രധാന വിഷയമാണ്. സമുദായപ്രാതിനിധ്യകാര്യത്തെ സംബന്ധിച്ച് ഗവണ്മെൻറ് ഇതിനകം പലതും ചെയ്തിട്ടുണ്ട്. എന്നാൽ എൻെറ മാന്യസ്നേഹിതൻ മിസ്റ്റർ തരകൻ പറഞ്ഞതുപോലെ ഈ പ്രവർത്തനങ്ങൾകൊണ്ട് അസമത്വസമുദായങ്ങൾക്കു സാരമായ യാതൊരു ഗുണവും ഉണ്ടായിട്ടില്ല എന്നു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. ഇതുസംബന്ധിച്ച് ഓരോ സംഗതികൾ ഗവണ്മെൻറ് ഉദ്യോഗസ്ഥന്മാർവഴി

[Mr. Tharithu Kunjithommen.]

യായി നടപ്പിൽ വരുത്താൻ ശ്രമിക്കുമ്പോൾ വേറൊരുവഴികളിൽക്കൂടി ആ ശ്രമങ്ങളെ വിഫലപ്പെടുത്താനുള്ള മാർഗ്ഗങ്ങളും പ്രയോഗിക്കുന്നു. അതുകൊണ്ടാണ് ഗവൺമെൻറിൻെറ ഉദ്ദേശമോ അസമത്വസമുദായങ്ങളുടെ പ്രതീക്ഷയോ ഇപ്പോഴും ഫലിക്കാതിരിക്കുന്നത്. ആറു അസിസ്റ്റൻറ് സെക്രട്ടറിമാരും ഏഴു അസിസ്റ്റൻറ് പേഷ്ക്കാരന്മാരും ഒരേ ഗ്രേഡിൽ ഇരിക്കുന്നുണ്ട്. ഞാൻ ഉൾപ്പെട്ട സിറിയൻ കത്തോലിക്ക് സമുദായത്തിൽ നിന്നും ഒററ ആളെങ്കിലും അതിലില്ല. ജനസംഖ്യയിൽ മൂന്നാമത്തെ സ്ഥാനമാണിതിനുള്ളത്. നായന്മാർ, ഈഴവർ, സിറിയൻ കത്തോലിക്കർ ഇങ്ങനെയാണു ജനസംഖ്യാക്രമം. സിറിയൻകത്തോലിക്കരെ സംബന്ധിച്ചിടത്തോളവും ഈ ഗ്രേഡിൽ ഒരാളെങ്കിലും ഇല്ലാത്തതു കഷ്ടമല്ലേ? ഇവരിൽ നിന്നാണല്ലോ സെക്രട്ടറിമാരായിട്ടും പേഷ്ക്കാരന്മാരായിട്ടും വകുപ്പദ്ധ്യക്ഷന്മാരായിട്ടും പോകുന്നത് ഈ സ്ഥാനങ്ങളിലും കത്തോലിക്കരാരുമില്ല.

MR. D. C. JOSEPH. ആ ഉദ്യോഗങ്ങളിൽ മററു ക്രസ്ത്യാനികളില്ലേ?

[The President left the House and the Deputy President occupied the chair.]

MR. THARIATHU KUNJITHOMMEN: കത്തോലിക്കരില്ലെന്നാണ് ഞാൻ പറഞ്ഞത്. ഇപ്പോൾ താണ ഉദ്യോഗമായാലും ഉയർന്ന ഉദ്യോഗമായാലും പണ്ടേ ഉദ്യോഗത്തിൽ പ്രവേശിക്കാനിടയായവരുടെ ആളുകൾക്കാണ് അധികം കിട്ടിക്കാണുന്നത്. ഏതെങ്കിലും ഒരു ഉദ്യോഗസ്ഥൻ പെൻഷൻ പററുമ്പോൾ അയാളുടെ ചാർച്ചക്കാരായ നാലുപേരെയെങ്കിലും ഉദ്യോഗത്തിൽ കയററിയിരിക്കും. പുതിയതായി നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥന്മാരുടെ ഒരു ലിസ്റ്റ് എടുത്തു പരിശോധിച്ചാൽ ഗവൺമെൻറിനു ഇതു മനസ്സിലാകും. സ്ഥിതി ഇതാണെങ്കിൽ പിന്നെ എങ്ങനെയാണ് മററുള്ളവർക്കു കിട്ടുക? മുൻപു ഉദ്യോഗം കിട്ടിക്കൊണ്ടിരുന്ന സമുദായക്കാർക്കു പാരമ്പര്യമായി ഉദ്യോഗം കിട്ടിക്കൊണ്ടിരിക്കുന്നു. ഉദ്യോഗത്തിലിരുന്നു ഗവൺമെൻറിനേയും പബ്ളിക്കിനേയും സേവിച്ചുപോന്ന ആളുകളുടെ മക്കൾക്കു ഉദ്യോഗം കൊടുക്കേണ്ടേ എന്നു ചോദിക്കുമായിരിക്കും. ശരിതന്നെ. എന്നാൽ അവർ അധികാരമുള്ള ഉദ്യോഗങ്ങളിൽ ഇരുന്നു സമ്പാദിക്കുകയും മററു പല കാര്യങ്ങളും തങ്ങൾക്കു നേടുകയും ചെയ്തിട്ടുള്ളവരാണ്. പോരെങ്കിൽ പെൻഷനും ഉണ്ട്. ഉദ്യോഗത്തിൽ ഇരിക്കുമ്പോൾ പലരും ന്യായരഹിതമായും സമ്പാദിച്ചിരിക്കും. ആ പണം കൊണ്ട് അവർക്കും സന്താനങ്ങൾക്കും ഭംഗിയായി കൃഷിയും മററു വ്യവ

സായങ്ങളും ചെയ്യാം. ഇങ്ങനെ സാമ്പത്തികമായി ഒരു നില ഉറപ്പിച്ചിട്ടുള്ളവരുടെ മക്കൾക്ക് പാരമ്പര്യമായി ഉദ്യോഗങ്ങൾ കൊടുത്തുകൊള്ളണമെന്ന് പറയുന്നതു് ന്യായമായ കാര്യമല്ല. അവരിലും യോഗ്യതയുള്ളവർക്കു കൊടുക്കാം. വിരോധമില്ല. പക്ഷെ അവരേയും മററുള്ളവരെപ്പോലെ ഗണിച്ചാൽ മതി. വിവിധതാൽപ്പര്യങ്ങളും വിവിധപാരമ്പര്യവും സാഹചര്യങ്ങളുമുള്ള പല സമുദായങ്ങളിൽനിന്നും പ്രാപ്തിയുള്ളവരെ തിരഞ്ഞെടുത്തു് ഉദ്യോഗസ്ഥന്മാരായി വയ്ക്കേണ്ടതാണ്. എന്നാൽ മാത്രമെ പൊതുക്ഷേമവും നീതിയും പാലിക്കുവാൻ സാധിക്കു.

MR. M. R. NARAYANA PILLAI ; ഇംഗ്ളണ്ടിൽ ഉദ്യോഗസ്ഥന്മാരുടെ മക്കൾക്ക് ജോലി കിട്ടുന്നതായി അറിയാമോ ?

MR. THARIATHU KUNJITHOMMEN : അവിടെ പാർലമെൻറു ഭരണമാണ്. ഉദ്യോഗസ്ഥന്മാർക്കു വലിയ നിലയില്ല. ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരും മെമ്പറിനെപ്പോലെയുള്ള ബാരിസ്റ്ററന്മാരും ഭരണകാര്യങ്ങളിൽ ഇടപെടുന്നു. ഉദ്യോഗസ്ഥന്മാരുടെ മക്കൾക്കു പ്രത്യേക നിലയൊന്നുമില്ല. ഇപ്പോൾ ചില സമുദായങ്ങളിൽപെട്ടവർക്കു അധികം ഉദ്യോഗങ്ങൾ കിട്ടിയിരിക്കുന്നതുപോലെ ചില പ്രദേശത്തുള്ളവക്കും കൂടുതൽ ഉദ്യോഗങ്ങൾ കിട്ടിയിട്ടുണ്ടു്. നായന്മാക്കോ അല്ലെങ്കിൽ ബ്രാഹ്മണക്കോ കൂടുതൽ ഉദ്യോഗങ്ങൾ കിട്ടിയിട്ടുണ്ടെങ്കിൽ വടക്കൻ തിരുവിതാംകൂറിലെ നായന്മാക്കാകട്ടെ ബ്രാഹ്മണക്കാകട്ടെ ഇതിൽ പങ്കില്ല. അതുകൊണ്ടു് സമുദായ പ്രാതിനിദ്ധ്യം പോലെ ദേശീയപ്രാതിനിദ്ധ്യത്തേയും മേലിൽ നോക്കേണ്ടതായിവരും. എന്തുകൊണ്ടാണ് സമുദായപ്രാതിനിദ്ധ്യവാദം വന്നതു് ? ചില സമുദായങ്ങൾക്ക് ഉദ്യോഗം കിട്ടാത്തതുകൊണ്ടു്. അതുപോലെ ചില പ്രദേശക്കാക്കു ഉദ്യോഗമില്ലാതെവരുമ്പോൾ പ്രാദേശിക പ്രാതിനിദ്ധ്യവാദവും ആവശ്യമായിവരും. ഇപ്പോഴത്തെ പബ്ളിക്ക് സർവീസ് കമ്മീഷണരുടെ ശുപാർശ തന്നെ നോക്കുക. അതിൽനിന്നും കാണാം ഇപ്പോഴും തലസ്ഥാനത്തുള്ളവക്കും മദ്ധ്യതിരുവിതാംകൂറുകാക്കും തെക്കൻ തിരുവിതാംകൂറുകാക്കുമാണ് കൂടുതൽ ഉദ്യോഗങ്ങൾ കിട്ടിക്കൊണ്ടിരിക്കുന്നതെന്നു്.

MR. M. R. NARAYANA PILLAI : നല്ല വെള്ളം വേണമെന്നാഗ്രഹിച്ചു് ചില ആളുകൾ മററു നാടുകളിൽ പോകുന്നില്ലേ? അതു ചെയ്യരുതെന്നാണോ മെമ്പർ പറയുന്നതു് ?

MR. THARIATHU KUNJITHOMMEN : ചീത്തവെള്ളമാണെങ്കിലും തൻെറ കിണററിലെ വെള്ളം തന്നെ കുടിക്കണമെന്നുപറയുന്നതുപോലെയാണ്.

MR. PADIYARA JOSEPH KUNJU: ഒന്നുകിൽ സമുദായപ്രാതിനിധ്യം അല്ലെങ്കിൽ പ്രാദേശികപ്രാതിനിധ്യം. ഇതിൽ ഏതെങ്കിലും ഒന്നുതരാമെന്നു് ഗവണ്മെൻറു പറഞ്ഞാൽ മെമ്പർ ഏതിനെയാണു് സ്വീകരിക്കുന്നതു് ?

MR. THARIATHU KUNJITHOMMEN: ഗവണ്മെൻറു അങ്ങിനെ പറയുമ്പോൾ അതിനെപ്പററി ആലോചിച്ചാൽ മതിയല്ലോ ?

MR. PADIYARA JOSEPH KUNJU: ഞാൻ മെമ്പറിൻെറ വാദത്തെ എതിക്കുകയല്ല. എന്നാലും മെമ്പർ ഏതിനെ സ്വീകരിക്കുമെന്നറിഞ്ഞാൽ മെമ്പറിൻെറ വാദത്തിൻെറ ഗതി എന്താണെന്നറിയാമായിരുന്നു.

MR. THARIATHU KUNJITHOMMEN: ആ സന്ദർഭത്തിൽ അതിനെപ്പററി ആലോചിച്ചുകൊള്ളാം.

MR. PADIYARA JOSEPH KUNJU: ഇപ്പോൾ അതിനെപ്പററി ആലോചിച്ചിട്ടില്ലേ ?

MR. THARIATHU KUNJITHOMMEN: ഇപ്പോൾ അതിനെപ്പററി ആലോചിക്കേണ്ട ആവശ്യമുണ്ടായിട്ടില്ല.

MR. KANNANTHODATH JANARDANAN NAIR: പ്രാദേശിക പ്രാതിനിധ്യം വേണമെന്നു് മെമ്പർ വാദിക്കുന്നതു് സാമ്പത്തികമായ കാരണംകൊണ്ടാണോ ?

MR. THARIATHU KUNJITHOMMEN: ഉദ്യോഗം വഹിക്ക എന്നു പറയുന്നതു് അധികാരം വഹിക്കയാണു്. അധികാരം വടക്കൻ തിരുവിതാംകൂറുകാക്കും എല്ലാ സമുദായങ്ങൾക്കും കിട്ടണമെന്നേ ഞങ്ങൾ പറയുന്നുള്ളു.

MR. M. R. NARAYANA PILLAI: അപ്പോൾ സിറിയൻ കത്തോലിക്കനായ ഒരു പേഷ്കാർ പെൻഷൻ പററുമ്പോൾ അടുത്തപേഷ്കാരും സിറിയൻകത്തോലിക്കൻതന്നെ ആയിരിക്കണമെന്നാണോ മെമ്പർ പറയുന്നതു്?

MR. THARIATHU KUNJITHOMMEN: ജിജ്ഞാസുവിൻെറ ചോദ്യത്തിനെ ഉത്തരപക്ഷം വേണ്ട ഇതിനുവേണ്ട.

MR. T. C. KESAVA PILLAI: ഇപ്പോഴത്തെ ഉദ്യോഗത്തിനു് പോകുന്ന ആളുകൾ ഏതുപ്രദേശത്തുകാരാണോ അതാതു പ്രദേശത്തുകാക്കു അങ്ങിനെ പോകുന്നവരുടെ എണ്ണത്തിനനുസരണമായി ഉദ്യോഗം കൊടുക്കുന്നതു സമ്മതമാണോ ?

MR. THARIATHU KUNJITHOMMEN: എല്ലാ താലൂക്കുകാക്കും എല്ലാ സമുദായക്കാക്കും കൊടുക്കണം.

നീതിയും ന്യായവും പരിരക്ഷിക്കണമെന്ന് ആഗ്രഹിക്കുന്ന ഗവൺമെൻറ് മററു വിഷയങ്ങളിലെന്നപോലെ ഉദ്യോഗനിയമനത്തിലും ശരിയായ മാനദണ്ഡംവച്ചു പെരുമാറണം. യോഗ്യതയുള്ളവക്കു കൊടുത്താൽമതി. ഉദ്യോഗമുള്ളവക്കു ധനവും സ്വാധീനശക്തിയും അന്തസ്സും മററുള്ളവരുടെ ഇടയിൽ നേതൃസ്ഥാനവും ഉണ്ടാകുന്നു. ചില സമുദായക്കാർ അധികാരം പ്രയോഗിക്കാനും മററു സമുദായക്കാർ അവക്കു കീഴ്പ്പെട്ട് യജമാനന്മാർ എന്ന നിലയിൽ അവരെ ഗണിച്ചു കഴിയുവാനും ഇടയാകരുത്. വാസ്തവത്തിൽ ഓരോ ഉദ്യോഗസ്ഥനും അയാളുടെ കുഡുംബക്കാക്കും അയാളുടെ സമുദായത്തിനും അയാളുടെ നാട്ടിലുള്ള മററുള്ളവരുടെമേൽ പ്രഭുത്വവും പ്രാമാണ്യവും വന്നുചേരുന്നതായി കാണുന്നു. ഇതു കണ്ടുംകൊണ്ടിരിക്കുന്നവർ തങ്ങൾക്കും തങ്ങളുടെ സമുദായത്തിനും ഇതു് ഉണ്ടാകണമെന്നാഗ്രഹിക്കുന്നതു് കേവലം സ്വാഭാവികമാണ്. ഞങ്ങൾ മററുള്ളവരുടെ പങ്കു വേണമെന്നു പറയുന്നില്ല. അവരവക്കു കിട്ടാനുള്ള പങ്കു കിട്ടണം. എനിക്കുള്ള പങ്ക് എനിക്കു തരണമെന്നു പറഞ്ഞാൽ അതിനു മററുള്ളവക്കു കോപിക്കേണ്ട ആവശ്യമുണ്ടോ? എല്ലാ സമുദായങ്ങൾക്കും അവരവരുടെ പങ്കു കിട്ടണമെന്നേ പറയുന്നുള്ളൂ. വാസ്തവത്തിൽ കൈക്കൂലിയും അഴിമതിയും വർദ്ധിക്കുവാനുള്ള സാഹചര്യം കൂടുതൽ ഉണ്ടായിരിക്കുന്നതു് ചില സമുദായക്കാർ തന്നെ തിങ്ങിക്കയറിയിരിക്കുന്ന ഡിപ്പാർട്ടുമെൻറുകളിലാണ്. ഇതു് ഞാൻ ആരേയും ആക്ഷേപിക്കുവാൻ പറയുന്നതല്ല. ഉദ്യോഗസ്ഥന്മാരും മനുഷ്യർ തന്നെയാണ്. മനുഷ്യസാധാരണമായ സ്വജനപക്ഷപാതം അവരിലും കാണും. ഷോർട്ട വേക്കൻസിയിലെ നിയമനങ്ങൾതന്നെ ഇതിനു തെളിവാണ്. ചില ഉദ്യോഗസ്ഥന്മാർ അനീതി നടത്തി പാപവും പഴിയും സമ്പാദിക്കുന്നു ഇതുനിമിത്തം ജനങ്ങൾ നഷ്ടവും കഷ്ടതയും അനുഭവിക്കുന്നു. ഇതു രണ്ടിൽനിന്നും രണ്ടു കൂട്ടരേയും രക്ഷിക്കുവാൻ എല്ലാപ്പടികളിലുംഎല്ലാ സമുദായക്കാരും വേണം. ഫാറസ്റ്റ്, എക്സൈസ്, ലാൻറു റവന്യൂ എന്നിങ്ങനെയുള്ള ഡിപ്പാർട്ടുമെൻറിലെ എഴുപതു ശതമാനം ഉദ്യോഗങ്ങളും ഒരു പ്രത്യേക സമുദായത്തിൻെറ കയ്യിലാണിരിക്കുന്നതു്. കൈക്കൂലിയും അഴിമതിയും വിളയാടുവാനുള്ള കാരണവും ഇതുതന്നെയാണ്. ജാതിത്തണലിലാണ് അഴിമതി വളരുന്നതു്. . മററു സമുദായക്കാക്ക് ഇതു വളരെ സങ്കടമുളവാക്കിക്കൊണ്ടിരിക്കുന്നു എന്നതു സ്പഷ്ടമാ

ണ്. എൻെറ സമുദായക്കാർതന്നെയായാലും ഒരു വകുപ്പിൽ അധികമായാൽ അഴിമതി നടക്കും.

MR. A. K. KUMARAN VAIDYAN : ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിലെന്നപോലെ സർവെ ഡിപ്പാർട്ടുമെൻറിലും ഒരു പ്രത്യേക സമുദായക്കാർക്കുമാത്രമെ ഉദ്യോഗമുള്ളു എന്നു മെമ്പർക്കറിയാമോ?

MR. THARIATHU KUNJITHOMMEN: എല്ലാ ഡിപ്പാർട്ടുമെൻറിലേയും അവസ്ഥ ഏറക്കുറെ ഇതുതന്നെയാണ്. ഇവിടെ വിദേശികളെ നിയമിക്കുന്നതിൽ ചിലർ കോപിക്കുന്നു. ഇവിടെയുള്ള നന്നു വകുപ്പദ്ധ്യക്ഷന്മാരിൽ ഒരൊററ കത്തോലിക്കനോ ഈഴവനോ ഇല്ലാത്തതെന്താണെന്നു ചോദിക്കാൻ ഇവരിലാരുമില്ല. അങ്ങിനെയുള്ളവർ വിദേശികളെ ഇവിടെ നിയമിക്കരുതെന്നു പറയുന്നതിൻെറ അത്ഥം എന്താണെന്നു മററുള്ളവർക്കും അറിയാമെന്നു കരുതണം. എൻെറ അഭിപ്രായത്തിൽ സ്വദേശത്തുള്ള എല്ലാ വർഗ്ഗക്കാരോടും നീതി കാണിക്കാനുള്ള മഹാമനസ്കതയില്ലാത്ത സ്വദേശികളെക്കാൾ വിദേശികൾതന്നെ ഭേദമെന്നാണ്. രാജ്യത്തുനീതിയും ന്യായവും നടത്തുവാനാണ് ദേശാഭിമാനികൾ ഒന്നാമതായി ശ്രദ്ധിക്കേണ്ടതു്.

MR. M. R. NARAYANA PILLAI : അതു് എലിയെ തോല്പിച്ച് ഇല്ലത്തിനു തീ വയ്ക്കുന്ന നയമല്ലേ?

MR. THARIATHU KUNJITHOMMEN: ഒരിക്കലുമില്ല. ഇല്ലം നന്നായിരിക്കണം. കാററും വെളിച്ചവുമില്ലാതെ ദുഷിച്ച വായു നിറഞ്ഞ് ഇരുളടഞ്ഞ മുറികളോടുകൂടി മനുഷ്യവാസത്തിന് യോഗ്യമല്ലാത്ത ഇല്ലത്തെ വിദേശികളെക്കൊണ്ടെങ്കിലും നന്നാക്കണ്ടേ? ഇല്ലത്തിലെല്ലാവർക്കും പ്രവേശനം വേണ്ടേ?

MR. PULIYOOR T. P. VELAYUDHAN PILLAI : മെഡിക്കൽ ഡിപ്പാർട്ടുമെൻറിൽ ക്രസ്ത്യാനികൾ കൂടുതൽ ഉള്ളതുകൊണ്ട് ഇനി അവിടെ ക്രസ്ത്യാനികളെ നിയമിക്കരുതെന്നു മെമ്പർ പറഞ്ഞിട്ടുണ്ടോ?

MR. THARIATHU KUNJITHOMMEN : അതുപോലെ മെമ്പർ പറഞ്ഞിട്ടില്ലല്ലൊ. ഹിന്ദുക്കൾക്കു പ്രാതിനിദ്ധ്യക്കൂടുതലുള്ള ഡിപ്പാർട്ടുമെൻറുകളിൽ ഹിന്ദുക്കളെ നിയമിക്കരുതെന്നു്? മെഡിക്കൽ ഡിപ്പാർട്ടുമെൻറിലുള്ള ക്രസ്ത്യാനികളിൽ എത്ര കത്തോലിക്കരുണ്ടെന്നുള്ള കണക്കു നോക്കേണ്ടതാണ്. ക്രസ്ത്യാനികളെന്നു പൊതുവിൽ പറഞ്ഞാൽ പോരാ.

MR. T. C. KESAVA PILLAI : സർ, ഞാൻ ഒരു പായിൻറ് ആഫ് ആർഡർ കൊണ്ടുവരുന്നു. രണ്ടു മെംബറന്മാർ രണ്ടു സമുദായങ്ങളുടെ വക്കാലത്തു പിടിച്ചുംകൊണ്ടു യുദ്ധം ചെയ്യുന്നു. അതു് അനുവദിക്കത്തക്കതാണോ?

MR. THARIATHU KUNJITHOMMEN : ഞാൻ എന്റെ അഭിപ്രായം പറയുകയാണ്. ഗവണ്മെന്റ് ഇക്കാര്യം ശ്രദ്ധിക്കണം. നിയമനങ്ങളിൽ നീതി നടത്തണമെന്ന ഈ വാദത്തോടു ന്യായമായി എല്ലാവരും സഹകരിക്കേണ്ടതാണ്. എല്ലാ സമുദായങ്ങളോടും നീതി ചെയ്യണമെന്നാണു ഞാൻ പറയുന്നതു്. ഒരു സമുദായത്തോടെന്നല്ല, അതു ഞാൻ പ്രത്യേകം സൂക്ഷിച്ചിട്ടുണ്ട്. ഇപ്പോൾതന്നെ ഷാർട്ട വേക്കൻസികളിൽ നടത്തിയിട്ടുള്ള നിയമനങ്ങളുടെ പട്ടിക മേശപ്പുറത്തുള്ളതു നോക്കാമെങ്കിൽ ഞങ്ങളുടെ വാദത്തിന്റെ ന്യായം ന്യായബുദ്ധിയുള്ള ആരും സമ്മതിക്കുമെന്നാണ് എന്റെ ബോദ്ധ്യം. ഇവിടെയുള്ള സമുദായങ്ങളുടെ കാര്യത്തിൽ നീതി നടത്തുമെങ്കിൽ അങ്ങിനെയുള്ള വിദേശികളെ ഇവിടെ നിയമിക്കുന്നതിലും തെററില്ല. എഫിഷ്യൻസിക്കാണ് പ്രാധാന്യം കൊടുക്കുന്നതെങ്കിൽ ഈ നാട്ടുകാരെക്കാൾ കൂടുതൽ എഫിഷ്യൻസിയുള്ള വിദേശികളെ ഇവിടെ നിയമിക്കുന്നതിൽ എന്തു തെററാണുള്ളതു്? രാജ്യത്തുള്ള ആളുകളെ നിയമിച്ച് രാജ്യവാസികൾക്കുതന്നെ ശമ്പളം കൊടുക്കണമെന്നു പറയുന്നതു നല്ലതുതന്നെ. എന്നാൽ അതിലും കൂടുതലായി ശ്രദ്ധിക്കേണ്ടതു ജനസമുദായങ്ങളുടെ അഭിമാനത്തെയും ക്ഷേമത്തെയും രക്ഷിക്കുന്നതിനാണ്.

MR. PULIYOOR T. P. VELAYUDHAN PILLAI : ദേശീയവാദം സ്വീകരിക്കേണ്ടിവരുന്നപക്ഷം അതിന്റെ മാനദണ്ഡമായി എടുക്കേണ്ട ഘടകം ഏതാണ്? താലൂക്കാണോ? പകുതിയാണോ?

MR. THARIATHU KUNJITHOMMEN : സമുദായപ്രാതിനിധ്യത്തിനുവേണ്ടി അംഗീകരിച്ചിരിക്കുന്ന റൊട്ടേഷൻ സമ്പ്രദായം ഇവിടേയും സ്വീകരിക്കാം. ഘടകം ഏതായാലും തരക്കേടില്ല.

MR. PULIYOOR T. P. VELAYUDHAN PILLAI : അതിന്റെ ഘടകമായി താലൂക്കിനെ എടുക്കുകയാണെങ്കിൽ അവിടെ വിദ്യാഭ്യാസയോഗ്യതയില്ലാത്തവരുണ്ടെങ്കിൽ എന്തു ചെയ്യണം?

MR. THARIATHU KUNJITHOMMEN : അപേക്ഷകന്മാരിൽനിന്നും പരീക്ഷായോഗ്യതയുള്ളവരുണ്ടെങ്കിൽ നിയമിച്ചാൽമതി. ഇല്ലെങ്കിൽ മററു താലൂക്കിൽനിന്നും എടുത്തുകൊള്ളണം.

MR. PULIYOOR T. P. VELAYUDHAN PILLAI : അപ്പോൾ അപേക്ഷകന്മാരുടെ എണ്ണത്തെയല്ലേ മാനദണ്ഡമാക്കേണ്ടതു്?

MR. THARIATHU KUNJITHOMMEN : അതു ശരിയല്ല.

MR. K. P. KOCHUKORA THARAKAN : ഏതെങ്കിലും നിയമനം നടത്തുമ്പോൾ വന്നിട്ടുള്ള അപേക്ഷകൾ നോക്കി പ്രാതിനിധ്യക്കുറവുള്ള താലൂക്കുകാരായവരെ നിയമിച്ചാൽ മതിയാകുകയില്ലേ?

MR. THARIATHU KUNJITHOMMEN : ധാരാളം മതിയാകും. ഞാൻ പറയുന്നതു മനസ്സുണ്ടെങ്കിൽ വഴിയുമുണ്ടെന്നാണ്.

DEPUTY PRESIDENT : Order, order. The honourable member has exceeded the time limit and he may conclude his remarks.

MR. THARIATHU KUNJITHOMMEN അതുകൊണ്ട് അസിസ്റ്റൻറു സെക്രട്ടറിമാരുടെയും അസിസ്റ്റൻറു പേഷ്കാരന്മാരുടെയും ഇടയിൽ ഗണനീയ സമുദായങ്ങൾക്കെല്ലാം പ്രാതിനിധ്യം നൽകേണ്ടതാണ്. ഇവരാണ് സെക്രട്ടറിമാരായും പേഷ്കാരന്മാരായും മററും ഉയർന്നുവരുന്നത്.

MR. P. SIVARAMA PILLAI : ഇപ്പോൾ നിങ്ങളുടെ സമുദായത്തിൽ നിന്നും ഒരു പേഷ്കാർ ഇല്ലേ?

MR. THARIATHU KUNJITHOMMEN : അരി എത്ര എന്നു ചോദിക്കുമ്പോൾ പയറു മുന്നാഴിയില്ലേ എന്നു പറയുന്നതുപോലെയാണ് ഇത്. ഞാൻ അസിസ്റ്റൻറു പേഷ്കാരന്മാരുടേയും അസിസ്റ്റൻറു സിക്രട്ടറിമാരുടേയും കാര്യമാണു പറഞ്ഞത്. അതിനു പേഷ്കാരില്ലേ എന്നാണു ചോദ്യം. രണ്ടു പേഷ്കാരുള്ള ഒരു സമുദായത്തിലെ അംഗമാണ് എന്നോട്ട് അതു ചോദിക്കുന്നത്. മററുള്ളവരെപ്പോലെ ഞങ്ങളേയും ഗണിക്കണമെന്നു പറയുമ്പോൾ എന്തിനാണ് ഈ വഴക്കെല്ലാം? ഞങ്ങൾ യാതൊരു വഴക്കിനും വരുന്നില്ല. നീതിക്കായി വാദിക്കയും അനീതിയെ ചൂണ്ടിക്കാണിക്കയും ചെയ്യുന്നു എന്നേയുള്ളു.

MR. KANNANTHODATHU JANARDANAN NAIR : ഈ സമുദായപ്രാതിനിധ്യവാദത്തിന് എതിരായി ആരെങ്കിലും നിൽക്കുന്നതു മെമ്പർ കണ്ടിട്ടുണ്ടോ?

MR. THARIATHU KUNJITHOMMEN : ഉണ്ട്. മെമ്പറെപ്പോലെയുള്ള ആളുകൾ ചിലപ്പോൾ അതിനെ എതിക്കാറുണ്ട്. ചിലർ അതിനെ അനുകൂലിക്കുന്നു. മററുചിലർ മററുചില കാരണങ്ങളാൽ അതിനെ എതിർത്തു എന്നും വരാം. ഏതായാലും ഇതിൻെറ നാനാവശങ്ങളേയും പററി ചിന്തിക്കുകയും, കൂടുതൽ ലോകപരിചയം സമ്പാദിക്കുകയും ചെയ്യുമ്പോൾ മെമ്പറിൻെറ എതിർപ്പും മാറുമെന്നാണ് എൻെറ വിശ്വാസം.

MR. A. K. KUMARAN VAIDYAN : സർ, മിസ്റ്റർ കൊച്ചുകോരാ തരകൻ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു. സമുദായ

പ്രാതിനിധ്യവാദം ഇവിടെ അംഗീകരിക്കുന്നതിലേക്കായി എല്ലാ സമുദായക്കാരുംകൂടി യോജിച്ച് ഒരു തീരുമാനം നടത്തുകയുണ്ടായല്ലൊ. അതുപോലെ പ്രാദേശികവാദത്തെ സംബന്ധിച്ചും ഡിപ്യൂട്ടി പ്രസിഡൻറിൻെറ അദ്ധ്യക്ഷതയിൽ ഒരു കൂടിയാലോചന നടത്തുകയും ആ വാദത്തെ ഏറെക്കുറെ അംഗീകരിക്കുകയും ഉണ്ടായി. എന്നാൽ പിന്നീട് അതിനെപ്പററി യാതൊരു നടപടിയും നടത്തിയതായി കാണുന്നില്ല.

വടക്കൻതിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം ഏതു സമുദായത്തിൽപെട്ട ആളായിരുന്നാലും ശരി, ഉദ്യോഗം കുറവുതന്നെയാണ്. അവിടെയുള്ള പൂർവ്വികന്മാർ ഉദ്യോഗസ്ഥന്മാരായിരുന്നില്ല. പബ്ലിക്കു സർവീസ് എന്നുള്ള തത്വംതന്നെ ഏതാനും കൊല്ലങ്ങൾ മാത്രമെ ആയുള്ളൂ വടക്കൻതിരുവിതാംകൂർകാർ അറിഞ്ഞുതുടങ്ങിയിട്ടു. അതിനു മുമ്പ് പബ്ലിക്കു സർവീസ് അങ്ങാടിമരുന്നോ പച്ചമരുന്നോ എന്ന് അറിയാൻ പാടില്ലാതെ ഞങ്ങൾ വിഷമിച്ചുകൊണ്ടിരിക്കുകയായിരുന്നു. എന്നാൽ സമുദായപ്രാതിനിധ്യവാദം ഗവൺമെൻറംഗീകരിക്കുകയും ഒരു പബ്ലിക്കു സർവീസ് കമ്മീഷണരെ നിയമിക്കുകയുംചെയ്തു. അതിൻെറ തണലിൽനിന്നുകൊണ്ടാണ് ഇപ്പോൾ ഞങ്ങൾ പ്രാദേശികപ്രാതിനിധ്യത്തെപ്പററി പറയുന്നത്. സർ, വിശാലവീക്ഷണനും ഭരണതന്ത്രകുശലനുമായ സർ സി. പി. രാമസ്വാമി അയ്യർ അവർകളുടെ ഭരണാധികാരനേതൃത്വത്തിൻകീഴിലല്ലായിരുന്നു ഇപ്പോഴത്തെ ഭരണമെങ്കിൽ ഇന്നു കാണുന്ന ഈ ക്രിസ്ത്യാനികൾക്കൊ ഈഴവർക്കൊ ഒരു ഉദ്യോഗത്തിൻെറ കണികപോലും കിട്ടുകയില്ലായിരുന്നു. അങ്ങേയുടെ നേതൃത്വവിശേഷം കൊണ്ടു മററുള്ള സമുദായക്കാരും ഈ വിഷയത്തിൽ സൌഹാർദ്ദപൂർവം പെരുമാറുന്നുണ്ടെന്നു സമ്മതിച്ചേ തീരൂ. അതുകൊണ്ടു മുമ്പുണ്ടായിരുന്ന ദുരിതാനുഭവങ്ങൾക്ക് ഒരു ശമനം ഇപ്പോൾ ഉണ്ടായിട്ടുണ്ട്. സർ, അത് അങ്ങയുടെ മഹാമനസ്കതകൊണ്ട് ഉണ്ടായിട്ടുള്ളതാണ്.

ഈഴവസമുദായത്തിന് അനേകകാലമായി വിദ്യാഭ്യാസമില്ലായിരുന്നു. പിന്നീട് മിഷണറി സ്കൂളുകളിൽനിന്ന് കുറച്ചു വിദ്യാഭ്യാസം ലഭിച്ചു. അതിനുശേഷം രണ്ടു ഈഴവമാന്യന്മാർ ഇവിടത്തെ ദിവാൻജിയായിരുന്ന ശങ്കരസുബ്ബയ്യരുടെ കാലത്തു ഉദ്യോഗത്തിനു പുറത്തുപോകേണ്ടതായി വന്നു.

[Mr. K. P. Kochu Kora Tharakan: leaves The House.]

MR. M. R. NARAYANA PILLAI: On a point of order, is it proper for the honourable member who has moved the motion to leave the House when the discussion is going on?

DEPUTY PRESIDENT: The honourable member takes the risk. That is all.

MR. A. K. KUMARAN VAIDYAN: അങ്ങനെ ഈ മിഷണറിമാരുടെ സഹായത്തോടുകൂടി ഞങ്ങൾ പഠിച്ചുവന്നു. പിന്നെ സർ രാജഗോപാലാചാരിയുടെ കാലം വന്നപ്പോൾ പബ്ലിക്ക് സർവീസിൽ കുറെക്കൂടെ പ്രോത്സാഹനം ലഭിച്ചു. ഇപ്പോഴത്തെ ദിവാൻജിയുടെ കാലത്ത് കൂടുതൽ പ്രോത്സാഹനം ലഭിച്ചുവരുന്നുണ്ടു. എങ്കിലും ഞങ്ങൾ അർഹിക്കുന്നിടത്തോളം ഞങ്ങൾക്കു കിട്ടുന്നില്ലെന്നു പറയാതിരിക്കുവാൻ തരമില്ല.

ഈ ഘട്ടത്തിൽ മെഡിക്കൽഡിപ്പാർട്ടുമെൻറിനെപ്പററി ഒരു വാക്കു പറഞ്ഞുകൊള്ളട്ടെ. മെഡിക്കൽഡിപ്പാർട്ടുമെൻറിൽ ഭൂരിപക്ഷം ഉദ്യോഗവും ഇന്ന് ഒരു സമുദായത്തിൻെറ കൈയ്യിൽ ഇരിക്കുകയാണ്. ഈ നിലയും ഗവന്മെൻറ് മാററിത്തരേണ്ടതാണ്. തിരുവിതാംകൂറിൽ ആറോ ഏഴോ അസിസ്റ്റൻറ് പേഷക്കാരന്മാർ ഉണ്ട്. എന്നാൽ ഈഴവരായി ആരുമില്ല. മുമ്പു ജുഡിഷ്യൽ ഡിപ്പാർട്ടുമെൻറിലെ പ്രാതിനിധ്യക്കുറവിനെ പരിഹരിക്കുവാൻ സെക്രട്ടറിയായിരുന്ന ഒരു ഈഴവനെ ജഡ്ജിയാക്കി. അതിനുശേഷം അതേ ജഡ്ജിയെ വീണ്ടും സെക്രട്ടറിയാക്കി. ഇങ്ങനെ ഓരോ തുറയിലേക്ക് ഒരേയാളിനെത്തന്നെ മാററി നിയമനങ്ങൾ നടത്തി ഞങ്ങളുടെ പ്രാതിനിധ്യക്കുറവിനെ പരിഹരിക്കുക എന്നുള്ള നയം ഗവന്മെൻറ് സ്വീകരിക്കുന്നതു് സങ്കടകരമാണ്. അതുകൊണ്ട് യോഗ്യന്മാരായ ആളുകളെ നോക്കി ഞങ്ങളുടെ സമുദായത്തിൽനിന്നും അസിസ്റ്റൻറ് പേഷ്ക്കാരന്മാരായി നിയമിക്കണമെന്നപേക്ഷിക്കുന്നു.

അതുപോലെ സർവേ ഡിപ്പാർട്ടുമെൻറിൽ നൂററുക്ക് തൊണ്ണൂററൊൻപതു ഉദ്യോഗങ്ങളും ഒരൊററ സമുദായത്തിൽപ്പെട്ട ആളുകൾക്കാണ് ഉള്ളതു. സർവേ പരീക്ഷയും മററും പാസായി മററനേക ഉദ്യോഗാർത്ഥികൾ ഇതരസമുദായത്തിൽപ്പെട്ടവർ നടക്കുന്നുണ്ട്. എന്നാൽ വീണ്ടും ആ ഡിപ്പാർട്ടുമെൻറിൽ പ്രാതിനിധ്യം കൂടുതലുള്ള സമുദായക്കാർക്ക് തന്നെയാണ് ഉദ്യോഗങ്ങൾ കൊടുത്തുകൊണ്ടിരിക്കുന്നതു്. ഈഴവസമുദായത്തിനാകട്ടെ, ക്രിസ്ത്യൻസമുദായത്തിനാകട്ടെ ഇപ്പോഴും ആ ഡിപ്പാർട്ടുമെൻറിൽ വേണ്ടിടത്തോളം പ്രവേശനമില്ലാതെയാണിരിക്കുന്നതു്. ഈ വക കാര്യങ്ങൾ കൂടി പരിശോധിച്ച് മൂവാററുപുഴ, കുന്നത്തുനാട്ട്, പറവൂർ മുതലായ വടക്കൻ തിരുവിതാംകൂറിലുള്ള താലൂക്കുകാർക്കുകൂടി ഉദ്യോഗപ്രാതിനിധ്യം ലഭിക്കത്തക്കവിധത്തിൽ വേണ്ട വ്യവസ്ഥ ചെയ്യണമെന്നു അപേക്ഷിക്കുന്നു.

MR. KANNANTHODATH JANARDANAN NAIR: I am rather inclined to oppose the motion. Hitherto I have never opposed any motion for communal representation in Public Service. Every friend of mine who knows me knows well that I have been strictly non-communal in

thought, word and deed. I have hitherto only tried to co-operate with any attempt at the adoption of communal representation in Public Service, for I felt that it was quite necessary for intercommunal harmony. But that co-operation has now been deliberately understood to be weakness. Weakness is the last attribute myself and my community want. Now I find that I should oppose this motion. Neither Mr. Kunjithommen who spoke before me, nor any body else had referred to communal co-operation as an inevitable result of communal representation. Sir, I have already mentioned that my conviction has always been that it was the acceptance of the principle of communal representation that deteriorated the Public Service of the State. Corruption is greatly perceptible in the service now. Even though I had that conviction, I had been keeping quiet for the last three years as a matter of policy. Now I do not want to keep that idea to myself. I don't want to swallow anything against my conviction hereafter because it does not receive the grace it ought to receive.

MR. P. KUNJUKRISHNAN: Does my friend say that before the acceptance of communal representation there was no corruption?

MR. KANNANTHODATH JANARDANAN NAIR: I will come to the point later on. If the honourable member will be patient enough to hear what all I have to say I shall be speaking exactly about that subject.

It is accepted on all hands that the principle of communal representation has been accepted by Government. But my honourable friend Mr. Kunjithommen, with his experience for the last 29 years in the legislature, has always spoken only for the Syrian Catholics and Syrian Catholics alone though representing a general constituency.

MR. THARIATHU KUNJITHOMMEN: ഞാൻ എല്ലാസമുദായക്കാൎക്കും വേണ്ടിയല്ലേ വാദിച്ചിട്ടുള്ളതു്?

MR. KANNANTHODATH JANARDANAN NAIR: അല്ല. മററു സമുദായക്കാരോടുള്ള മനഃസ്ഥിതി എനിക്ക് ഇന്നു രാവിലെ തന്നെ ബോദ്ധ്യപ്പെട്ടു കഴിഞ്ഞു. ഇന്നു രാവിലെ ബാറിൽ നിന്നും നേരിട്ട് മജിസ്ട്രേട്ടന്മാരെ നിയമിച്ചിരിക്കുന്നതിൻെറ ഒരു ലിസ്റ്റ് നൽകുകയുണ്ടായി. അതിൽ രണ്ടു സിറിയൻ കത്തോലിക്കർ ഉണ്ടായിരുന്നതുകൊണ്ടു് മി. കുഞ്ഞിത്തൊമ്മൻ സാധാരണ ചോദിക്കാറുള്ള രീതി അതിൽ പ്രയോഗിച്ചുകണ്ടില്ല.

MR. THARIATHU KUNJITHOMMEN: എൻെറ ചോദ്യമായിരുന്നോ അതു്? എൻെറ ചോദ്യത്തിനല്ലാതെ ഞാൻ ചോദ്യം ചോദിക്കുന്നതു് മെമ്പർ കേട്ടിട്ടുണ്ടോ?

MR. KANNANTHODATH JANARDANAN NAIR: ഞാൻ അതു സൂക്ഷിച്ചിട്ടില്ല.

MR. THARIATHU KUNJITHOMMEN : ബാറിൽ നിന്നും നിയമിച്ചതിനേക്കാൾ കൂടുതൽ മജിസ്ട്രേട്ടന്മാർ പ്രമോഷൻ കൊടുത്തു് നിയമനം നടത്തിയതായി പ്രാതിനിധ്യക്കുറവുള്ള സമുദായക്കാരിൽ ഉണ്ടെന്ന മെമ്പർക്കു അറിയാമോ?

MR. KANNANTHODATH JANARDANAN NAIR : ഞാൻ അതിനെപ്പററി ഒന്നും പറഞ്ഞില്ലല്ലോ. തന്റെ സമുദായത്തിനു് കൂടുതൽ പരിഗണന കാണിക്കുന്ന അവസരത്തിൽ മി. കുഞ്ഞിത്തൊമ്മൻ മറെറാരു നയം അവലംബിക്കുന്നതു് ഞാൻ സാധാരണ കാണാറുണ്ടെന്നേ പറഞ്ഞുള്ളു.

MR. THARIATHU KUNJITHOMMEN : ഇപ്പോഴുള്ള മജിസ്ട്രേട്ടന്മാരിൽ പ്രാതിനിധ്യക്കൂടുതലുള്ളതു് ഏതു സമുദായത്തിനാണെന്നറിയാമോ?

MR. KANNANTHODATH JANARDANAN NAIR : സമുദായപ്രാതിനിധ്യവാദം ഈ അടുത്തകാലത്താണുണ്ടായതു്. അതിനു് ഒരു പോംവഴി ഗവണ്മെൻറും മററു സമുദായങ്ങളുംകൂടി കണ്ടുപിടിക്കുകയും ചെയ്തു. എല്ലാവരേയും ഒരേസമയത്തു തൃപ്തിപ്പെടുത്താൻ സാധിക്കുന്ന ഒരു പ്രശ്നവുമല്ല ഇതു്. വീണ്ടും ഇതു് കുത്തിപ്പൊക്കേണ്ടതില്ലെന്നാണു് ഞാൻ പറയുന്നതു്.

MR. K. R. NARAYANAN : സമുദായപ്രാതിനിധ്യവാദം ഇവിടെ മാത്രമാണോ കൊണ്ടുവന്നിട്ടുള്ളതു്?

MR. KANNANTHODATH JANARDANAN NAIR : ഇത്ര ഭയങ്കരമായ ഗതിയിൽ ഇവിടെ മാത്രമെ ഉണ്ടായിട്ടുള്ളു. അതും ഇടക്കാലത്തു മാത്രമാണു്.

MR. THARIATHU KUNJITHOMMEN : മദ്രാസിലെ ജസ്റ്റീസു പാർട്ടി എങ്ങിനെയുണ്ടായി?

MR. KANNANTHODATH JANARDANAN NAIR : സമുദായപ്രാതിനിധ്യവാദമല്ല ജസ്റ്റീസു പാർട്ടിക്കുണ്ടായിരുന്നതു്. ബ്രാഹ്മണഅബ്രാഹ്മണവഴക്കാണു്.

MR. K. R. NARAYANAN : ഇവിടുത്തെ മലയാളി മെമ്മോറിയൽക്കാർ ഈ വാദത്തെയല്ലേ അവലംബിച്ചിരുന്നതു്.

MR. KANNANTHODATH JANARDANAN NAIR : ആയിരിക്കാം.

MR. THARIATHU KUNJITHOMMEN : അപ്പോഴപ്പോൾ ഗുണമുള്ള കാര്യത്തോടു യോജിക്കുകയും ഗുണമില്ലാതെവരുന്ന കാര്യത്തിൽ വിയോജിക്കുകയും ചെയ്യുക എന്ന ശീലമല്ലേ സാധാരണ ആളുകൾക്കുള്ളതു്?

MR. KANNANTHODATH JANARDANAN NAIR : ഞാൻ അങ്ങിനെ ശീലിച്ചിട്ടില്ല. ഒരുപക്ഷെ മെമ്പർ അങ്ങിനെ ചെയ്തിരിക്കാം.

MR. THARIATHU KUNJITHOMMEN : നായർസമുദായത്തിന് കൂടുതൽ പ്രാതിനിധ്യം ഉണ്ടായിട്ടല്ലേ ഈ വാദത്തിൽ മെമ്പർ അനാസ്ഥ കാണിക്കുന്നതു്.

MR. KANNANTHODATH JANARDANAN NAIR : ഒരാൾ ഒരു സമുദായത്തിൽ അബദ്ധത്തിൽ ജനിച്ചുപോയി എന്നുള്ളതു് അയാളുടെ കുറ്റമാണോ. അയാൾക്കു അതിൽ ഉത്തരവാദിത്വമുണ്ടോ? പ്രാതിനിധ്യവഴിക്കു കൊണ്ടു് പ്രത്യേകമെച്ചം സമ്പാദിക്കണമെന്നു് ഞാൻ ആഗ്രഹിക്കാത്തതിനാൽ ആ കാര്യം അന്വേഷിക്കുന്നതിനോ അറിയുന്നതിനോ അനാസ്ഥ കാണിക്കുന്നുവെന്നേയുള്ളു.

MR. THARIATHU KUNJITHOMMEN : ഒരാൾ ഒരു സമുദായത്തിൽ ജനിക്കുന്നതു് അബദ്ധമാണോ?

MR. KANNANTHODATH JANARDANAN NAIR : ഒരാളുടെ ജനനത്തിനും അയാൾ ഉത്തരവാദിയാകയില്ലെന്നും അതിന്മേൽ അയാൾക്കു യാതൊരു നിയന്ത്രണവും ഉണ്ടായിരിക്കാൻ ഇടയില്ലെന്നും ഉള്ള സ്ഥിതിക്കു് ജനനാൽ ഓരോ സമുദായത്തിലായിത്തീരുക എന്നുള്ളതു് ഒരു വെറും യാദൃച്ഛികസംഭവം (accident) മാത്രമാണെന്നാണ് ഞാൻ പറഞ്ഞതു്.

MR. P. S. MUHAMED : സർ, ഇവർ രണ്ടുപേരും മാത്രമായി ഈ വാദപ്രതിവാദം ഇങ്ങനെ നടത്താൻ അനുവദിക്കാമോ ?

DEPUTY PRESIDENT : Yes, I have been noticing that the debate is degenerating into a dialogue between two members. Such interruptions will not be allowed hereafter.

MR. KANNANTHODATH JANARDANAN NAIR : Sir, I am here to point out the fallacy of communal representation and what communal representation can actually mean to the masses. The total number of officers including peons and the Sepoys in the military comes to about 25,000. Even if I include the members of the Legislatures as officials the number is only 25,100. When these appointments are distributed among the 60 lakhs of people, I do not know what my honourable friend, who advocates the cause of communal representation, will do for the remaining 59·75 lakhs. Naturally these offices and memberships can go only to the rich and powerful among those communities; for they only and not the commoner has a chance to invest for education and other attainments so much so when these communalists say that the appointments should go on a castewar basis only their relatives and friends are able to secure it. That is exactly what they fight for each man's effort is to hisown economic and other means of bettermen and hence his neighbour is not in any way benefited by the conferment of the appointment or membership. The result is that the mute masses, say 59·75 lakhs of them, who contribute to the State purse for its expenses go without any benefit. This is the equity in the principle of communal representation.

[Mr. Kannanthodath Janardanan Nair]

I am submitting that all along Mr. Kunjithommen has been contending the inequalities in the matter of recruitment in the Public Service. He often lays emphasis about the inadequacy of appointments to members of his community in the services. He was doing in that manner whenever the Forest Department, the Education Department and the Engineering Department came up for discussion.

MR. K. P. KOCHUKORA THARAKAN : ഏതായാലും തിരുവിതാംകൂറിലെ പബ്ലിക്ക് സർവീസിൽ ഭൂരിഭാഗവും തിരുവിതാംകൂറിലെ രണ്ടു സമുദായങ്ങളാണെന്നു മെമ്പർക്കറിയാമോ?

MR. KANNANTHODATH JANARDANAN NAIR : ഞാൻ ഒരിക്കലും ഒരു സമുദായവാദിയായിരിക്കയില്ല. ആവുകയുമില്ല. അതിനാൽ എനിയ്ക്കു് അതിൻെറ വാസ്തവാവാസ്തവങ്ങളെക്കുറിച്ചറിയേണ്ട ആവശ്യവുമില്ല.

MR. K. P. KOCHUKORA THARAKAN : ഇതൊക്കെ നോക്കാതെ ഈ കണക്ക് പറഞ്ഞതെങ്ങിനെയാണ്. എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറിൻെറ കണക്കു പറഞ്ഞതെങ്ങിനെ?

MR. KANNANTHODATH JANARDANAN NAIR . അതു് മെമ്പർ അയച്ച ചോദ്യത്തിൽനിന്നും മനസ്സിലാക്കിയതാണ്.

MR. K. P. KOCHUKORA THARAKAN : മററു ഡിപ്പാർട്ടുമെൻറുകളെപ്പററിയുള്ള ചോദ്യങ്ങൾ മെമ്പറുടെ ദൃഷ്ടിയിൽ പെട്ടില്ലെന്നും എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറിനെപ്പററി മാത്രം ശ്രദ്ധയിൽ പെട്ടു എന്നും കാണുന്നതു് അത്ഭുതമായിരിക്കുന്നു.

MR. PUTHUPALLI S. KRISHNA PILLAI : There is no place for making such an observation at the present junc'ure. Mr. Tharakan says that he is surprised at the attitude shown by one honourable member. Such statement on the part of the member is not permissible. He is entitled to put a question and if any answer is forthcoming he may accept t.

MR. K. KUNJU PANICKAR: I may be permitted to speak in Malayalam.

DEPUTY PRESIDENT : Yes.

MR. K. KUNJU PANICKAR : ഇപ്പോൾ ഇവിടെ ആലോചനക്കു വിഷയമായിരിക്കുന്നതു പ്രാദേശികപ്രാതിനിധ്യവും സമുദായപ്രാതിനിധ്യവുമാണല്ലൊ. സാമുദായികപ്രാതിനിധ്യത്തെപ്പററി ഏതാണ്ടു കൊല്ലമായി തുടർച്ചയായ വാദപ്രതിവാദങ്ങൾ നടന്നതിനുശേഷം ഈ ഹൌസിൽ തന്നെ അതിനെ സംബന്ധിച്ച് ഒരു തീരുമാനം ഉണ്ടാകുകയും ഗവൺമെൻറു് സമുചിതമായ ആർഡർ പാസാക്കുകയും ചെയ്തിട്ടുണ്ടു്. അതിനു

ശേഷം ആ ഗവണ്മെൻറ് ആർഡറുകളുടെ നടപടികളാണ ഇപ്പോറം നമ്മുടെ മുൻപാകെ നടന്നുകൊണ്ടിരിക്കുന്നതു്. ആ നടപടികളിൽ നിർഭാഗ്യവശാൽ ചില പിശകുകറം സംഭവിക്കുന്നതായിട്ട സമുദായപ്രാതിനിധ്യത്തിൽ പിന്നാക്കം നിൽക്കുന്ന സമുദായക്കാർക്ക തോന്നിയിട്ടുണ്ട്. ഇൻറർമീഡിയററ് ഡിവിഷനിൽ പ്രാതിനിധ്യക്കറവുള്ള സമുദായങ്ങറംക്ക ൪൦ ശതമാനം പ്രത്യേകപ്രാതിനിധ്യവും, അല്ലാതെയുള്ളവർക്ക ൬൦ ശതമാനം പ്രാതിനിധ്യവും കൊടുക്കണമെന്ന് വ്യവസ്ഥയുള്ളപ്പോറം, ഡാക്ടർ നോക്സ് കമ്മീഷണരായിരുന്നകാലത്തു ൬൦ ശതമാനക്കാരുടെ നിയമനം കഴിഞ്ഞിട്ട ൪൦ ശതമാനക്കാരുടെ ഉദ്യോഗത്തെപ്പററി ആലോചിക്കാമെന്ന നിശ്ചയിച്ചും നടപടി നടന്ന എന്ന ഡാക്ടർ നോക്സ് ഇവിടെ പറഞ്ഞു. ൬൦ ശതമാനത്തിൻെറ നിയമനംതന്നെ പൂർത്തിയാകാതെ അദ്ദേഹം തൽസ്ഥാനത്തുനിന്ന പിരിഞ്ഞു. സാമുദായികപ്രാതിനിധ്യം വേണമെന്ന തിരുവിതാംകൂറിൽ ഭൂരിപക്ഷം ജനസംഖ്യയുള്ള ഏതാനും സമുദായങ്ങറം നിർബന്ധമായി പ്രക്ഷോഭണം നടത്തിയതിന ശേഷം ഏതാനും സമുദായങ്ങറംക്ക കൂടുതൽ പ്രാതിനിധ്യവ്യവസ്ഥലഭിച്ചു. എന്നാൽ സമുദായപ്രാതിനിധ്യവിഷയത്തിൽ ആ നടപടി തുടർന്നു വന്നപ്പോറം സാമുദായപ്രാതിനിധ്യത്തിന പ്രാത്ഥിച്ചു കൊണ്ടിരുന്ന ആളുകറംക്ക അതിനെക്കുറിച്ച് ഒരു നിബന്ധനയുണ്ടായാൽപോലും പ്രാതിനിധ്യം കിട്ടുകയില്ലെന്ന സംശയമുണ്ടായി. ഇൻറർമീഡിയററ് ഡിവിഷൻ സംബന്ധിച്ച് രണ്ടു പരീക്ഷകറം നടത്തി സ്ഥാനാത്ഥികളെ തിരഞ്ഞെടുത്തപ്പോറം പബ്ളിക്ക് സർവീസ് കമ്മീഷണരുടെ ഉപദേശം അനുസരിച്ചുള്ള നിയമനത്തിലും കുഴപ്പമുണ്ടായതായി റിപ്പോർട്ടു ചെയ്തിട്ടുണ്ടല്ലൊ. സർവീസ് കമ്മീഷണരുടെ ഉപദേശം അനുസരിച്ച് ഒരിക്കൽ നിയമിച്ചതിനശേഷം ഡിപ്പാർട്ടുമെൻറു മേലദ്ധ്യക്ഷന്മാർ അവരുടെ വർഗ്ഗത്തിൽപ്പെട്ട ആളുകറംക്ക കൂടുതൽ ഷാർട്ടുവേക്കൻസികളിൽ ഉദ്യോഗം കൊടുത്തു തുടങ്ങി. ഇങ്ങനെ പ്രാതിനിധ്യത്തിന സൗകര്യമില്ലാതിരുന്ന സമുദായക്കാർക്ക അതിന സാധിക്കാതേയും വന്നിട്ടുണ്ട്.

MR. P. S. MUHAMED : അസിസ്റ്റൻറ് പേഷ്കാരന്മാരുടെ ശമ്പളത്തിലാണ് "കട്ടു" കാണുന്നതു്. പൊതുവെ സമുദായപ്രാതിനിധ്യത്തെ സംബന്ധിച്ചാണൊ ഈ വാദം നടക്കുന്നതെന്നറിഞ്ഞാൽകൊള്ളാം.

MR. K. KUNJU PANICKAR : അസിസ്റ്റൻറ് പേഷ്കാരന്മാരെ സംബന്ധിച്ച് സംസാരിക്കേണ്ടിവന്നപ്പോറം സാമുദായികപ്രാതിനിധ്യം അവരെ മാത്രമല്ലാ പൊതുവെ വന്നുവെന്നെയുള്ളു.

[Mr. Kunju Panickar,]

അതുകൊണ്ടു ഞാൻ ഈ ഭാഗം പ്രത്യേകം ചൂണ്ടിപ്പറയുന്നതു് മുൻപെ തന്നെ പബ്ളിക്ക്സർവീസിൽ കൂടുതൽപ്രാതിനിധ്യമുണ്ടായിരുന്നവക്കു ഇപ്പോഴും അതിനു കുറവില്ലെന്നും കുറവുണ്ടായിരുന്നവർക്കു പ്രാതിനിധ്യം ഇല്ലാതിരിക്കുന്നു എന്നും ഉള്ള സങ്കടം വീണ്ടും മുഴച്ചുവരുന്നതുകൊണ്ടു മി: ജനാർദ്ദനൻനായരുടെ അഭിപ്രായത്തിനു സമാധാനം ചൂണ്ടിക്കാണിക്കാൻവേണ്ടിയും ആണു്. ഈ നാട്ടിലുള്ള എല്ലാ ജനങ്ങളും അന്യോന്യം ക്ഷേമകരമായി പ്രവത്തിക്കാൻ കടപ്പെട്ടവരാണു്. ഇപ്പോൾ വലുതായ യുദ്ധം നടക്കുന്നു. ഇവിടെ അരി ഇറക്കുമതി നടക്കാതിരിക്കയൊ, വില കൂടുതലാകുകയൊ ചെയ്താൽ അതു് എല്ലാവക്കും ഒരുപോലെ സങ്കടമാണു്. ഈ കാര്യങ്ങളിൽ നാട്ടിലുള്ള എല്ലാവരും ഒരുപോലെ യോജിച്ചു് പ്രവർത്തിക്കേണ്ടതായിട്ടാണു് ഇരിക്കുന്നതു്. സമുദായപ്രാതിനിധ്യം എന്നു പറഞ്ഞുകൊണ്ടു് അന്യോന്യം വഴക്കുപറയുകയും ഈ ഹൌസിലും വെളിയിലും വഴക്കു നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്നതു് യഥാത്ഥത്തിൽ ആശാസ്യമായിട്ടുള്ളതല്ല. ഇങ്ങനെയുള്ള വാദപ്രതിവാദങ്ങൾ ഉണ്ടാകുമ്പോൾ പ്രാതിനിധ്യം ധാരാളമുള്ള, വിദ്യാഭ്യാസം ധാരാളമുള്ള, ധനം ധാരാളമുള്ള സമുദായക്കാർ ഒരു കാര്യം പ്രത്യേകം ചിന്തിക്കേണ്ടതായിട്ടുണ്ടു. ഒരു നാട്ടിൽ എന്തെങ്കിലും വിട്ടുവീഴ്ച ചെയ്യാൻ, എന്തെങ്കിലും സൌജന്യം കാണിക്കാനുള്ളതു് അപ്രകാരമുള്ളവരാണു്. ഈ നാട്ടിനെ സംബന്ധിച്ചു് പറയുകയാണെങ്കിൽ ചരിത്രപരമായി നോക്കിയാൽ പരമ്പരാസിദ്ധമായി ഏതാനും സമുദായക്കാർക്കു വിദ്യാഭ്യാസവിഷയത്തിലും പബ്ലിക്ക് സർവീസ് പ്രാതിനിധ്യവിഷയത്തിലും വളരെ സൌകര്യമുണ്ടായിട്ടുണ്ടു്.

MR. K. P. KOCHUKORA THARAKAN : ഈ സൌകര്യം ഏതാനും സമുദായക്കാർക്കുമാത്രമാണൊ, ഏതെങ്കിലും പ്രദേശങ്ങളിലുള്ളവർക്കാണൊ കൂടുതൽ ലഭിച്ചിട്ടുള്ളതു്?

MR. K. KUNJU PANICKAR : അങ്ങിനെയും ഉണ്ടായിരിക്കാം. ഏതായാലും ചരിത്രപരമായ കാര്യങ്ങൾകൊണ്ടും ഏതാനും സമുദായങ്ങൾക്കു പ്രാബല്യവും വിദ്യാഭ്യാസപുഷ്ടമായ സൌകര്യവും ഉണ്ടായിട്ടുണ്ടു്. അവക്കു സർക്കാർ ഉദ്യോഗങ്ങളും സകല സ്വാധീനങ്ങളും വന്നുചേർന്നിട്ടുണ്ടു്. ഇങ്ങിനെയുള്ള ഒരു ചുററുപാടിൽ സ്വാധീനമില്ലാത്ത സമുദായക്കാർക്കു സ്വാധീനം സമ്പാദിക്കുവാൻ, പ്രത്യേകിച്ചു് രാഷ്ട്രീയപ്രാതിനിധ്യം സമ്പാദിക്കുവാൻ, പ്രയോജനപ്രദമായ സർക്കാർ സർവീസിൽ കൂടുതൽ പ്രാതിനിധ്യം വേണമെന്നു പറയുന്നതിൽ യാതൊരു തെററുമില്ല. ഏ

താണും സമുദായങ്ങൾ യഥാർത്ഥത്തിൽ ജനസംഖ്യയിൽ മുന്നിട്ടുനിൽക്കുന്ന ഹിന്ദുക്കളിൽത്തന്നെ ഏതാനും സമുദായങ്ങൾ, അടിമകളെപ്പോലെ പൗരസ്വാതന്ത്ര്യമില്ലാതെ കഴിഞ്ഞുകൂടുന്നു. ൧൧൧൨-ൽ ക്ഷേത്രപ്രവേശനം ഈ ഹിന്ദുക്കൾക്കു കിട്ടി. ഇവർക്കു സ്വാധീനമില്ലാതെവന്നതും രാഷ്ട്രീയനിലകൂടിയില്ലാതെവന്നതുമെല്ലാം പബ്ളിക്കുസർവീസിലെ പ്രാതിനിധ്യക്കുറവുകൊണ്ടാണ്. ക്ഷേത്രപ്രവേശനസ്വാതന്ത്ര്യം പബ്ളിക്കുസർവീസിനെപ്പോലെതന്നെ അസമത്വസമുദായങ്ങളെപ്പറ്റി മതിപ്പുണ്ടാക്കത്തക്കതല്ല. ഞങ്ങളുടെ കാലക്ഷേപത്തിനു ഉദ്യോഗം കൂടിയേകഴിയൂ എന്നില്ല. ഞങ്ങൾ കൃഷിക്കാരാണ്, വ്യവസായികളാണ്. മുൻപും ഞങ്ങളുടെ സമുദായക്കാർക്കു ധനം കുറവായിരുന്നില്ല. മനുഷ്യർക്കു ഉണ്ടാകാവുന്ന ആത്മാഭിമാനത്തോടുകൂടിയ സ്വാതന്ത്ര്യം ഞങ്ങൾക്കും ആവശ്യമാണ്. അതിലേക്കായി വാദം നടത്തിയതിന്റെ ഫലമായി പബ്ളിക്കുസർവീസിനെപ്പറ്റി ഒരു വ്യവസ്ഥയുണ്ടായി. ആ വ്യവസ്ഥയുടെ ആന്തരോദ്ദേശം ഇല്ലാതെയാക്കുന്നതിനുള്ള നടപടികൾ നടക്കുന്നു എന്നു സംശയിക്കത്തക്കവിധത്തിലാണ് വന്നുചേർന്നിക്കുന്നതു്. പ്രത്യേകിച്ചു് സ്വാധീനമുള്ള, വിദ്യാഭ്യാസമുള്ള, എല്ലാകാര്യവും അറിയാവുന്ന പ്രബലസമുദായങ്ങളോടു എനിക്കു ഉൽബോധിപ്പിക്കുവാനുള്ളതു് ഈ മുറവിളിക്കു ഇടവരാതിരിക്കത്തക്കവണ്ണം അവർ പ്രവർത്തിക്കണമെന്നാണ്. അപ്പോൾ സമുദായപ്രാതിനിധ്യമെന്നും പ്രാദേശികപ്രാതിനിധ്യമെന്നും ഉള്ള നില ഇല്ലാതാകും. മി: കൊച്ചുകോരത്തരകൻ പറയുന്നു, പ്രാദേശികപ്രാതിനിധ്യം വേണമെന്നു്. മി: ജനാർദ്ദനൻനായർ പറയുന്നു, സമുദായപ്രാതിനിധ്യത്തിനു വാദിച്ചതു് തെറ്റിപ്പോയി എന്നു്. നമുക്കു അന്യോന്യം സൗമനസ്യമുണ്ടാകണം. സൗഹാർദ്ദം ഉണ്ടാകണം. ഒരു സൗഹൃദമെന സ്ഥിതിയോടുകൂടിവേണം ഈ മാതിരി പ്രമേയങ്ങളെ വീക്ഷിക്കേണ്ടതു്. നേരെമറിച്ചു്, അതായതു് ചോദിക്കുന്നതിനെല്ലാം എതിർചോദ്യം, ആകപ്പാടെ ഇവിടെ ഒരു അലങ്കോലരംഗം. ഇതു് എത്ര അനാശാസ്യമായ നടപടിയാണ്. ബഹുമാന്യനായ നമ്മുടെ പ്രസിഡന്റ് അവർകൾ മഹാരാജാവു തിരുമനസ്സിലെ ഗവൺമെന്റിന്റെ ആ തത്വം അംഗീകരിച്ചു് അതു നടപ്പിൽ വരുത്തി. അതു് ഈ സഭയും അംഗീകരിച്ചതാണ്. നമ്മുടെയെല്ലാം സൗമനസ്യമനോഭാവത്തോടുകൂടി ഈ നിശ്ചയത്തെ നാം സ്വീകരിക്കണം. ഇതു പാസാക്കിയാലും പാസാക്കിയില്ലെങ്കിലും ശരിയായ പ്രാതിനിധ്യനയം നടപ്പിൽവരുത്തണമെന്നു് ഉൽബോധിപ്പിച്ചുകൊള്ളുന്നു.

MR. P. S. MUHAMED: Sir, on a point of order. ഈ ഉപക്ഷേപത്തെ അടിസ്ഥാനമാക്കി സമുദായപ്രാതിനിധ്യവാദം എങ്ങനെ കടന്നുകൂടി എന്നു മനസ്സിലാക്കാൻ എനിക്കു വളരെ വിഷമമായിരിക്കുന്നു. അതുകൊണ്ടാണു് ഞാൻ ആരംഭത്തിൽതന്നെ, ലാൻഡ് റവന്യൂ വകുപ്പിലുള്ള അസിസ്റ്റൻറു് പേഷ്കാരന്മാരെ സംബന്ധിക്കുന്ന ഈ കട്മോഷൻ പബ്ളിക്ക് സർവീസിനെ പൊതുവെ ബാധിക്കത്തക്കവിധത്തിൽ മേൽ മുന സംബന്ധിച്ചുള്ള സമുദായ പ്രാതിനിധ്യവാദമായി പരിണമിച്ചതു് എങ്ങിനെ എന്നു ചോദിച്ചതു്? ഇതു് വാദത്തിനുവേണ്ടി പറയുന്നു എന്നല്ലാതെ ആ തത്വത്തെ സംബന്ധിച്ചുള്ള ഒരു വാദപ്രതിവാദം അല്ലാ എന്നു ചെയർമാൻ പറഞ്ഞു. അതുകൊണ്ടു് സമുദായപ്രാതിനിധ്യവാദത്തെ സംബന്ധിച്ചു വലുതായി ഇപ്പോൾ സംസാരിച്ചു് ഈ സഭയുടെ സമയം പാഴാക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. .

DEPUTY PRESIDENT : By way of argument he is trenching upon other grounds. But he means that the reference should be applied in the matter of appointment concerning Assistant Peishkars.

MR. PADIYARA JOSPH KUNJU : സർ, ഞാൻ എണീററപ്പോൾതന്നെ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നതിനാണെന്നു എല്ലാവരും മനസ്സിലാക്കിക്കാണും. ഈ ഹജൂർക്കച്ചേരിയിലെ അസിസ്റ്റൻറുസിക്രട്ടറിമാരിലും അസിസ്റ്റൻറു പേഷ്ക്കാരന്മാരിലും അസമത്വസമുദായത്തിൽപ്പെട്ടവർ വളരെ ചുരുക്കംപേർ മാത്രമേയുള്ളു. ഇല്ലെന്നുതന്നെ പറയാം. അതു ഗവണ്മെൻറിനറിയാം. ഇതു പരിതാപകരമായ ഒരവസ്ഥയാണു്. പത്തുപന്ത്രണ്ടു സംവത്സരക്കാലമായി പ്രതിപാദിച്ചുകൊണ്ടിരുന്ന ന്യായങ്ങൾ തന്നെയാണു് ഇന്നും പറഞ്ഞിട്ടുള്ളതു്. ഞങ്ങൾക്കു പുതിയ ന്യായമുഖങ്ങളൊന്നും കൊണ്ടുവരുവാനില്ല. എല്ലാ സമുദായങ്ങളും സമ്മതിച്ചു എല്ലാവരും യോജിച്ചു ഒരു പദ്ധതി ഗവണ്മെൻറിനു നൽകി. അതു് ഗവണ്മെൻറു നടപ്പിൽ വരുത്തീട്ടുണ്ടു്. അതു് ശരിയായവിധം നടപ്പിൽ വരുത്താതിരുന്നതിനു കാരണക്കാർ നായന്മാരുമല്ല, ക്രിസ്ത്യാനികളുമല്ല, അതു് നടപ്പിൽ വന്നില്ലെങ്കിൽ അതിനു കാരണക്കാർ ഗവണ്മെൻറു തന്നെയാണു്. അതിനുവേണ്ടി സമുദായങ്ങൾ തമ്മിൽതന്നെ കടിപിടികൂടുന്നതു് ശരിയല്ല. സർ, ഇനി പ്രാദേശികപ്രാതിനിധ്യവാദമാണു് ശേഷിക്കുന്നതു. എൻെറ സ്നേഹിതൻ മി. കുഞ്ഞിത്തൊമ്മൻ പ്രസംഗിച്ചുകൊണ്ടിരുന്നപ്പോൾ ഞാൻ അദ്ദേഹത്തോടു് ഒരു ചോദ്യം ചോദിച്ചു. ഗവണ്മെൻറു ഈ പറഞ്ഞ തത്വങ്ങളിൽ ഒന്നിനെമാത്രമെ സ്വീകരിക്കാവുള്ളു എന്നുവച്ചാൽ അതിൽ ഏതാണു് മി. കുഞ്ഞിതൊമ്മൻ ഇഷ്ടപ്പെട്ടു

ന്നതെന്നും സാമുദായികപ്രാതിനിധ്യമാണോ—അതോ പ്രാദേശികപ്രാതിനിധ്യമോ. അദ്ദേഹം അതിനെപ്പററി ചിന്തിച്ചില്ലാ എന്ന പറഞ്ഞു. ഞാനും അതിനെപ്പററി ചിന്തിച്ചില്ലതന്നെ. ഇതുരണ്ടും കൂടി വരുന്നതു് കഴഞ്ഞ ഒരു പ്രശ്നമായിട്ട പരിണമിക്കയില്ലേ എന്ന ഞാൻ സംശയിക്കുന്നു. ഇപ്പോഠം എനിക്ക തോന്നുന്നതു് ഇങ്ങനെയാണ്.

MR K. P. KOCHUKORA THARAKAN : പ്രാദേശികപ്രാതിനിധ്യം ആവശ്യമില്ലെന്നാണോ മെമ്പർ വിചാരിക്കുന്നതു.

MR. PADIYARA JOSPH KUNJU : ഞാൻ പരിപൂർണ്ണമായി എൻെറ സ്നേഹിതനോട്ട് യോജിക്കുന്നു. ശരിയായി പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത പ്രദേശങ്ങഠംക്ക വർഗ്ഗീയപ്രാതിനിധ്യത്തിനു ഹാനികരമല്ലാത്ത വിധത്തിൽ പ്രാതിനിധ്യം നൽകുന്ന ഒരു പദ്ധതി നാം ശരിയായി ഉണ്ടാക്കണം. ഈ സഭയിലുള്ളവരുടെ അനുമതി സമ്പാദിച്ചശേഷം പസ്സാക്കി അതു് നടപ്പിൽ വരുത്താൻ ഗവൺമെൻറിനെ നിർബന്ധിക്കുകയാണ് വേണ്ടതെന്നാണ് എനിക്കു തോന്നുന്നതായ അഭിപ്രായം. അതുകൊണ്ടു അങ്ങിനെ ഒരു പദ്ധതി ഇതിനെ അനുകമ്പയോടുകൂടി വീക്ഷിക്കുന്നവരെല്ലാംകൂടി ചേർന്നു രൂപവൽക്കരിച്ചു അതു് പാസ്സാക്കിയതിനുശേഷം അല്ലേ വേണ്ടതെന്നാണ് ഞാൻ സംശയിക്കുന്നതു്. ഇപ്പോഠം നാം ഇതു് ചിന്തിച്ചിട്ടില്ലാ പഠിച്ചിട്ടില്ലാ എന്നു പറയേണ്ടിയിരിക്കുന്നു. ഇപ്രകാരമിരിക്കേ ഇതിനുവേണ്ടി എന്തിനാണ് കണ്ടുക്ഷോഭം ചെയ്യുന്നതെന്നു എതുപക്ഷക്കാർ ചോദിച്ചേക്കാം. ഈ സഭ ഇതിനെ സാനുകമ്പംവീക്ഷിക്കണമെന്നു അപേക്ഷിച്ചുകൊള്ളുന്നു. മി. തരകൻ അദ്ദേഹത്തിൻെറ പ്രമേയം പിൻവലിക്കണമെന്നു ഞാൻ അദ്ദേഹത്തോട്ട അഭ്യർത്ഥിക്കുന്നു.

MR. K. R. NARAYANAN : മി. തരകൻെറ ഉപക്ഷേപത്തോടനുകൂലിക്കുന്നു. ഇതിൽ ഉദ്യോഗം കുറവുള്ള പ്രദേശങ്ങഠക്കും, കുറവുള്ള സമുദായങ്ങഠംക്കും മുൻഗണന കൊടുക്കണമെന്നാണു കാണുന്നതു്. സമുദായപ്രാതിനിധ്യവാദം ദേശീയപ്രാതിനിധ്യവാദത്തിനു വിരുദ്ധമാണെന്നു പറയുന്ന ദേശീയവാദികളുടെ വാദമുഖങ്ങളെ നിരൂപണം ചെയ്യണമെന്നു എനിക്കാഗ്രഹമില്ല. ഈ സഭയിൽ ദീർഘനാളത്തെ പാലാഴിമഥനത്തിനു ശേഷം സമുദായപ്രാതിനിധ്യതത്വം അംഗീകരിച്ചു നിശ്ചയം പാസ്സാക്കി. ഇനി സമുദായപ്രാതിനിധ്യവാദത്തിലെ ന്യായങ്ങളെക്കുറിച്ചു ചർച്ച ചെയ്യാൻ പോകുന്നതു് സർവ്വസമ്മതമായ സിദ്ധാന്തങ്ങഠംക്ക ന്യായം പറയുവാൻ പോകുന്നതുപോലെയാണ്. പ്രാദേശികപ്രാതിനിധ്യം എന്നെ

[Mr. K. R. Narayanan]

സംബന്ധിച്ചിടത്തോളം ഒരു കുഴഞ്ഞ പ്രശ്നമാണ്. അതെങ്ങിനെ സാധിക്കാം. ചില പ്രദേശങ്ങൾ പബ്ലിക്കുസർവീസ്സിൽ സഹാറാപോലെ കിടക്കുന്നതു മോശമാണെല്ലോ എന്നെല്ലാം ഞാൻ പലപ്പോഴും ചിന്തിക്കാറുണ്ട്. വൈക്കത്തുകാർക്കും കോട്ടയത്തുകാർക്കും ഉദ്യോഗം കിട്ടിയാൽ കൊള്ളാമെന്നുള്ള ആഗ്രഹം പലപ്പോഴും എന്റെ ഹൃദയത്തിൽ അലതല്ലിക്കാറുണ്ട്. ഒരു പ്രദേശത്തുള്ളവർക്കുമാത്രം ഉദ്യോഗങ്ങൾ കൊടുക്കുന്നതിൽ ഒരു സമുദായത്തിലുള്ളവർക്കു മാത്രം ഉദ്യോഗങ്ങൾ കൊടുക്കുന്നതുപോലുള്ള അനീതിക്കു ഇടവരുമെന്നുള്ള കാര്യം എല്ലാവരും ഓർമ്മിക്കേണ്ടതാണ്. ഇവിടെ എനിക്കു പ്രധാനമായി ചൂണ്ടിക്കാണിക്കുവാനുള്ളതു ഒരു പബ്ലിക്കുസർവീസിലെ പ്രാതിനിധ്യകാര്യമാണ്. ഞങ്ങൾക്കു ദാഹിക്കുന്നു. വെള്ളവും കോരിത്തരുവാനാളും ആവശ്യമുള്ള പാത്രങ്ങളുമുണ്ട്. ശരിക്കു കോരിത്തരണമെന്നുമാത്രം. ബഹുമാനപ്പെട്ട ചീഫ്സെക്രട്ടറി അവർകൾ സമുദായപ്രാതിനിധ്യവാദത്തെക്കുറിച്ച് ആ സമുദായങ്ങൾ ഇത്തവണ ഒച്ചപ്പാടുണ്ടാക്കാതിരുന്നതിൽ സന്തോഷിച്ചുകൊണ്ട്, സർവീസ്സുവ്യവസ്ഥകൾ ശരിക്കുനടക്കുമെന്നു ഊഹിച്ചുകൊണ്ടു ഒരു പ്രസംഗംചെയ്തു. അദ്ദേഹം ഊഹിച്ചതുമുഴുവൻ ശരിയല്ല. സമുദായപ്രാതിനിധ്യവാദംകൊണ്ടു അന്തരീക്ഷത്തിൽ രൂക്ഷത വരുത്തേണ്ട എന്നു കരുതിയും പബ്ലിക്കുസർവീസ്കമ്മീഷണരുടെ ഡിമാൻറുവരുമ്പോൾ വൈകല്യങ്ങൾ ചൂണ്ടിക്കാണിക്കുന്നതു കുറച്ചുകൂടി നന്നായിരിക്കും എന്നും കരുതിയും വാദഗതിക്കു രൂക്ഷതകുറച്ചതാണ്. ഈ പതനത്തിൽ ഒരു സംഗതി ചൂണ്ടിക്കാണിക്കുവാൻ എനിക്കാഗ്രഹമുണ്ട്. നായന്മാരോടോ, ബ്രാഹ്മണരോടോ, മാർത്തോമ്മാക്കാരോടോ, മറ്റേതെങ്കിലും പ്രാതിനിധ്യം കൂടുതലുള്ള സമുദായക്കാരോടോ യാതൊരു നീരസഭാവവും ഞങ്ങൾക്കില്ല. ദൈവത്തിനുള്ളതു ദൈവത്തിനും സീസറിനുള്ളതു സീസറിനും കൊടുക്കുവാനുള്ള സന്മനോഭാവം എല്ലാവർക്കും ഉണ്ടായാൽ മാത്രം മതി. അതു നായർക്കും ബ്രാഹ്മണർക്കും ക്രിസ്ത്യാനികൾക്കും എല്ലാവർക്കും ഉണ്ടാകണം. ഈഴവരും അവരെക്കാൾ പ്രാതിനിധ്യം കുറഞ്ഞ സമുദായക്കാരോടു ഇതു കാണിക്കണം. ഒരു വിനാഴികകൊണ്ടോ, ഒരു ദിവസംകൊണ്ടോ ഈ പ്രശ്നത്തിനു തൃപ്തികരമായ സമാധാനം വരികയില്ലെന്നു സമ്മതിക്കുന്നു. ഞങ്ങളുടെ അവകാശമാകുന്ന ബ്രിട്ടീഷുരൂപായ്ക്കു ൨൮ ച. ൮ കാശും ഞങ്ങൾക്കു വേണം. അതിൽ ഒന്നോ രണ്ടോ ചക്രത്തിനു അവധി പറയുകയോ, താമസം വരികയോ ചെയ്യുന്നപക്ഷം അതു ഹരിശ്ചന്ദ്രനോടു കിരീടം ചോദിക്കുന്നതുപോലെ ചോദിക്കുവാനുള്ള കർക്കശമനോഭാവം ഞങ്ങൾക്കില്ല. ഞങ്ങളുടെ ഈ മനോഭാവം ഒരു ദുർബലതയായി, അജ്ഞതയായി കരുതി

അതിൽനിന്നും മററുള്ളവർ മുതലെടുക്കരുതെന്നു മാത്രം, ഒരു സംഗതി ഞാൻ സൂക്ഷിച്ചുകൊണ്ടിരിക്കയാണ്. ഇവിടെ സമുദായപ്രാതിനിധ്യ വാദം രൂക്ഷമായി വാദിക്കുന്ന ഈഴവർക്കും മററും കുറച്ചു കഴിയുമ്പോൾ സമുദായപ്രാതിനിധ്യവാദം മററു സമുദായങ്ങൾ രൂക്ഷരൂക്ഷമായി വാദിക്കുന്നതു കേൾക്കാം. ഇംഗ്ലീഷ് സ്കൂൾ ഡിപ്പാർട്ടുമെൻറ് ബ്രാഹ്മണരെക്കൊണ്ടു നിറഞ്ഞപ്പോൾ ദേശീയവാദികളിൽ അഗ്രഗണ്യൻ എന്നറിയപ്പെടുന്ന മി: ചങ്ങനാശേരി പരമേശ്വരൻപിള്ള അവർകൾ, ൧൧൦൫-ൽ ആഗസ്റ്റ് ൩-ാംതീയതിയിലെ ബഡ്ജററുപ്രസംഗത്തിൽ പറഞ്ഞഭാഗം ഞാൻ ഉദ്ധരിക്കാം.

"Education department—English branch especially—has become a close preserve for Brahmins"

മി: ചങ്ങനാശേരിയുടെ ഈ പ്രസംഗത്തിൻെറ സാരം സമുദായ പ്രാതിനിധ്യവാദമല്ലാതെ മറെറന്താണ്?

എൻെറ ബഹുമാന്യസ്നേഹിതൻ മി. കുറുപ്പ് ൧൧൦൪-നു ശേഷം എത്ര മജിസ്ട്രേട്ടന്മാരെ ബാറിൽനിന്നും നിയമിച്ചു എന്നും അവരുടെ ജാതിതിരിച്ചുള്ള പട്ടിക എങ്ങിനെയിരിക്കുന്നുവെന്നും ചോദിച്ചു. അതിൽ നായന്മാർ കുറവായതുകൊണ്ടാണ് ഈ ചോദ്യമുൽഭവിച്ചതെന്നു ന്യായമായി പ്രതീക്ഷിക്കാം. ൧൧൦൪-നു മുമ്പു എത്രപേരെ ബാറിൽനിന്നും നിയമിച്ചുവെന്നോ, എത്രപേരെ പ്രമോട്ടുചെയ്തു മജിസ്ട്രേട്ടന്മാരാക്കിയെന്നോ ചോദിക്കുവാനുള്ള ബുദ്ധി മി. കുറുപ്പിനുണ്ടായിട്ടില്ല. ൧൧൦൪-നു ശേഷം രണ്ടു മജിസ്ട്രേട്ടന്മാരെ ഈഴവരിൽനിന്നും എടുത്തു. ഇതിൽ ഒരാൾ മാത്രമാണ് ഇപ്പോൾ ജീവിച്ചിരിക്കുന്നതു്. സമുദായപ്രാതിനിധ്യവാദത്തിൻെറ വാദഗതിയ്ക്കനുസരണമായി തൻെറ സമുദായത്തിൽ നിന്നു ഈ തിരഞ്ഞെടുപ്പിൽ മജിസ്ട്രേട്ടന്മാർ ഇല്ലാതെവന്നപ്പോൾ മി. കുറുപ്പു ചോദ്യം അയച്ചു. മററുള്ളവരെ ചോദ്യമയപ്പിക്കുവാൻ പ്രേരിപ്പിക്കുന്ന ചേതോവികാരം ഇതുതന്നെയാണെന്നാണ് എനിക്കു അദ്ദേഹത്തോടും അദ്ദേഹം ഉൾപ്പെട്ട സമുദായത്തോടും വിനീതമായി പറയുവാനുള്ളതു്. നമ്മൾ എല്ലാവരുംചേൎന്നു നിശ്ചയം പാസാക്കിയിരിക്കുന്ന നിലക്ക്, തത്വം സമ്മതിച്ചിരുന്നനിലക്ക് പ്രാതിനിധ്യം കുറഞ്ഞവൎക്ക് പ്രാതിനിധ്യം കിട്ടുവാൻ കഴിയുന്നതു ചെയ്യണം. മൂന്നു പേഷ്കാരന്മാരുള്ളതിൽ ഒരാളെങ്കിലും ഈഴവസമുദായത്തിൽ നിന്നില്ല. അടുത്ത കാലത്തു ഒരീഴവപേഷ്കാർ പെൻഷൻ പററിയെന്നെങ്കിലും സമാധാനിക്കാം. അസിസ്റ്റൻറു പേഷ്കാരന്മാരും അസിസ്റ്റൻറു സെക്രട്ടറിമാരും ഉൾപ്പടെ ൧൫ പേരാണുള്ളതു്. ഇതിൽ ഈഴവൻ ഒന്നുമാത്രം.

[Mr. K. R. Narayanan.]

ഈഴവഉദ്യോഗസ്ഥന്മാരിൽ പലരേയും അങ്ങോട്ടും ഇങ്ങോട്ടും ഇട്ട ചതുരംഗംകളി നടത്തിക്കൊണ്ടിരിക്കയാണ്. ഈ കൊമ്പിലെ ചക്കതന്നെ ആ കൊമ്പിലും എന്ന വിതരണനയത്തിന ഗവണ്മെൻറ ഒരു വ്യതിയാനം വരുത്തേണ്ടതാണ്. ഗവണ്മെൻറ നേരിട്ടുനടത്തുന്ന നിയമനങ്ങളിൽ ഈഴവരുടെ പ്രാതിനിധ്യക്കുറവു പരിഹരിക്കുവാൻ ആവശ്യമുള്ളതു നീതിബോധത്തോടും കാരുണ്യത്തോടുംകൂടി ചെയ്യുമെന്നു പ്രത്യാശിക്കുന്നു. ഈഴവരുടെ പ്രാതിനിധ്യക്കുറവ് അറേബ്യൻ കടലിനെക്കാൾ ആഴമേറിയതാണ്. ഒന്നോ രണ്ടോ മൺകട്ടയിട്ടാൽ ഈ നിലയില്ലാത്ത ആഴം നികരുകയില്ലാ. ഗവണ്മെൻറിൻെറ നിരന്തരമായ ശ്രമംകൊണ്ടും, മററു സമുദായങ്ങളുടെ നഷ്ടമില്ലാത്ത മഹാമനസ്കതകൊണ്ടും ഈ അസമത്വം പരിഹരിക്കാവുന്നതാണ്. നായന്മാരും, ബ്രാഹ്മണരും പ്രാതിനിധ്യം കൂടുതലുള്ള ക്രിസ്ത്യൻവിഭാഗക്കാരും, ഈ മഹാമനസ്കത കാണിക്കുവാൻ അമാന്തിക്കുകയില്ലെന്ന് വിശ്വസിക്കുന്നു. സമുദായപ്രാതിനിധ്യം മററുരക്ഷാ വ്യവസ്ഥകൾ, ഇതെല്ലാം ആവശ്യമുള്ളവർ പറയുമ്പോൾ മരത്തിനുമറഞ്ഞുനിന്നു മററുള്ളവരെക്കൊണ്ടന്വേഷിക്കുന്ന സുഗ്രീവപരിവാരന്മാരുടെ സാമർത്ഥ്യം വിചിത്രമായിരിക്കുന്നുവെന്നു പറയാതെ ഗത്യന്തരമില്ലാ. അവരുടെ ശരമായിത്തീരുന്ന ചിന്താശൂന്യന്മാരായ ശുദ്ധാത്മാക്കളോടു "വണ്ടേ നീ തുലയുന്നു വീണയിവിളക്കും നീ കെടുത്തുന്നയേ" എന്നല്ലാതെ എന്താണു പറയേണ്ടതു്. ദൈവത്തിനുള്ളതു് ദൈവത്തിനും സീസറിനുള്ളതു് സീസറിനും ലഭിക്കുമ്പോൾ മി. കുഞ്ഞുപണിക്കർ സംസാരിച്ചമാതിരിയുള്ള സമുദായസൌഹാർദ്ദം മി. ജനാർദ്ദനൻനായർ സ്വപ്നംകാണുന്ന ദേശീയസൌഹാർദ്ദം, ഇവിടെ സ്വയം ഉൽഭവിച്ചു വികസിച്ചു പുലർന്നുകൊള്ളും.

MR. THAMARAPALLIL KOCHUTHOMMEN : സർ, മി. കൊച്ചുകോരത്തരകൻ അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാനും പൂർണ്ണമായി അനുകൂലിക്കുന്നു. സമുദായപ്രാതിനിധ്യത്തെപ്പററി മുറവിളി തുടങ്ങിയിട്ടു വളരെ കാലമായി. ഇതേവരെയായിട്ടും അതിന് ശരിയായ ഒരു പരിഹാരം ഉണ്ടായിട്ടില്ല. പിന്നോക്ക സമുദായങ്ങൾക്ക് സമുദായ പ്രാതിനിധ്യം അനുസരിച്ചു പബ്ലിക്കുസർവീസിൽ ഉദ്യോഗങ്ങൾ ലഭിക്കുന്നില്ല. പ്രാദേശിക പ്രാതിനിധ്യമാണെങ്കിൽ അതു് ഓരോ താലൂക്കിൻേറയും വിസ്തീർണ്ണവും ജനസംഖ്യക്കണക്കും മററും അനുസരിച്ചാണു വേണ്ടതു്. ഏതുവിധത്തിലായാലും എല്ലാസമുദായത്തിൽ പെട്ടവർക്കും ഒരുപോലെ ഉദ്യോഗം ലഭിക്കത്തക്കവണ്ണം വേണ്ടതു ചെയ്യണമെന്നു ഗവണ്മെൻറിനെ ഉൽബോധിപ്പിച്ചുകൊള്ളുന്നു.

MR. P. S. MOHAMED : ഇന്നിവിടെ നടന്ന പ്രസംഗങ്ങളും വാദപ്രതിവാദങ്ങളും കേട്ടുകൊണ്ടിരുന്നപ്പോൾ എന്റെ ഹൃദയത്തിൽ വളരെ വേദനയാണു് ഉണ്ടായിരുന്നതു്. ഉദ്യോഗനിയമനത്തെ സംബന്ധിച്ചു് സമുദായങ്ങൾ തമ്മിലുള്ള മത്സരം മേലാൽ ഉണ്ടാകരുതെന്നുള്ള ഉദ്ദേശത്തോടുകൂടി ഒരുകാലത്തു് സമുദായപ്രാതിനിധ്യവാദത്തെ ശക്തിമത്തായി എതിർത്തിട്ടുള്ളവരും, സമുദായ പ്രാതിനിധ്യത്തിൽ ഒരു കൊച്ചുകാശു പോലും കുറയാതെ തങ്ങൾക്കു കിട്ടാനുള്ളതു മുഴുവനും വാങ്ങിക്കണമെന്നു് ദൃഢനിശ്ചയത്തോടുകൂടിയിരുന്നവരുമായ മെമ്പറന്മാരും തമ്മിൽ യോജിച്ചു പബ്ലിക്ക സർവീസിലെ നിയമനത്തെ സംബന്ധിച്ചു് ഒരു തീരുമാനം ഈ സഭയിൽവച്ചുതന്നെ വരുത്തി അതനുസരിച്ചുതന്നെ ചില ചട്ടങ്ങളും പാസാക്കി അതിനെ ആശ്രയിച്ചു് പബ്ളിക്ക സർവ്വീസ് കമ്മിഷണരെ നിയമിക്കുകയും ഒരു അഡ്വൈസറി ബോർഡ് രൂപീകരിക്കുകയും ചെയ്തു. ഇന്നു് അതനുസരിച്ചു പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണു്. സമുദായപ്രാതിനിധ്യം ശരിയായി നടക്കുന്നില്ലെങ്കിൽ അതിന്റെ ഉത്തരവാദിത്വം പബ്ളിക്ക സർവീസ് കമ്മിഷണർക്കും അഡ്വൈസറിബോർഡിനുമാണെന്നാണു് എനിക്കു പറയുവാനുള്ളതു്. അതിനെ സംബന്ധിച്ചു വാദപ്രതിവാദം നടത്താനുള്ള സന്ദർഭം വരുന്നതേയുള്ളു. അപ്പോൾ അതിൽ ഉണ്ടായിട്ടുള്ള ന്യൂനതകളേയും അതിൽ വരുത്തേണ്ട പരിഷ്കാരങ്ങളേയും പറ്റി പറയാം. ഈ രാജ്യത്തെ സമുദായങ്ങൾ തമ്മിൽ സൌഹാർദ്ദത്തോടുകൂടി മുന്നോട്ടു പോകണമെന്നുള്ള ഉദ്ദേശത്തോടുകൂടി സൃഷ്ടിച്ച രംഗത്തെ ഇത്തരത്തിലുള്ള വാദപ്രതിവാദംകൊണ്ടു് അസുഖകരമാക്കരുതു്.

പബ്ളിക്ക സർവീസ് നിയമന ചട്ടമനുസരിച്ചു് അസിസ്റ്റന്റ്‌പേഷ്കാരന്മാരുടെ നിയമനത്തിൽ വർഗ്ഗീയപ്രാതിനിധ്യതത്വം സ്വീകരിക്കേണ്ട ആവശ്യമുണ്ടോ എന്നാണു് ഇനി നോക്കേണ്ടതു്. ഈ ചട്ടം ഉണ്ടാക്കിയ കാലത്തുതന്നെ സമുദായപ്രാതിനിധ്യം ഇത്ര രൂപാവരെയുള്ള ഉദ്യോഗങ്ങളിൽ വേണമെന്നു സ്ഥാപിച്ചുകഴിഞ്ഞു. അതിനു് മുകളിലുള്ള ഉദ്യോഗങ്ങളിൽ എല്ലാ സമുദായങ്ങളേയും പ്രതിനിധീകരിക്കത്തക്ക വണ്ണമുള്ള നിയമനം നടത്തണമെന്നുള്ള നമ്മുടെ ആഗ്രഹത്തെ അവരെ അറിയിക്കാമെന്നല്ലാതെ സമുദായ പ്രാതിനിധ്യവാദം അവിടെയും കൊണ്ടുവരുന്നതു് ബുദ്ധിപൂർവമല്ല. ചട്ടം ഉണ്ടാക്കിയകാലത്തു നാം സമ്മതിച്ചുകൊടുത്തതിൽ നിന്നും മാറുന്നതു ശരിയല്ല. ഇത്ര ശതമാനം ജനസംഖ്യ അനുസരിച്ചും, ഇത്രശതമാനം മത്സരപരീക്ഷാനുസരിച്ചും മറ

[Mr. P. S. Muhamed.]

രീതിയിലും, ശേഷം കാര്യക്ഷമതയെ പ്രധാനമായി പരിഗണിച്ചും ഉദ്യോഗനിയമനം നടത്തണമെന്നു നാം തീരുമാനിച്ചു. ഉയന്ന ഉദ്യോഗങ്ങളിലേക്ക് എല്ലാ അസമത്വസമുദായങ്ങളിൽ നിന്നും യോഗ്യന്മാരായ ആളുകൾ അപേക്ഷകന്മാരായി വന്നാൽ അവരുടെ അവകാശങ്ങളെ അവഗണിക്കാതെ അവയ്ക്കും കൊടുക്കണമെന്നുള്ള വാദമാണ് ശേഷിക്കുന്നതു്. അസിസ്റ്റൻറു പേഷ്കാരന്മാരുടേയും, അസിസ്റ്റൻറു സെക്രട്ടറിമാരുടേയും നിയമനങ്ങളിൽ യോഗ്യതയുള്ള മുസ്ലീംസ് അപേക്ഷകന്മാരായിവന്നാൽ അവരെ അവഗണിക്കരുതെന്നാണ് എനിക്ക് ഗവണ്മെൻറിനോടു അപേക്ഷിക്കുവാനുള്ളതു്.

MR. K. P. KUCHUKORA THARAKAN: അസമത്വപ്രദേശങ്ങളിൽനിന്നും അസമത്വ സമുദായങ്ങളിൽനിന്നും അപേക്ഷകന്മാർ വരുമ്പോൾ അവരെ നിയമിക്കണമെന്നുള്ളതു് ചൂണ്ടിക്കാണിക്കാനല്ലേ ഈ ഉപക്ഷേപം കൊണ്ടു ഉദ്ദേശിച്ചിട്ടുള്ളതു്?

MR. P. S. MUHAMED: സമുദായ പ്രാതിനിധ്യവാദം ഈ പ്രകാരത്തിൽ വരുന്നതിനെയാണ് ഞാൻ എതിർത്തതു്.

MR. K. P. KOCHUKORA THARAKAN: പ്രകാരമേതാണെങ്കിലും ഉദ്ദേശമിതല്ലേ?

MR. P. S. MUHAMED: ആ ഉദ്ദേശത്തിനനുസരണമായ ഭാഷ ഇതിൽ ഉൾപ്പെടുത്താതിരുന്നതുകൊണ്ടാണ് അസുഖകരമായ രംഗം ഇവിടെ കാണേണ്ടിവന്നതു്.

അസിസ്റ്റൻറു പേഷ്കാരന്മാരുടേയും അതിന് മുകളിലുള്ള ഉദ്യോഗങ്ങളിലും സമുദായപ്രാതിനിധ്യം സ്വീകരിച്ചാൽ അതു നടപ്പിൽ വരുകയില്ല. എന്നാൽ എല്ലാ സമുദായങ്ങളിൽനിന്നുമുള്ള യോഗ്യന്മാരായ അപേക്ഷകന്മാരിൽനിന്നും തിരഞ്ഞെടുത്തു് കാര്യക്ഷമതക്ക് വിഘാതമില്ലാതെ വേണ്ടതു പ്രവർത്തിക്കണമെന്നു നമുക്കു പറയാം. അതിൽ വല്ല വീഴ്ചയും വരുത്തിയാൽ നമുക്കു പരാതിപ്പെടുകയും ചെയ്യാം.

MR. K. P. KOCHUKORA THARAKAN: ശരിയായ പരീക്ഷായോഗ്യതയുള്ളവരാണ് എന്നു് ഗവണ്മെൻറിന് ബോദ്ധ്യമുള്ളവർ എല്ലാ പ്രദേശത്തുമുണ്ടെങ്കിൽ പ്രാതിനിധ്യം കുറഞ്ഞ പ്രദേശത്തുള്ളവരെ നിയമിക്കരുതോ?

MR. P. S. MUHAMED : കാര്യക്ഷമതയുള്ള യോഗ്യന്മാർ വടക്കൻതിരുവിതാംകൂറിൽ ഉണ്ടെങ്കിൽ കാര്യക്ഷമതകുറഞ്ഞ തെക്കൻ തിരുവിതാംകൂറുകാരെ നിയമിക്കരുത്.

MR. K. P. KOCHUKORA THARAKAN : കാര്യക്ഷമത ഓരോ സമുദായങ്ങളിൽ നിന്നും മാറിക്കൊണ്ടിരിക്കുന്ന ഈ കാലത്ത് അത് ഓരോ പ്രദേശങ്ങളിലേക്കും മാറുകയില്ലേ?

MR. P. S. MUHAMED : സമുദായപ്രാതിനിധ്യമാണ് ഇന്നേവരെ മുറവിളി നടന്നുകൊണ്ടിരുന്നത്. അതുതന്നെ ഇവിടെ പൂർണ്ണമായിട്ടു സാധിച്ചിട്ടില്ല. അതിനേക്കാൾ അപ്രധാനമായ ഒരു വിഷയത്തിൽ പ്രവേശിക്കുന്നതിനു ഞാൻ തയാറില്ല.

MR. K. R. NARAYANAN: പ്രാദേശിക പ്രാതിനിധ്യം സമുദായപ്രാതിനിധ്യത്തിൽ വൈകല്യം ഉണ്ടാകാതിരുന്നാൽ അതു സ്വീകരിക്കരുതോ?

MR. P. S. MUHAMED : ഇവ രണ്ടും കൂട്ടിഇണക്കുന്ന ഒരു രംഗം ഉണ്ടാകുമ്പോൾ ആലോചിക്കാം.

MR. K. P. KOCHUKORA THARAKAN . അങ്ങിനെ കൂട്ടിഇണക്കിയ സമുദായ പ്രാതിനിധ്യമാണ് ഇവിടെ ഉദ്ദേശിച്ചിട്ടുള്ളത്.

MR. P. S MUHAMED : അസിസ്റ്റൻറു പേഷ്കാരന്മാരുടെ ഇടയിൽ ഈ രണ്ടു പ്രാതിനിധ്യവുംകൂടി സാധിക്കുകയില്ല.

MR. K. P. KOCHUKORA THARAKAN : അസിസ്റ്റൻറു പേഷ്കാരന്മാർ എത്രയുണ്ട്?

MR. P. S. MUHAMED : ഇവിടത്തെ പ്രധാനസമുദായ വിഭാഗങ്ങളുടെ എണ്ണത്തോളംതന്നെയില്ല.

MR. K, P. KOCHUKORA THARAKAN : തുല്യപരീക്ഷായോഗ്യതയുള്ള വടക്കൻ തിരുവിതാംകൂറിൽനിന്നും തെക്കൻ തിരുവിതാംകൂറിൽ നിന്നും രണ്ടു മുസ്‌ലിംസ് ഉദ്യോഗത്തിനു അപേക്ഷിക്കുകയാണെങ്കിൽ പ്രാതിനിധ്യം കുറഞ്ഞ പ്രദേശക്കാരനു കൊടുക്കരുതോ?

MR. P. S. MUHAMED : പ്രാതിനിധ്യം കുറഞ്ഞ പ്രദേശക്കാരൻ സെക്കൻറുക്ലാസ് ബി. ഏ. യും പ്രാതിനിധ്യം കൂടുതലുള്ള പ്രദേശക്കാരൻ ഫസ്റ്റുക്ലാസ്സ് ബി. ഏ. യും ആയിരുന്നാൽ മി. തരകൻെറ അഭിപ്രായം സ്വീകരിക്കുകയാണെങ്കിൽ സെക്കൻറുക്ലാസ്സ്കാരനെ നിയമിക്കേണ്ടിവരും. അതിനു ഞാൻ തയാറില്ല.

MR. K. P. KOCHUKORA THARAKAN : ഏതെങ്കിലും ഒരു സമുദായത്തിനു അവകാശപ്പെട്ട ഉദ്യോഗത്തിനു തുല്യയോഗ്യതയുള്ള രണ്ടോ നാലോ അപേക്ഷകന്മാരുണ്ടായിരുന്നാൽ അസമത്വ പ്രദേശത്തുകാരന് പ്രാതിനിദ്ധ്യം കൊടുക്കരുതോ?

MR. P. S. MUHAMED : അതുതന്നെയാണ് വിഷമം. അങ്ങിനെവരുമ്പോൾ അതിൽ ആരാണ് യോഗ്യനെന്നു കണ്ടുപിടിക്കാൻ പിന്നെയൊരു പരീക്ഷ നടത്തേണ്ടിവരും. ഗവണ്മെന്റിന്റെ ഇഷ്ടാനുസരണം രാജ്യത്തെ ഏതുഭാഗത്തുനിന്നും യോഗ്യന്മാരായ ആളുകൾക്കു ഉദ്യോഗം കൊടുക്കുന്നതു് എനിക്കു സമ്മതമാണു.

ഏതായാലും അസിസ്റ്റന്റു പേഷ്കാർ മുതലായ ഉദ്യോഗനിയമന വിഷയത്തിൽ പരാതിയുണ്ടാകാതിരിക്കത്തക്കവിധത്തിൽ ഗവണ്മെന്റു നോക്കി പ്രവർത്തിച്ചാൽകൊള്ളാമെന്നുള്ള അഭിപ്രായത്തോടുകൂടി വിരമിച്ചുകൊള്ളുന്നു.

MR. S. RAMAKRISHNA AIYAR: Sir, these Assistant Peishkars and the Assistant Secretaries belong to the same combined cadre of Assistant Peishkars and Assistant Secretaries. Appointments to this cadre are not ordinarily made by direct recruitment. These officers are appointed mostly by promotion from the cadre of Tahsildars and Secretariat Superintendents who have acquired enough experience in revenue work. Seniority and efficiency are the criteria for the promotion. The principle of communal representation has been accepted only in the matter of initial recruitments under the Public Service Recruitment Rules. It will be very hard to deny promotion to Tahsildars with ripe experience. It is true, Sir, that in the Revenue Department, all communities had not been properly represented. But since the separation of the Devaswom from the Revenue Department, adequate representation is given to all the communities and there has been improvement. At present in the combined cadre of Assistant Peishkars and Assistant Secretaries, there are 1 Brahmin, 5 Nairs, 3 other specified Hindus, 1 Ezhava and 3 Christians. As I have already submitted, these officers are recruited mainly from the cadre of Tahsildars and appointments to the Tahsildar's cadre are mostly from the grade of Magistrates. If we look into the number of Tahsildars and Magistrates together, at present there are 48 of them, of whom 8 are Brahmins, 13 Nairs, 4 other Hindus, 3 Ezhavas, 4 Muhammedans and 16 Christians.

MR. A. K. KUMARAN VAIDYAN : ൩ ഈഴവർ സർവീസിൽ ഉണ്ടെന്നു പറഞ്ഞല്ലോ; ആ മൂന്നുപേരും ഇപ്പോഴും സർവീസിൽ തന്നെയാണോ?

MR. S. RAMAKRISHNA AIYAR: The number of Ezhavas ought to be two, since one died recently.

MR. K. P. KOCHUKORA THARAKAN : ൭ന്നു ക്രിസ്ത്യാനികൾ എന്നു പറഞ്ഞതു ഏതെല്ലാം വിഭാഗത്തിൽപ്പെട്ടവരാണെന്നു പറയാൻ ദയവുണ്ടാകുമോ?

MR. S. RAMAKRISHNA AIYAR : പറയാം.

ലാററിൻ ക്രിസ്ത്യൻ	൭
എസ്സ്. ഐ. യു. സി.	൧
ജാക്കബൈററ്	൧
മാർത്തോമാ	൧
സിറിയൻ കാത്തോലിക്സ്	൧
മററു ക്രിസ്ത്യാനികൾ	൧

MR. K. R. NARAYANAN : സിറിയൻ കാത്തോലിക്ക് ക്രിസ്ത്യാനികൾ എത്രപേരുണ്ട്?

MR. S. RAMAKRISHNA AIYAR : മൂന്ന്.

It will be seen from this statement that there has been every attempt made by the Government to give adequate representation to all the communities. Till recently, there were two Ezhavas in this line. One was a Secretary to Government till a month back and another was an Assistant Peishkar, Secretary to Government and Peishkar and he retired recently. As for Syrian Catholics, there was one Assistant Peishkar. He was promoted as Secretary to Government and he is now a Peishkar.

As, therefore, attempt is being made by Government to give adequate representation to all the communities alike, I think the honourable member will not press his motion.

MR. K. P. KOCHUKORA THARAKAN : സെക്രട്ടറിയുടെ സമാധാനം കേട്ടതിൽ പ്രാദേശികമായിട്ടും സാമുദായികമായിട്ടും ഏകദേശം എല്ലാ സമുദായങ്ങൾക്കും ഒരുപോലെ ഉദ്യോഗപ്രാതിനിധ്യം ലഭിക്കത്തക്കവിധത്തിലേ മേലാൽ നിയമനങ്ങൾ നടത്തുകയുള്ളു എന്നു വിശ്വസിച്ചുകൊണ്ടു ഞാൻ ഈ കട്ട്മോഷനെ പിൻവലിച്ചുകൊള്ളുന്നു.

The motion was, by leave, withdrawn.

Motions Nos. 2 to 7.

The following motions were not moved.

MR. A. K. KUMARAN VAIDYAN:

2. To reduce the allotment of Rs. 22,170 for salaries by Re. 1.

MR. PULIYOOR T. P. VELAYUDHAN PILLAI:

3. To reduce the allotment of Rs. 22,170 for Assistant Peishkars by Re. 1

MR. PULIYOOR T. P. VELAYUDHAN PILLAI;

4. To reduce the allotment of Rs. 22,170 for Assistant Peishkars by Re. 1

MR. PULIYOOR T. P. VELAYUDHAN PILLAI:

5. To reduce the allotment of Rs. 22,170 for Assistant Peishkars by Re. 1.

MR. KAVIYOOR K. K. KOCHUKUNJU :

6. To reduce the allotment of Rs. 58,480 for Head Clerks and Clerks etc., by Re. 1.

MR. KAVIYOOR K. K. KOCHUKUNJU :

7. To reduce the allotment of Rs. 58,480 for Head Clerks and Clerks etc., by Re. 1.

Motion No. 8.

MR. P. V. MATHAI CHEMPARATHY : Sir, I move,

To reduce the allotment of Rs 68,800 for establishment by Re. 1.

My object in making this motion is to discuss the necessity for appointing information clerks in the Division Offices. I have brought this motion with a view to point out the practical difficulties that are being felt by the ryots. Often they have to go to the Division Cutcherry for information on various matters. But at present there is none there to give them any information. Any information that they are able to get, is due to the mercy of any clerk in the Cutcherry. But, as a matter of right, the ryot cannot demand any information. Now, there is ample scope for corruption in the department. The clerk that gives the information can easily get remuneration, but that is not by just means. On the other hand, if a clerk is specially appointed for giving information a fee may be charged upon any ryot who comes for information. If information has to be supplied, Government, as a matter of right, can levy a fee for that information.

This difficulty of the ryot is not only in respect of the Division Cutcherry, it is the same in the Taluk Office also. The ordinary ryots have to go to the Taluk Office also for information of various kinds, but, as I have stated already at present, there is none there to give the required information. But if such a clerk as I have suggested is appointed, in each Taluk Office and in each Division Cutcherry and if it is their duty to give the necessary information, the ryots will not experience any difficulty.

MR. KOTTALIL P. ABRAHAM : To what matters will the information relate?

MR. P. V. MATHAI CHEMPARATHY : It will relate to various matters. The information may be required in respect of some puduval matter or some application on matters dealt with in the Division Cutcherry. We know that petitions are not always presented through Advocates or Vakils. Very often they are presented by the ryots themselves.

MR. M. R. NARAYANA PILLAI : Is there not a Sheristadar in the Division Cutcherry?

MR. P. V. MATHAI CHEMPARATHY : There is, but I do not think it is his duty to give information connected with all the papers dealt with in the Cutcherry. Now, as a matter of right, nobody can go to him and ask him to supply the information. If approached, he may say that the matter is being attended to by some clerk and that that clerk should be approached. There may be good people who readily give

the information. But, as a matter of right, nobody can now demand of them any information. If an information clerk is appointed and he is approached for information which is not immediately available, he may tell the ryot that he can get the information if he comes after a few days. I think that will be a useful plan and that will also contribute very much to the prevention of corruption in the subordinate offices in the Revenue Department. It will certainly be very useful to the people. I would not have tabled this motion but for the actual difficulties felt by the ryots. As an experiment, the plan might be introduced in one Division Cutcherry and in one Taluk Office.

MR. PUTHUPALLI S. KRISHNA PILLAI: Is it not likely that such an information clerk will divulge confidential information?

MR. P. V. MATHAI CHEMPARATHY: I do not suggest that information of a confidential and secret nature should be given.

MR. PUTHUPALLI S. KRISHNA PILLAI: What is the sort of information that he should give? Is it whether a petitition has been rejected or admitted or what stage it is or whether a particular officer in supporting it or opposing it or what particular note a clerk has put up?

MR. P. V. MATHAI CHEMPARATHY: The information is not in regard to the note of the clerk or the nature of that note. Suppose, on account of some technical defect, a petition is recorded. Who is there in the Cutcherry now to give that information to the petitioner? But if a special clerk is appointed, such information will be forthcoming.

MR. PUTHUPALLI S. KRISHNA PILLAI: If a petition is defective, it is rejected. If it is done by the District Magistrate or the Division Peishkar, it is done in the open court and everything that is done in the open court known to the public.

MR. P. V. MATHAI CHEMPARATHY: With regard to revenue matters, very often orders are not passed in open court. It is only in the executive capacity that orders are being passed.

MR. K. R. NARAYANAN.; റവന്യൂമാറേറഴ്സിൽ പാസാകുന്ന സംഗതികളെപ്പററി മെംബർക്ക് അറിവു കിട്ടുന്നില്ലെന്നാണോ പറയുന്നത് ?

MR. P. V. MATHAI CHEMPARATHY; In many cases, we will not get it.

MR. K. R. NARAYANAN; ആഫീസിൽ ശിരസ്തദാരില്ലേ ?

MR. P. V. MATHAI CHEMPARATHY: Yes, there is the Sheristadar in the Division Office. But, I think it is not his duty to furnish any body with any information. As a matter of right no body can approach him and ask for any information.

MR. M. R. NARAYANA PILLAI: ശമ്പളം എന്തായിരിക്കമെന്നു പറയാമോ?

MR. P. V. MATHAI CHEMPARATHY: That the Government can very well decide it.

MR. P. S. MUHAMED : ഏതെങ്കിലും ഒരു ഇൻഫർമേഷൻ കൊടുക്കാനുള്ള സൌകര്യം കിട്ടിയാൽപോരെ.

MR. P. V. MATHAI CHEMPARATHY : ഏതെങ്കിലും ഒരു ക്ലാക്കിനെ ഇൻഫർമേഷൻ കൊടുക്കുന്നതിനു ചുമതലപ്പെടുത്തിയാൽ മതിയാകുന്നതാണു്.

MR. K. R. NARAYANAN : റെസ്പോൺസിബിലിററിയുള്ളതു് ശിരസ്തദാക്കല്ലേ?

MR. P. V. MATHAI CHEMPARATHY : ആയിരിക്കാം. Direction must be given for the supply of the necessary information. If there is a clerk appointed for that purpose, it will be easy for him to give the necessary information. With these observations I move this motion for the acceptance of the House.

DEPUTY PRESIDENT : Is the motion seconded ?

MR. P. S. MUHAMED : I support it.

MR. PULIYOOR T. P. VELAYUDHAN PILLAI : I rise to a point of order, whether it is necessary that a cut motion should be seconded. The ruling on the matter is otherwise.

DEPUTY PRESIDENT : The House will now adjourn and meet again at 11 O'clock on Monday next.

V. S. Arumukom Pillai,
Secretary to the Sri Mulam Assembly.